# കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.lfa.kerala.gov.in](www.lfa.kerala.gov.in)

# മലപ്പുറം ജില്ല്‌ലാപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

## 2015-16


കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എം.പി.എം23/1143/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി: 26-05-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മലപ്പുറം ജില്ലാ പഞ്ചായത്ത്

സർ,

വിഷയം :മലപ്പുറം ജില്ലാ പഞ്ചായത്ത് -2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3(2), 3(3), 3(17) ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-എം.പി.എം.23/1143/17

തിയ്യതി:26-05-2017

മലപ്പുറം ജില്ലാപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ജില്ലാ പഞ്ചായത്ത് 01-02-16 മുതൽ 30-09-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വി.കെ.ഷാജി,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 01-10-2016 മുതൽ 07-10-2016 വരെ<br>06-03-2017 മുതൽ 22-05-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.എ.എസ്.ഷാജഹാൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>(01-10-2016 മുതൽ 07-10-2016വരെ ) |
| | : | ശ്രീ.സതീഷ്.എം.പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | : | ശ്രീ.അബ്ദുൽ ജലീൽ.ടി.പി | ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ.അബ്ദുൽ സത്താർ സി.പി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മുഹമ്മദ് അലി.എം<br>ശ്രീമതി ടി.പി.സെൽമത്ത് | അസി.ഓഡിറ്റ് ഓഫീസർ<br>അസി.ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ.അബ്ദുൽ ഗഫൂർ.സി | അസി.ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ.മുഹമ്മദ്ഫസലുറഹ്മാൻ.എം | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മുഹമ്മദ് സലീം.ടി | അസി.ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ.വേലായുധൻ കെ.ജി | അസി.ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ.അഷ്റഫ്.കെ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീ.ഷാജഹാൻ ഖുറൈഷി.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി സുഹറ മമ്പാട് | 1.4.2015മുതൽ 31.10.15വരെ |
| | | 01-11-2015 മുതൽ 06-11-2015 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | |
| | | ശ്രീ.എ.പി ഉണ്ണികൃഷ്ണൻ | 7.11.15മുതൽ 31.3.2016വരെ |
| സെക്രട്ടറി | : | ശ്രീ.എ.അബ്ദുൽ ലത്തീഫ് | 1.4.2015 മുതൽ 31.3.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസ.എക്സി.എഞ്ചിനീയർ(കൃഷി)ആനക്കയം | | ശ്രീമതി.പ്രഭാദേവി.പി.എസ് | 1.4.15മുതൽ 31.3.16വരെ |
| വിദ്യാഭ്യാസ ഉപഡയറക്ടർ | | ശ്രീമതി.ജയന്തി.ടി.കെ | 1.4.15മുതൽ 30.4.15 FNവരെ |
| | | ശ്രീ.നീലകണ്ഠൻ.പി(ഇൻ ചാർജ്ജ്) | 1.5.15 മുതൽ 24.8.15 വരെ |
| | | ശ്രീ.സഫറുള്ള പി | 24.8.15 (AN) മുതൽ 31.3.16 വരെ |
| ജില്ലാ പട്ടികജാതി ഓഫീസർ | | ശ്രീ.കെ.പി.കൃഷ്ണകുമാർ | 1.4.15 മുതൽ31.7.15വരെ |
| | | ശ്രീമതി. ലതാനായർ.പി | 4.8.15 മുതൽ 31.3.16 വരെ<br>(01-08-2015 മുതൽ 03-08-2015വരെ ആർക്കും ചുമതലയില്ല ) |
| ഡെപ്യൂട്ടിഡയറക്ടർ<br>(ക്ഷീര വികസനം) | | ശ്രീ.എസ് ശ്രീകുമാർ | 1.4.15മുതൽ 31.3.16വരെ |
| ജില്ലാ സാമൂഹ്യ നീതി ഓഫീസർ | | ശ്രീ.സി.ആർ.വേണുഗോപാലൻ | 1.4.15മുതൽ30.10.15ANവരെ |
| | | ശ്രീ. കെ.വി.സുഭാഷ് കുമാർ | 30.10.15ANമുതൽ29.03.16FNവരെ |

| | | |
|---|---|---|
| | ശ്രീ.എ.കൃഷ്ണൻകുട്ടി(SSചാർജ്) | 29.03.16AN 31-03-2016 |
| ഡി.എം.ഒ(ആരോഗ്യം) | ഡോ.ഉമ്മർഫാറൂഖ് | 1.4.15 മുതൽ 31.3.16 വരെ |
| ഡി.എം.ഒ(എെ.എസ്.എം) | ഡോ.ലീന | 1.4.15മുതൽ 31.3.16വരെ |
| മാനേജർ ,ജില്ലാവ്യവസായകേന്ദ്രം | ശീ.അബ്ദുൽ മജീദ്.കെ.ടി<br>ശ്രീമതി.കെ.ജയകുമാരി | 1.4.15മുതൽ 25.6.15വരെ<br>26.6.15മുതൽ31.3.16 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.മുഹമ്മദ് ബഷീർ.ടി | 1.4.15മുതൽ 31.3.16വരെ |
| ഫാം സൂപ്രണ്ട് ജില്ലാ കൃഷിത്തോട്ടം | ശ്രീ.കെ.എസ് കുര്യച്ചൻ | 1.4.15മുതൽ 31.3.16വരെ |
| സൂപ്രണ്ട് ജില്ലാ ആശുപത്രി പെരിന്തൽമണ്ണ | ഡോ.ഷാജി.എ | 1.4.15 മുതൽ 31.3.16വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ ആയുർവ്വേദം<br>വളവന്നൂർ | ഡോ.ടി.ഭാമിനി | 1.4.15മുതൽ31.3.16വരെ |
| സൂപ്രണ്ട് ജില്ലാ ഹോമിയോ<br>ആശുപത്രി മുണ്ട്പറമ്പ് | ഡോ.മുഹമ്മദ് സലീം | **1.4.15** മുതൽ **31.5.15** വരെ |
| | ഡോ.ഗോപിനാഥ് | **31.5.15 (AN)**മുതൽ**10.10.15**വരെ |
| | ഡോ.ദേവദാസ് | **10.10.15(AN)**മുതൽ **31.3.16**വരെ |
| സീനിയർ കൃഷി ഓഫീസർ<br>തവനൂർ | ശ്രീമതി.സക്കീന ബാനു .ഇ.പി | **1.4.15** മുതൽ **31.3.16** വരെ |
| സൂപ്രണ്ട് ,ജില്ലാ ആശുപത്രി,നിലമ്പൂർ | ഡോ.ടി.സീമാമു | **1.4.15** മുതൽ **31.3.16** വരെ |
| സീനിയർ കൃഷി ഓഫീസർ<br>കോക്കനട്ട് നഴ്സറി,പരപ്പനങ്ങാടി | ശ്രീ.ഒ.പ്രസന്നൻ | **1.4.15** മുതൽ **31.3.16** വരെ |
| വെറ്റിനറി സർജൻ<br>ജില്ലാ കോഴിവളർത്തുകേന്ദ്രം,ആതവനാട് | ഡോ. മഹേഷ് | **1.4.15** മുതൽ **01.6.15** വരെ |
| | ഡോ.സി. മധു. | **1.6.15** മുതൽ **31.3.16** വരെ |
| സീനിയർ കൃഷി ഓഫീസർ<br>സ്റ്റേറ്റ് സീഡ് ഫാം,ചോക്കാട് | ശ്രീ.ബിജു പി മാത്യു | 01-04-15 **മുതൽ** 31-03-16 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 | |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 | |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 | |
| | **ഭാഗം 2** | | |
| 10 | വാടക വരവുകണക്കുകളിലെ അപാകതകൾ | 2-1 | |
| 11 | കോക്കനട്ട് നഴ്സറി - വില്പന ഇനത്തിൽ ലഭിക്കേണ്ട തുകകൾ കുടിശ്ശികയായി അവശേഷിക്കുന്നു | 2-2 | |
| 12 | നെൽ/ പച്ചക്കറി വിത്തുകളുടെ വില കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി നൽകുന്നില്ല | 2-3 | |
| | **ഭാഗം 3** | | |
| 13. | പൊതു അവധി ദിവസങ്ങളിലും ദിവസവേതനക്കാർ അനർഹമായി വേതനം കൈപ്പറ്റുന്നു | 3-1 | |
| 14. | ഹൈസ്കൂൾ /ഹയർസെക്കന്ററി സ്കൂളുകളിൽ സാനിറ്ററി വെന്റിംഗ് മെഷീൻ സ്ഥാപിക്കൽ-മെഷീനുകൾ മിക്കതും ഉപയോഗ ശൂന്യം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-2 | |
| 15. | പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ<br>റാന്റം റബിൾ മേസിനറിക്ക് മുകളിൽ സിമന്റ് കോൺക്രീറ്റ് ബെൽറ്റ്, പ്ളാസ്റ്ററിംഗ് എന്നിവ അനുവദിച്ചത് | 3-3 | |

| | | | | |
|---|---|---|---|---|
| 16. | കാഴ്ച പരിമിതിയുള്ള അധ്യാപകർക്ക് ലാപ്ടോപ്പ് നൽകൽ-ക്രമവിരുദ്ധമായ ചെലവ് | 3-4 | | |
| ~~17.~~ | തണൽക്കൂട്ട് എന്ന പേരിൽ പൊതു പണം പാഴ്ച്ചെലവാക്കുന്നു | ~~3-5~~ | | |
| 18. | എച്ച്.ഐ.വി രോഗികൾക്കുള്ള പോഷകാഹാര പദ്ധതി--അപാകതകൾ | 3-6 | | |
| 19. | ടി.ബി.രോഗികൾക്കുള്ള പോഷകാഹാര പദ്ധതി-അപാകതകൾ | 3-7 | | |
| 20. | വിജയഭേരി--സിവിൽ സർവ്വീസ് പരിശീലനം നൽകിയത് ക്രമവിരുദ്ധം | 3-8 | | |
| 21. | ആയുർ സ്പർശം-പരിരക്ഷാ പദ്ധതി--നിർവ്വഹണത്തിലെ അപാകതകൾ | 3-9 | | |
| 22. | ജില്ലാ കൃഷിത്തോട്ടം,ചുങ്കത്തറ—വരവ് ചെലവ് കണക്കുകളിലെ അപാകതകൾ/ഓഡിറ്റ് നിരീക്ഷണങ്ങൾ | 3-10 | | |
| 23. | സ്റ്റേറ്റ് സീഡ് ഫാം തവനൂർ - പ്രവർത്തന നേട്ടങ്ങളും അപാകതകളും | 3-11 | | |
| 24. | ആതവനാട് പൗൾട്രി ഫാം - സ്ഥാപിത ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നില്ല – ആസ്തികൾ ഉപയോഗിക്കാതെ കിടക്കുന്നു. | 3-12 | | |
| 25. | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി തയ്യാറാക്കി | 3-13 | | |
| 26. | ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതി--ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ ക്രമീകരണ വിവരമില്ല | 3-14 | | |
| 27. | ജില്ലാ പഞ്ചായത്ത് ഓഫീസ് പ്ളംബിംഗ്,വയറിംഗ് പുനരുദ്ധാരണം-അപാകതകൾ | 3-15 | | |
| 28. | മങ്കട പള്ളിപ്പുറംGHSS -ൽ ലാബ് സെറ്റിംഗ്-അപാകത | 3-16 | | |
| 29. | വാദ്യോപകരണങ്ങൾ നൽകൽ പ്രൊജക്ട് :അപാകതകൾ | 3-17 | | |
| 30. | മൊബൈൽ പാൽ ഗുണമേൻമാ നിർണ്ണയ ലാബ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-18 | | |
| 31. | GIFD സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -അപാകത | 3-19 | | |
| 32. | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 3-20 | | |
| 33. | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-21 | | |
| 34. | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-22 | | |
| 35. | മരാമത്ത് പ്രവൃത്തി വിഭജിച്ച ടെണ്ടർ നടപടി പാലിക്കാതെ നടപ്പിലാക്കി. | 3-23 | | |
| 36. | ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ | 3-24 | | |
| 37. | ഗുണഭോക്തൃ പ്രവൃത്തികൾ - വാറ്റ് അധികം അടവാക്കി. | 3-25 | | |
| 38. | സാങ്കേതികാനുമതിയിൽ പരിമിതപ്പെടുത്തി ടെണ്ടർ വ്യതിയനം കുറവ് ചെയ്യാത്തത്-സംബന്ധിച്ച് | 3-26 | | |
| 39. | കിളച്ച മാറ്റിയ മണ്ണിന്റെ disposal വിവരം ലഭ്യമല്ല | 3-27 | | |
| 40. | സാങ്കേതികാനുമതിയിൽ പരിമിതപ്പെടുത്താതെ പണം നൽകി ₹ 7116 നഷ്ടം | 3-28 | | |
| 41 | ഡ്രൈനേജ് പ്രവൃത്തി ഫോം വർക്ക് – അധികം തുക നൽകി 25281/-നഷ്ടം | 3-29 | | |
| 42. | സെപ്റ്റിക് ടാങ്ക് പ്രവൃത്തി - അധികം തുക നൽകി ₹ 82514 നഷ്ടം | 3-30 | | |
| 43. | റോഡ് കട്ടിംഗിന് ഉയർന്ന നിരക്ക് അനുവദിച്ചത് | 3-31 | | |
| 44. | ലാറ്ററൈറ്റ് മേസിനറി അനുവദനീയമായതിലും കൂടുതലായ നിരക്ക് അനുവദിച്ചത് | 3-32 | | |
| 45. | ഫോം വർക്ക് അധിക നിരക്ക് നൽകിയ 400467/-രൂപ നഷ്ടം | 3-33 | | |
| 46. | കുടിവെള്ള പദ്ധതി – ഉയർന്ന നിരക്ക് നൽകി -167450/-രൂ | 3-34 | | |
| 47 | സാങ്കേതികാനുമതിയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ച് നൽകി | 3-35 | | |
| 48. | സാങ്കേതികാനുമതിയിൽ പരിമിതപ്പെടുത്തി ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തത് സംബന്ധിച്ച് | 3-36 | | |
| 49 | കിളച്ചമാറ്റിയ മണ്ണിന്റെ ഡിസ്പോസൽ വിവരം ലഭ്യമല്ല | 3-37 | | |
| 50 | റാന്റം റബിൾ മേസനറിക്ക് മുകളിൽ സിമന്റ് കോൺക്രീറ്റ് ബെൽറ്റ് പ്ലാസ്റ്ററിംഗ് എന്നിവ അനുവദിച്ചത് | 3-38 | | |
| 51 | പോട്ട് ഹോൾ ഫില്ലിംഗ് അളവ് തെറ്റായി അനുവദിച്ചത് | 3-39 | | |

| | | | |
|---|---|---|---|
| 52 | കിണറിന് അധിക അളവ് അനുവദിച്ചത് | 3-40 | |
| 53 | മൂല്യ നിർണ്ണയത്തുകയേക്കാൾ അധികരിച്ച് തുക നൽകി | 3-41 | |
| 54 | ഡ്രൈനേജ് സൈഡ് വാൾ പ്രവൃത്തി. അധിക നിരക്ക് നൽകി | 3-42 | |
| 55 | കോൺക്രീറ്റ് പ്രവർത്തി അധിക നിരക്ക് നൽകി | 3-43 | |
| 56 | ഫില്ലിംഗ് അനുവദിച്ച പ്രതലത്തിൽ സബ് ഗ്രേഡ് ഫോർമേഷൻ അനുവദിച്ചത് | 3-44 | |
| | ഭാഗം 4 | | |
| 57 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 58 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 59 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 60 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 61 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 62 | ഓഡിറ്റ് റിക്കവറി | 4-6 | |
| 63 | സമാഹൃത റിപ്പോർട്ടിൽ ഉൾപെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ ഓഡിറ്റ് പ്രത്യവലോകനം | 4-7 | |
| 64 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 65 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 15.3.2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 30.5.16 | - | - |

(

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 17.5.16 | |

അക്കൗണ്ട് സർട്ടിഫിക്കേഷനിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1- അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2- സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3- റസീപ്റ്റ് & പേയ്മെന്റ് പത്രിക എല്ലാമാസവും 10 -ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നില്ല

4- ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.
5- ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിത്തുൽപാദന കേന്ദ്രങ്ങളുടെ ആസ്തി ബാധ്യതകൾ സംബന്ധിച്ച വിവരങ്ങൾ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -345792529

വരവ് -758723819

ആകെ -1104516348

ചെലവ് -1032668215

നീക്കിയിരിപ്പ്-71848133

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1399205331 | 461849000 | 601769533 | 483192022 | 11857751 | 100 |
| വികസനഫണ്ട് എസ്.സി.പി. | 47042652 | 156476000 | 203518653 | 160766109 | 42752453 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 2800000 | 9207000 | 12007000 | 11946190 | 60810 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 47157224 | 177024000 | 224181224 | 182677753 | -41503471 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 24825492 | 0 | 24825492 | 3455860 | 21369636 | |
| ബി ഫണ്ട് | 0 | 55854858 | 55854858 | 55854858 | | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1065 | 1207869181 | 756 | 945676119 | - | 309 | 70.98% |
| | | | | | | |

അംഗീകാരം നേടിയ പ്രൊജക്ടുകൾ 70.98ശതമാനം പ്രൊജക്ടുകൾ മാത്രമേ തൻവർഷംനടപ്പിലാക്കിയിട്ടുള്ളു. പദ്ധതി നിർവ്വഹണത്തിൽ അലംഭാവം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.5.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 109850രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-8 ആഭ്യന്തരനിയന്ത്രണം.

ജില്ലാ പഞ്ചായത്ത് ഭരണ സമിതി മിനുട്സ്ബുക്ക് സൂക്ഷിപ്പ് തൃപ്തികരമല്ല.

1995 – ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടി ക്രമം ) ചട്ടങ്ങളിലെ ചട്ടം 26 (3) പ്രകാരം പഞ്ചായത്ത് യോഗത്തിൽ പാസ്സാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാന രജിസ്റ്ററും പഞ്ചായത്തിന്റെ യോഗനടപടി ക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനുട്സ് ബുക്കും ഉണ്ടായിരിക്കേണ്ടതും അവയിൽ മുൻകൂട്ടി ക്രമമായി പേജ് നമ്പർ രേഖപ്പെടുത്തേണ്ടതും അവ സെക്രട്ടറിയുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണ്.

എന്നാൽ ജില്ലാ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ഭരണ സമിതി മിനുട്സ് ബുക്ക് ഡി.ടി.പി പ്രിന്റെടുത്ത് ബൈന്റ് ചെയ്തിരിക്കുകയാണ്. പ്രിന്റുകൾ ബൈന്റ് ചെയ്തതിന് ശേഷം മെഷീൻ നമ്പർ ചേർക്കുന്നതാകയാൽ മിനുട്സ് ബുക്കിൽ തിരുത്തലുകൾ വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ നടത്തുകയോ ചെയ്യുന്നതിനുള്ള സാധ്യത കൂടുതലാണ്. ചട്ട വിരുദ്ധമായി ഇത്തരത്തിൽ മിനുട്സ് ബുക്ക് തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണ്. മാനുവൽ രജിസ്റ്ററിൽ പ്രിന്റുകൾ ഒട്ടിച്ച് വെക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനിയർ – രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

1) എക്സിക്യൂട്ടീവ് എഞ്ചിനിയർ നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ ചെലവ് രേഖകൾ കാഷ്ബുക്കിലെ ചെലവ് ക്രമത്തിൽ വൗച്ചർ നമ്പർ നൽകി ക്രമമായി സൂക്ഷിക്കുന്നില്ല.

2) വർക്ക് ഫയലുകളുടെ കൂടെ ട്രഷറിബില്ലിന്റെ പകർപ്പ് സൂക്ഷിക്കാത്തതിനാൽ വിവിധ പ്രവൃത്തികളിൽ പിൻവലിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിന് പ്രയാസം നേരിടുന്നു.

3) പ്രൊജക്റ്റ് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-01-2017-31-01-2017 | 04-02-2016 മുതൽ 12-01-17 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.3.16,4.5.2016 മുതൽ 1.6.2016 | 2012-13 മുതൽ 14-15 | 29.7.16 |

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക വരവുകണക്കുകളിലെ അപാകതകൾ

ജില്ലാ പഞ്ചായത്ത് വാടക സംബന്ധിച്ച ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള താഴെ പറയുന്ന വ്യവസായകേന്ദ്രങ്ങളിൽനിന്നുള്ള വാടകപിരിവു കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ജില്ലാ വ്യവസായകേന്ദ്രം മാനേജർ ആണ്. മാനേജർ ഹാജരാക്കിയ പ്രതിമാസ വാടക സംബന്ധിച്ച രജിസ്റ്റർ പ്രകാരം ഭീമമായ തുക വാടക പിരിച്ചെടുക്കാൻ കുടിശ്ശികയുണ്ട്. സംരംഭകരിൽ നിന്നും പിരിച്ചെടുക്കേണ്ട വാടക സംബന്ധിച്ച പ്രതിമാസ/വാർഷിക കണക്കുകൾ തയ്യാറാക്കുകയോ ഇത് ജില്ലാ പഞ്ചായത്തിന് കൈമാറുകയോ ചെയ്തിട്ടില്ല.

1. പോരൂർ പട്ടിക ജാതി വനിത വ്യവസായ എസ്റ്റേറ്റ്- ആകെ 10 ഷെഡ്ഡുകൾ ഉള്ളതിൽ എൽ.1 ഷെഡ്ഡിന് ശ്രീമതി. സൗമ്യ 1000 രൂപയും എൽ.2ഷെഡ്ഡിന് ശ്രീമതി .ബിനുജ 1000 രൂപയും 15-16 -ൽ അടവാക്കിയിട്ടുണ്ട്. ഷെഡ്ഡുകളുടെ വിനിയോഗം സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ആകെ ഡിമാന്റ് തിട്ടപ്പെടുത്താൻ പര്യാപ്തമല്ല. രജിസ്റ്ററുകൾ കാലികമാക്കി ഡിമാന്റ് & അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കുകയും തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

2. കിൻഫ്ര ടെക്സ്റ്റോപാർക്ക് - കാക്കഞ്ചേരി.13.9.2007- ലെ വി.എം.198/04 നമ്പർ ഉത്തരവ് പ്രകാരം സ്പെയ്സ് അലോട്ട് ചെയ്ത് നൽകിയ സംരംഭകർ.

| ക്രമ നമ്പർ | സംരംഭകൻ | സ്പെയ്സ് അലോട്ട് ചെയ്യത്ത തിയ്യതി | പ്രതിമാസ വാടക | 31.3.16 വരെ അടച്ച തുക |
|---|---|---|---|---|
| 1 | കിളിയമണ്ണിൽ യാക്കൂബ് | 13.9.07 | 1411 | 78756 |

| | | | | |
|---|---|---|---|---|
| 2 | അബ്ദുൽ റസാക്ക് വരിക്കോടൻ | 13.9.07 | 1540 | 85993 |
| 3 | രാജേഷ് കരുവത്ത് | 13.9.07 | 1540 | 85993 |
| 4 | മുജീബ് കക്കോടി | 13.9.07 | 1540 | 85993 |
| 5 | ഫസൽ വരിക്കോടൻ | 13.9.07 | 1540 | 85993 |
| 6 | നാഫിഹ്. പി | 13.9.07 | 1411 | 78756 |
| 7 | അബ്ദുൽ ഗഫൂർ | 13.9.07 | 1411 | 78756 |
| 8 | മുഹമ്മദ് ജഫ്സൽ | 13.9.07 | 1411 | 78756 |
| 9 | വിനോദ്.പി | 13.9.07 | 441 | 11646 |
| 10 | പ്രകാശ്. പി | 13.9.07 | 441 | 21778 |
| 11 | ഹംസ അഞ്ചുമുക്കിൽ | 13.9.07 | 662 | 32679 |
| 12 | മുഹമ്മദ് ആഷിർ. എൻ. | 13.9.07 | 441 | 21469 |
| 13 | മുഹമ്മദ് സഫീർ എ. | 13.9.07 | 1632 | 79005 |
| ആകെ പിരിച്ചെടുത്ത തുക | | | | 825573 |

കിൻഫ്ര ടെക്നോപാർക്കിൽ സ്പെയ്സ് അനുവദിച്ച സംരംഭകരും ജില്ലാ പഞ്ചായത്തും ഒപ്പ് വെച്ച കരാറിന്റെ അടിസ്ഥാനത്തിൽ 13.9.07 മുതൽ 31.3.16 വരെ പിരിച്ചെടുക്കേണ്ട വാടകയുടെ കണക്കുകൾ താഴെ ചേർക്കുന്നു.(102 മാസം + 19 ദിവസത്തേക്ക്)

| ക്രമ നമ്പർ | സംരംഭകൻ | ഈടാക്കേണ്ട വാടക. |
|---|---|---|
| 1 | കിളിയമണ്ണിൽ യാക്കുബ് | 144787 |
| 2 | അബ്ദുൽ റസാക്ക് വരിക്കോടൻ | 158024 |
| 3 | രാജേഷ് കരുവത്ത് | 158024 |
| 4 | മുജീബ് കക്കോടി | 158024 |
| 5 | ഫസൽ വരിക്കോടൻ | 158024 |
| 6 | നാഫിഹ്. പി | 144787 |
| 7 | അബ്ദുൽ ഗഫൂർ | 144787 |
| 8 | മുഹമ്മദ് ജഫ്സൽ | 144787 |
| 9 | വിനോദ്.പി | 45252 |
| 10 | പ്രകാശ്. പി | 45252 |
| 11 | ഹംസ അഞ്ചുമുക്കിൽ | 67930 |
| 12 | മുഹമ്മദ് ആഷിർ. എൻ. | 45252 |
| 13 | മുഹമ്മദ് സഫീർ എ. | 167464 |
| | ആകെ | 1582394 |

ഈ 1582394രൂപയിൽ 185052 രൂപ തൻവർഷ ഡിമാന്റും 1397342 രൂപ കുടിശ്ശികയുമാണ്. ജില്ലാ പഞ്ചായത്ത് 10 വർഷത്തോളമായി വാടകക്ക് നൽകിയ സ്ഥലത്തിന്റെ വാടക പിരിച്ചെടുക്കാൻ സംരംഭകർക്ക് നാളിത് വരെ ഒരു കത്ത് പോലും നൽകിയിട്ടില്ല. ജില്ലാ പഞ്ചായത്ത് കിൻഫ്രക്ക് നൽകാൻ ബാധ്യസ്ഥമായ കോമൺ ഫെസിലിറ്റി ചാർജും അതിന്റെ സേവന നികുതിയും കുടിശ്ശികയാകുമ്പോൾ കിൻഫ്ര ജില്ലാ പഞ്ചായത്തിന് നോട്ടീസയക്കുന്നുണ്ട്. ഈ തുക സംരംഭകർക്കിടയിൽ ആനുപാതികമായി വിഭജിച്ച് അതിനുള്ള മാത്രമാണ് ജില്ലാ പഞ്ചായത്ത് സംരംഭകർക്ക് നോട്ടീസ് നൽകി പിരിച്ചെടുക്കുന്നത്. 2006 ജനവരി 30-ന് കിൻഫ്രയും ജില്ലാ പഞ്ചായത്തും പാട്ട കരാർ ഒപ്പ് വെച്ചതിനാൽ 2006 ഫെബ്രുവരി മുതൽ കോമൺ ഫെസിലിറ്റി ചാർജ് ഈടാക്കുന്നുണ്ട്. കിൻഫ്രയുടെ 1.8.2016 -ലെ KIN/IX/KTIP/NS/MDP/2016/284 നമ്പർ കത്തിൽ 2006 ഫെബ്രുവരി മുതൽ 2016 ഓഗസ്റ്റ് വരെ ജില്ലാ പഞ്ചായത്ത് കിൻഫ്രക്ക് നൽകേണ്ടതും നൽകിയതുമായ പ്രതിമാസ ചാർജുകൾ സംബന്ധിച്ച വിശദമായ കണക്കുകൾ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2016 മാർച്ച് 31 വരെയുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

| നൽകാനുള്ളത് | | | നൽകിയത് | | | | ബാലൻസ് | |
|---|---|---|---|---|---|---|---|---|
| സി.എഫ്.സി | സേവനനികുതി | ആകെ | സി.എഫ്.സി | സേവന | പലിശ | ആകെ | സി.എഫ്.സി | സേവന |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | നികുതി | | | | നികുതി |
| 614360 | 53945 | 668305 | 527706 | 47114 | 183612 | 758432 | 86654 | 6831 |

സംരംഭകരിൽനിന്നും ആകെ 825573 രൂപ പിരിച്ചെടുക്കുകയും 758432 രൂപ കിൻഫ്രക്ക് നൽകുകയും ചെയ്തു. 31.3.16 വരെ പലിശയൊഴികെ കിൻഫ്രക്ക്(86654+6831 ) 93485 രൂപ + പലിശ നൽകാനുണ്ട്. അതായത് ജില്ലാ പഞ്ചായത്തിന്റെ തനത് വരുമാനമായ വാടക പിരിച്ചെടുക്കുന്നില്ലെന്ന മാത്രമല്ല, സംരംഭകരിൽനിന്നും ഈടാക്കി കിൻഫ്രക്ക് നൽകേണ്ട തുക പോലും യഥാസമയം നൽകുന്നില്ല. ജില്ലാ പഞ്ചായത്തിന്റെ 2012-13 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5- (ii)-4-ൽ "വാടക പിരിച്ചെടുക്കുന്നതിനു പകരം കിൻഫ്രയുടെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക മാത്രം പിരിച്ചെടുക്കുന്നതിലേക്ക് ജില്ലാ പഞ്ചായത്ത് മാറി പോകുന്നു" എന്ന പരാമർശം ഉൾപ്പെടുത്തി ഈ ഗുരുതരമായ വീഴ്ച ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. ഈ ഓഡിറ്റ് റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്ത് 15.5.2015-ലെ പി.1/775/15 നമ്പറായി ഓഡിറ്റിന് നൽകിയ പ്രഥമ മറുപടിയിൽ കുടിശ്ശിക വാടക പിരിച്ചെടുക്കാനുള്ള നടപടികൾ തുടർന്നു വരുന്നുണ്ട് എന്നറിയിച്ചതാണ്. എന്നാൽ 1.8.2016 -ലെ KIN/IX/KTIP/NS/MDP/2016/284 നമ്പർ കത്തിൽ 2016 ഓഗസ്റ്റ് 31- ന് ജില്ലാ പഞ്ചായത്ത് കിൻഫ്രക്ക് നൽകാൻ അവശേഷിക്കുന്ന ആകെ കുടിശ്ശിക 162058 രൂപയാണെന്നറിയച്ചതിന്റെ അടിസ്ഥാനത്തിൽ 25.8.2016 -ന്ന് വി.എം. 198/04 നമ്പർ കത്തിൽ ജില്ലാ വ്യവസായകേന്ദ്രം മാനേജർ സംരംഭകരോട് ആവശ്യപ്പെട്ടത് ഈ 162058 രൂപ മാത്രം അടക്കാനാണ്.

ജില്ലാ പഞ്ചായത്ത് ഭീമമായ തുക വാടക പിരിച്ചെടുക്കാനുണ്ടെങ്കിലും 2015-16 ലെ വാർഷിക കണക്ക് പ്രകാരം കുടിശ്ശികയില്ല. വാർഷിക കണക്ക് പ്രകാരം വാടകയിനത്തിലെ തൻവർഷ വരുമാനവും പിരിവും 113800 രൂപയാണ്.ഇതിൽ 111800 രൂപ ജില്ലാ അക്ഷയ പ്രൊജക്ട് സെക്രട്ടറിയിൽനിന്നും പിരിച്ചെടുത്തതാണ്. ഇവരിൽനിന്നും 2015 ഡിസമ്പർ വരെയുള്ള വാടക മാത്രമേ തൻവർഷം ഈടാക്കിയിട്ടുള്ളൂ. കുടിശ്ശിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ജില്ലാ പഞ്ചായത്തിന് ലഭിക്കാനുള്ള തുകകളുടെ ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ച് തുക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതാണ്.

## 2-2 കോക്കനട്ട് നഴ്സറി - വില്പന ഇനത്തിൽ ലഭിക്കേണ്ട തുകകൾ കുടിശ്ശികയായി അവശേഷിക്കുന്നു.

പരപ്പനങ്ങാടി തെങ്ങിൻതൈ ഉൽപാദന കേന്ദ്രത്തിൽ നിന്നും 2015-16 വർഷത്തിൽ വിവിധ ഇനങ്ങളിലുള്ള തെങ്ങിൻതൈകൾ, കുരുമുളക് തൈകൾ, എന്നിവ മലപ്പുറം ജില്ലയിലെയും വയനാട് ജില്ലയിലെയും വിവിധ കൃഷിഭവനുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അവയുടെ ഇനം , എണ്ണം , വില , തൻവർഷത്തിൽ ലഭിച്ച തുക , ലഭിക്കാൻ അവശേഷിക്കുന്ന തുക എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ഇനം | വില(രൂപ) | വിൽപന നടത്തിയ എണ്ണം | ആകെ തുക(ഡിമാന്റ്) | തൻവർഷത്തിൽ ലഭിച്ച തുക(കളക്ഷൻ) | ലഭിക്കാൻ അവശേഷിക്കുന്ന തുക (ബാലൻസ്) |
|---|---|---|---|---|---|---|
| മലപ്പുറം | WCT | 75 | 6099 | 457425 | 1061200 | 162975 |
| | TxD | 125 | 1920 | 240000 | | |
| | DWARF | 75 | 1700 | 127500 | | |
| | Pepper | 5 | 79850 | 399250 | | |
| വയനാട് | WCT | 75 | 6000 | 450000 | 262500 | 187500 |
| ആകെ | | | | 1674175 | 1323700 | 350475 |

ഇപ്രകാരം ലഭിക്കാൻ അവശേഷിക്കുന്ന 350475/- രൂപ അതാത് കൃഷിഭവനുകളിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ , ഓരോ വർഷത്തിലും വിൽപ്പന ഇനത്തിലുള്ള ഡിമാന്റ്- കളക്ഷൻ- ബാലൻസ് പത്രിക സ്ഥാപനം തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് കൈമാറേണ്ടതും ജില്ലാ പഞ്ചായത്ത് ആയതു സംബന്ധിച്ച വിവരങ്ങൾ ഓരോ വർഷത്തേയും വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 2-3 നെൽ/ പച്ചക്കറി വിത്തുകളുടെ വില കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി നൽകുന്നില്ല

2015-16 -ൽ ആനക്കയം സീഡ് ഫാമിൽ ഉൽപാദിപ്പിച്ച നെൽ/ പച്ചക്കറി വിത്തുകൾ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് വിൽപന നടത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വില നാളിത് വരെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | അളവ് | തുക | റിമാർക്സ് |
|---|---|---|---|---|
| ~~1~~ | ~~നെൽവിത്ത്(വിരിപ്പ്)~~ | ~~12030~~ | ~~366113~~ | ~~401 ചാക്ക്~~ |
| 2 | നെൽവിത്ത്(മുണ്ടകൻ) | 10410 | 316811 | 347 ചാക്ക് |
| 3 | പച്ചക്കറി വിത്ത് | 33.2 | 27036 | പയർ,വെള്ളരി, വെണ്ടതുടങ്ങിയവയുടെ വിത്തുകൾ |
| | ആകെ | | 7,09,960 | |

പ്രസ്തുത തുക അനുവദിച്ച് തരുന്നതിനായി സീനിയർ കൃഷി ഓഫീസർ , സ്റ്റേറ്റ് സീഡ് ഫാം, ആനക്കയത്തിന്റെ 01-12-16 -ലെ എസ്.എസ്.എഫ്/എ.കെ.എം/16-17, 25-04-17 –ലെ എസ്.എസ്.എഫ്/ എ.കെ.എം/17-18 എന്നീ നമ്പർ കത്തുകൾ പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസർ, മലപ്പുറത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും കുടിശ്ശിക തുക നാളിത് വരെ ലഭിച്ചിട്ടില്ല. തുക ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതു അവധി ദിവസങ്ങളിലും ദിവസവേതനക്കാർ അനർഹമായി വേതനം കൈപ്പറ്റുന്നു

ജില്ലാ പഞ്ചായത്തിൽ ദിവസ വേതനത്തിന് ജോലി ചെയ്യുന്ന ജീവനക്കാർ പൊതു അവധി ദിവസങ്ങളിലും ഓഫീസിൽ ഹാജരായതായി മസ്റ്റർറോളിൽ രേഖപ്പെടുത്തി അനർഹമായി വേതനം കൈപ്പറ്റിയത് വഴി **1,01,200** രൂപയുടെ നഷ്ടമുണ്ടായി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര്/തസ്തിക | മാസം/ വർഷം | മസ്റ്റർറോൾ പ്രകാരം ആകെ ഹാജരായ ദിവസങ്ങൾ | ആകെ പ്രവൃത്തി ദിനങ്ങൾ | പൊതു അവധി ദിനങ്ങൾ | കൈപ്പറ്റിയ വേതനം | അർഹമായത് | അധികം | വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|---|---|---|---|
| ശ്രീ.നൗഷാദലി, അറ്റന്റന്റ് | 3/15 | 30 | 25 | 5 | 10500 (30x350) | 8750 (25x350) | 1750 (5x350) | 21500010/ 06-04-15 |
| | 4/15 | 28 | 21 | 7 | 9800 (28x350) | 7350 (21x350) | 2450 (7x350) | 21500061/ 04-05-15 |
| | 5/15 | 29 | 24 | 5 | 10150 (29x350) | 8400 (24x350) | 1750 (5x350) | 21500127/ 01-06-15 |
| | 6/15 | 28 | 25 | 3 | 9800 (28x350) | 8750 (25x350) | 1050 (3x350) | 21500183/ 01-07-15 |
| | 7/15 | 29 | 25 | 4 | 10150 (29x350) | 8750 (25x350) | 1400 (4x350) | 21500324/ 01-08-15 |
| | 8/15 | 29 | 20 | 9 | 10150 (29x350) | 7000 (20x350) | 3150 (9x350) | 21500380/ 03-09-15 |
| | 9/15 | 29 | 22 | 7 | 10150 (29x350) | 7700 (22x350) | 2450 (7x350) | 21500600/ 05-10-15 |
| | 10/15 | 30 | 22 | 8 | 10500 (30x350) | 7700 (22x350) | 2800 (8x350) | 21500726/ 02-11-15 |
| | 11/15 | 29 | 22 | 7 | 10150 (29x350) | 7700 (22x350) | 2450 (7x350) | 21500788/ 02-12-15 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 1/16 | 24 | 23 | 1 | 8400 (24x350) | 8050 (23x350) | 350 (1x350) | 21501077/ 01-02-16 |
| | **ആകെ** | | | | | | **19600** | |
| | 3/15 | 28 | 25 | 3 | 11200 (28x400) | 10000 (25x400) | 1200 (3x400) | 21500010/ 06-04-15 |
| | 4/15 | 26 | 21 | 5 | 10400 (26x400) | 8400 (21x400) | 2000 (5x400) | 21500061/ 04-05-15 |
| | 5/15 | 29 | 24 | 5 | 11600 (29x400) | 9600 (24x400) | 2000 (5x400) | 21500127/ 01-06-15 |
| ശ്രീ.മുഹമ്മദ് അസ്ഹറുദ്ദീൻ, ക്ലാർക്ക് | 6/15 | 29 | 25 | 4 | 11600 (29x400) | 10000 (25x400) | 1600 (4x400) | 21500183/ 01-07-15 |
| | 7/15 | 29 | 25 | 4 | 11600 (29x400) | 10000 (25x400) | 1600 (4x400) | 21500324/ 01-08-15 |
| | 8/15 | 29 | 20 | 9 | 11600 (29x400) | 8000 (20x400) | 3600 (9x400) | 21500380/ 03-09-15 |
| | **ആകെ** | | | | | | **12000** | |
| | 3/15 | 27 | 25 | 2 | 10800 (27x400) | 10000 (25x400) | 800 (2x400) | 21500010/ 06-04-15 |
| | 4/15 | 25 | 21 | 4 | 10000 (25x400) | 8400 (21x400) | 1600 (4x400) | 21500061/ 04-05-15 |
| | 5/15 | 27 | 24 | 3 | 10800 (27x400) | 9600 (24x400) | 1200 (3x400) | 21500127/ 01-06-15 |
| | 6/15 | 26 | 25 | 1 | 10400 (26x400) | 10000 (25x400) | 400 (1x400) | 21500183/ 01-07-15 |
| | 7/15 | 26 | 25 | 1 | 10400 (26x400) | 10000 (25x400) | 400 (1x400) | 21500324/ 01-08-15 |
| ശ്രീ.മുഹമ്മദ് അബൂ സുഫിയാൻ, ക്ലാർക്ക് | 8/15 | 26 | 20 | 6 | 10400 (26x400) | 8000 (20x400) | 2400 (6x400) | 21500380/ 03-09-15 |
| | 9/15 | 27 | 22 | 5 | 10800 (27x400) | 8800 (22x400) | 2000 (5x400) | 21500600/ 05-10-15 |
| | 10/15 | 29 | 22 | 7 | 11600 (29x400) | 8800 (22x400) | 2800 (7x400) | 21500726/ 02-11-15 |
| | 11/15 | 28 | 22 | 6 | 11200 (28x400) | 8800 (22x400) | 2400 (6x400) | 21500788/ 02-12-15 |
| | 12/15 | 29 | 24 | 5 | 11600 (29x400) | 9600 (24x400) | 2000 (5x400) | 21500963/ 01-01-16 |
| | 1/16 | 24 | 23 | 1 | 9600 (24x400) | 9200 (23x400) | 400 (1x400) | 21501077/ 01-02-16 |
| | 2/16 | 25 | 24 | 1 | 10000 (25x400) | 9600 (24x400) | 400 (1x400) | 21501154/ 02-03-16 |
| **ആകെ** | | | | | | | **16800** | |
| ശ്രീ.അബ്ദുള്ളക്കുട്ടി, | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| [illegible], ക്ലാർക്ക് | 3/15 | 30 | 25 | 5 | 12000 (30x400) | 10000 (25x400) | 2000 (5x400) | 21500010/ 06-04-15 |
| | 4/15 | 26 | 21 | 5 | 10400 (26x400) | 8400 (21x400) | 2000 (5x400) | 21500061/ 04-05-15 |
| | 5/15 | 29 | 24 | 5 | 11600 (29x400) | 9600 (24x400) | 2000 (5x400) | 21500127/ 01-06-15 |
| | 6/15 | 29 | 25 | 4 | 11600 (29x400) | 10000 (25x400) | 1600 (4x400) | 21500183/ 01-07-15 |
| | 7/15 | 29 | 25 | 4 | 11600 (29x400) | 10000 (25x400) | 1600 (4x400) | 21500324/ 01-08-15 |
| | 8/15 | 29 | 20 | 9 | 11600 (29x400) | 8000 (20x400) | 3600 (9x400) | 21500380/ 03-09-15 |
| | 9/15 | 29 | 22 | 7 | 11600 (29x400) | 8800 (22x400) | 2800 (7x400) | 21500600/ 05-10-15 |
| | 10/15 | 30 | 22 | 8 | 12000 (30x400) | 8800 (22x400) | 3200 (8x400) | 21500726/ 02-11-15 |
| | 11/15 | 29 | 22 | 7 | 11600 (29x400) | 8800 (22x400) | 2800 (7x400) | 21500788/ 02-12-15 |
| | 12/15 | 30 | 24 | 6 | 12000 (30x400) | 9600 (24x400) | 2400 (6x400) | 21500963/ 01-01-16 |
| | 1/16 | 26 | 23 | 3 | 10400 (26x400) | 9200 (23x400) | 1200 (3x400) | 21501077/ 01-02-16 |
| | 2/16 | 27 | 24 | 3 | 10800 (27x400) | 9600 (24x400) | 1200 (3x400) | 21501154/02-03-16 |
| **ആകെ** | | | | | | | **26400** | |
| ശ്രീ. മുഹമ്മദ് ശരീഫ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 3/15 | 30 | 25 | 5 | 12000 (30x400) | 10000 (25x400) | 2000 (5x400) | 21500010/ 06-04-15 |
| | 4/15 | 29 | 21 | 8 | 11600 (29x400) | 8400 (21x400) | 3200 (8x400) | 21500061/ 04-05-15 |
| | 5/15 | 30 | 24 | 6 | 12000 (30x400) | 9600 (24x400) | 2400 (6x400) | 21500127/ 01-06-15 |
| | 6/15 | 29 | 25 | 4 | 11600 (29x400) | 10000 (25x400) | 1600 (4x400) | 21500183/ 01-07-15 |
| | 7/15 | 30 | 25 | 5 | 12000 (30x400) | 10000 (25x400) | 2000 (5x400) | 21500324/ 01-08-15 |
| | 8/15 | 29 | 20 | 9 | 11600 (29x400) | 8000 (20x400) | 3600 (9x400) | 21500380/ 03-09-15 |
| | 9/15 | 29 | 22 | 7 | 11600 (29x400) | 8800 (22x400) | 2800 (7x400) | 21500600/ 05-10-15 |
| | 10/15 | 30 | 22 | 8 | 12000 (30x400) | 8800 (22x400) | 3200 ((8x400) | 21500726/ 02-11-15 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 11/15 | 29 | 22 | 7 | 11600 (29x400) | 8800 (22x400) | 2800 (7x400) | 21500788/ 02-12-15 |
| | 1/16 | 26 | 23 | 3 | 10400 (26x400) | 9200 (23x400) | 1200 (3x400) | 21501077/ 01-02-16 |
| | 2/16 | 28 | 24 | 4 | 11200 (28x400) | 9600 (24x400) | 1600 (4x400) | 21501154/ 02-03-16 |
| ആകെ | | | | | | | 26400 | |

**ഒട്ടാകെ - 1,01,200**

ഓഫീസ് മേധാവിയുടെ വ്യക്തമായ ഉത്തരവില്ലാതെ അവധി ദിവസങ്ങളിൽ ദിവസ വേതനക്കാർ ഓഫീസിൽ പ്രവേശിക്കുന്നത് അനുവദനീയമല്ല. അപാകതക്ക് വിശദീകരണമാവശ്യപ്പെട്ട് 28-04-2017 – ന് നൽകിയ 23- ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നഷ്ട തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നഷ്ട തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. 1,01,200 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-2 സാനിറ്ററി വെന്റിംഗ് മെഷീനുകൾ മിക്കതും ഉപയോഗ ശൂന്യം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

2015-16-ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ഹൈസ്കൂൾ /ഹയർസെക്കന്ററി സ്കൂളുകളിൽ സാനിറ്ററി വെന്റിംഗ് മെഷീൻ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി 117 ഹൈസ്കൂൾ /ഹയർസെക്കന്ററി സ്കൂളുകളിൽ സാനിറ്ററി വെന്റിംഗ് മെഷീൻ ഇൻസിനേറ്റർ എന്നിവ സ്ഥാപിക്കുന്നതിന് ₹3445700 ചെലവഴിച്ചിട്ടുണ്ട്, Mariya hygine solution Calicut എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി മക്കരപ്പറമ്പ്,മങ്കട,പട്ടിക്കാട്,വേങ്ങര ഗേൾസ്,ആനമങ്ങാട് എന്നീസ്കൂളുകളിൽ സ്ഥാപിച്ച മെഷീനുകൾ പരിശോധിച്ചതിൽ മക്കരപ്പറമ്പ്,മങ്കട,പട്ടിക്കാട്,വേങ്ങര ഗേൾസ്, എന്നീ സ്കൂളുകളിൽ നിലവിൽ ഉപകരണങ്ങൾ പ്രവർത്തന രഹിതമാണ്. ആനമങ്ങാട് ഹൈസ്കൂളിൽ നാളിതുവരെയായും ഉപകരണങ്ങൾ സ്ഥാപിക്കാതെ സ്റ്റാഫ് റൂമിൽ പൊടിപിടിച്ച് കിടക്കുന്ന അവസ്ഥയിലുമാണ്. കൂടാതെ ഗ്യാരണ്ടി, റിപ്പയർ എന്നിവ സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല. കേട് വന്ന മെഷീൻ നന്നാക്കുന്നതിനുള്ള നടപടികളൊന്നും തന്നെ അധികാരികളുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. മെഷീൻ സ്ഥാപിച്ച് ഒരുവർഷത്തിനകം തന്നെ അവ പ്രവർത്തിക്കുന്നില്ല എന്നത് പദ്ധതി ഫലപ്രാപ്തിയില്ല എന്ന് തെളിയിക്കുന്നു. ഉപകരണങ്ങൾ സ്ഥാപിച്ച 117 സ്കൂളുകളിലെയും ഉപകരണങ്ങളുടെ നിലവിലെ അവസ്ഥ ഈ റിപ്പോർട്ടിനുള്ള ആദ്യമറുപടിയുടെ കൂടെ ലഭ്യമാക്കേണ്ടതും, സ്ഥാപിക്കാത്ത ഉപകരണങ്ങൾക്ക് നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതുമാണ്.

# 3-3 പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ

പ്രൊജക്ട് പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രൊജക്ട് നം. 1102/16)
നിർവഹണോദ്യോഗസ്ഥൻ സെക്രട്ടറി ജില്ലാപഞ്ചായത്ത്
ചെലവ് ₹15999996
ബിൽ നം. 61/15-16 3999999 തീയതി 31-03-2016
62/15-16 3999999
63/15-16 3999999
64/15-16 3999999

ജില്ലയിലെ 64 പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിനായി നടപ്പാക്കിയ പ്രൊജക്ട് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

I).കേരള പഞ്ചായത്ത് രാജ് ആക്ട് 173ാം വകുപ്പ് 1ാം ഉപവകുപ്പ് പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.

II) പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിയമപ്രകാരം അവയുടെ ചുമതലയിൽപ്പെട്ട കാര്യങ്ങൾ, സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തിയ കാര്യങ്ങൾ എന്നിവ നിറവേറ്റുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രൊജക്ട് നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് സർക്കാർ പ്രത്യേകാനുമതിയും ലഭിച്ചിട്ടില്ല.

III) പ്രൊജക്ട് നടത്തിപ്പ് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) കോളനികളിൽ തെരുവ് വിളക്കുകളുടെ ആവശ്യകത, സ്ഥാപിക്കേണ്ട സ്ഥലം, സൂര്യപ്രകാശത്തിന്റെ ലഭ്യത എന്നിവ

സംബന്ധിച്ച് യാതൊരു പഠനവും നടത്തിയിട്ടില്ല.

2.കേരള സർക്കാറിന്റെ സോളാർ പോളിസി അനുസരിച്ച് സോളാർ പ്രൊജക്ടുകളുടെ നോഡൽ ഏജൻസി "അനർട്ട്"ആണ്. അനർട്ട് നിർദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ മുഖേനയാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ അനർട്ടുമായി ബന്ധപ്പെടാതെ ജില്ലാപഞ്ചായത്ത് നേരിട്ട് United Electrical Industries എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുകയാണ് ചെയ്തത്.

3. പ്രൊജക്ട് പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടത് ടെൻഡർ നടപടികൾ പാലിച്ചുകൊണ്ടാണ്. എന്നാൽ ടെണ്ടർ നടപടികൾ പാലിക്കാതെ United Electrical Industries എന്ന സ്ഥാപനത്തിന് പ്രൊജക്ട് നിർവഹണം ഏൽപിച്ചുനൽകുകയാണ് ചെയ്തിരിക്കുന്നത്. United Electrical Industries -നെ ഇത്തരം പദ്ധതി ഏറ്റെടുത്ത് നടത്താവുന്ന ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടില്ല.

4. United Electrical Industries മായി 22.2.2016-ൽ വെച്ച എഗ്രിമെന്റ് വ്യവസ്ഥ 4,6പ്രകാരം പ്രവർത്തി പൂർത്തീകരിച്ചതിന് ശേഷം മാത്രമേ തുക നൽകൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ 40 തെരുവ് വിളക്കുകളുടെ വിലയിനത്തിൽ ₹ 15999996 31.3.2016 ന് തന്നെ പിൻവലിച്ച് United Electrical Industries മുൻകൂറായി നൽകിയിട്ടുണ്ട്.

5. United Electrical Industries -ന്റെ 12.1. 2017 -ലെ Mktg/2355/2016-17 പ്രകാരം 14 എണ്ണവും, 31.3. 2017 -ലെ Mktg/32/2017 പ്രകാരം 40 എണ്ണവും ഉൾപ്പെടെ 54 തെരുവ് വിളക്കുകൾ പൂർത്തീകരിച്ചതായി കാണിച്ചിട്ടുണ്ട്. എന്നാൽ 31.03.2017 ലെ കത്ത് പ്രകാരം പൂർത്തീകരിച്ചതായി അവകാശപ്പെട്ട 40 വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ചുള്ള മോണിറ്ററിംഗ് റിപ്പോർട്ടോ പ്രവർത്തി പൂർത്തീകരിച്ച് നല്ലനിലയിൽ പ്രവർത്തിക്കുന്നതായി പരിശോധന നടത്തിയതിന്റെ രേഖകളോ ഫയലിൽ ഇല്ല.

6. പ്രവർത്തി പൂർത്തീകരണസമയത്തെ സംബന്ധിച്ച് യാതൊരു വ്യവസ്ഥകളും എഗ്രിമെന്റിൽ ഉൾകൊള്ളിച്ചിട്ടില്ല.

7.സോളാർ പാനൽ,ബാറ്ററി എന്നിവക്ക് 5 വർഷ വാറന്റിയും,ലൈറ്റിന് 2 വർഷവാറന്റിയും എഗ്രിമെന്റിൽ വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ചുള്ള വാറന്റി കാർഡ് ഫയലിൽ ഇല്ല.

8.ഓഡിറ്റിന്റെ ഭാഗമായി 6.5.17 ന് നടത്തിയ സ്ഥപരിശോധനയിൽ ആലും കുന്ന് കോളനി(കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്)കരിമ്പിലി കോളനി (ഊരകം ഗ്രാമ പഞ്ചായത്ത്)എന്നിവിടങ്ങളിൽ ഫിറ്റ് ചെയ്ത് ഒരുമാസത്തിനുള്ളിൽ വളരെ കുറഞ്ഞ സമയം മാത്രമാണ് ലൈറ്റ് പ്രവർത്തിച്ചത് എന്ന് കോളനി നിവാസികൾ അഭിപ്രായപ്പെടുകയുണ്ടായി. ആയതിനാൽ ഫിറ്റ് ചെയ്തതിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് പരിശോധന യോ തുടർ മോണിറ്ററിംഗോ നടത്തിയിട്ടില്ലെന്ന് വ്യക്തമാണ്.

9.ചാത്തൻ കോളനി പാറലിൽ (ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്)കോളനി നിവാസിയല്ലാത്ത സ്വകാര്യ വ്യക്തിയുടെ വീടിനുമുകളിലാണ് സോളാർ പാനൽ സ്ഥാപിച്ചിട്ടുള്ളത്.ആയത് സംബന്ധിച്ച് ഒരു എഗ്രിമെൻ് പോലും വെച്ചിട്ടില്ല.

കരാറിന് വിരുദ്ധമായി മുൻകൂർ തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മുൻകൂർ നൽകിയ തുകക്ക്, തുക നൽകിയ തിയ്യതിമുതൽ പ്രവൃത്തിപൂർത്തീകരിച്ച തിയ്യതിവരെ 12% നിരക്കിൽ പിഴ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്. റിപ്പോർട്ടിലെ മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽപ്പെടാത്ത പ്രവൃത്തി സർക്കാർ അനുമതിയിൽപ്പെടാതെ നടപ്പിലാക്കിയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി നം.27/02-05-2017 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

# 3-4 കാഴ്ച പരിമിതിയുള്ള അധ്യാപകർക്ക് ലാപ്ടോപ്പ് നൽകൽ-ക്രമവിരുദ്ധമായ ചെലവ്

പ്രൊജക്ട് നം. 922/16

നിർവ്വഹണം-ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

ബിൽ നം. 2/15-16/11.12.15---2903200(വികസനഫണ്ട്)

ഡി.ഡി,നം.541355/14.12.15—2903200 (സിഡ്കോ,മഞ്ചേരി)

മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം ജില്ലയിലെ കാഴ്ചശക്തി കുറവുള്ള 76 അധ്യാപകർക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയതായി കാണുന്നു. പ്രൊജക്ട് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1--12-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ. (എം.എസ്) 362/2013 തസ്വഭവ 16.11.13, അതിനു മുമ്പോ, ശേഷമോ ഉള്ള മാർഗ്ഗരേഖരേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവയിലൊന്നും അധ്യാപകർക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടില്ല. പ്രൊജക്ടിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയിട്ടില്ല.

2—ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത രീതിയും സുതാര്യമല്ല. സ്കൂളുകൾക്കല്ല ലാപ്ടോപ്പ് അനുവദിച്ചത്. വ്യക്തിഗതമായാണ്. ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്തൃപ്പട്ടിക പ്രകാരമല്ല, ലാപ്ടോപ്പുകൾ വിതരണം ചെയ്തത്. 8.3.15 ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനം. നം.1(8) പ്രകാരം 76 പേരുടെ ലിസ്റ്റ് നിർവ്വഹണോദ്യോഗസ്ഥനായ മലപ്പുറം ജില്ലാ

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുകയാണുണ്ടായത്. ഇവരുടെ കാഴ്ചാ വൈകല്യം തിട്ടപ്പെടുത്തിയത് എങ്ങനെയെന്ന് വ്യക്തമല്ല. ഇത സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

3-ലാപ്ടോപ്പുകൾ സിഡ്കോയിൽ നിന്നുമാണ് പർച്ചേസ് ചെയ്തിട്ടുള്ളത്. ഇതിനായി ടെണ്ടർ ക്ഷണിച്ചിട്ടില്ല. ജി.ഒ (എം.എസ്) 30/2011/ITS/22.09.11 ഉത്തരവിൽ സർക്കാർ വകുപ്പുകൾക്ക് ഇൻഫർമേഷൻ ടെക്നോളജി ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ വേണ്ട സഹായം നൽകാൻ സിഡ്കോ-യെ ഒരു Total Solution Provider ആയി അംഗീകരിക്കുക മാത്രമാണ് ചെയ്തത്. ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങാവുന്നതല്ല. മാത്രമല്ല, വാങ്ങിയ ലാപ്ടോപ്പുകൾ Dell കമ്പനിയുടേതാണ്. സിഡ്കോ നിർമ്മിച്ചതല്ല. DGS&D Rate Contract വ്യവസ്ഥയിൽ വാങ്ങുന്നതിനും ശ്രമിച്ചില്ല.

4-അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ അധ്യാപകർക്കും, ജില്ലക്ക് പുറത്തുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകർക്കും ലാപ്ടോപ്പുകൾ നൽകിയിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകളാണ് ചെയ്യേണ്ടതെന്ന് ക്രമ നം.1 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പട്ടികയിൽ എൽ.പി, യു.പി, ഹൈസ്കൂൾ, കോളേജ് വിഭാഗങ്ങളിൽ പെട്ട അധ്യാപകരുണ്ട്. ജില്ലാ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിലോ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിലോ വരാത്തതാണ് ഈ ചെലവ്. പ്രൊജക്ടിന് അംഗീകാരം ലഭിച്ചപ്പോഴോ, അതിനു മുമ്പോ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെടുത്തിയില്ലെന്നും ഭരണസമിതിയുടെ തീരുമാന പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. എന്നാൽ ഭരണ സിമിത മുമ്പാകെ നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതി നടപ്പാക്കുന്നതിലെ അപാകതകൾ സൂചിപ്പിക്കുയോ ഒബ്ജക്ഷൻ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ നിർവ്വഹണോദ്യോഗ്ഥന്റെ ബാധ്യതയാണ്. 2903200 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-5 തണൽകൂട്ട് എന്ന പേരിൽ പൊതു പണം പാഴ്ചെലവാക്കുന്നു

കൗമാര പ്രായത്തിലുള്ള വിദ്യാർത്ഥി - വിദ്യാർത്ഥിനികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തി കൊണ്ട് വരാനും, സാമൂഹ്യ തിന്മകൾക്കെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിക്കുവാനും അവരെ ശാക്തീകരിക്കുന്നതിനുമായി, വികസന ഫണ്ടിൽ നിന്നും 15,00,000 രൂപ വകയിരുത്തി 2015-16 – ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റാണ്"തണൽകൂട്ട്"(നമ്പർ S0866/16 ). ഈ പ്രോജക്റ്റിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു.

1- മാരക രോഗവും മാറാവ്യാധിയും പിടിപെട്ട് കിടപ്പിലായ രോഗികൾക്ക് സാന്ത്വനവും പരിചരണവും നൽകുന്നതിന് വളണ്ടിയർമാരെ സജ്ജരാക്കൽ.

2- സൈബർ മേഖലയിലെ കുറ്റകൃത്യങ്ങൾക്കെതിരെ വിദ്യാർത്ഥികളിൽ അവബോധംവളർത്തുക.

3- റോഡ് അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയെ നേരിടാൻ കുട്ടികളെ പ്രാപ്തരാക്കൽ.

4- ലഹരിക്കെതിരെ ബോധവൽക്കരണവും ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരെ അതിൽ നിന്നും മോചിപ്പിക്കലും.

5- വൃദ്ധർ, വികലാംഗർ, മാനസിക – ശാരീരിക വൈകല്യമുള്ളവർ തുടങ്ങി അശരണരും ദുർബലരുമായവരെ സഹായിക്കുന്നതിനുള്ള മനസ്സ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കൽ.

6- ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന രോഗികൾക്ക് ഭക്ഷണം എത്തിച്ചു കൊടുക്കൽ.

7- മരങ്ങൾ വെച്ചു പിടിപ്പിക്കുക, ജലാശയങ്ങൾ സംരക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽകുട്ടികളെ പങ്കാളികളാക്കൽ.

8- വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനം, നൈസർഗ്ഗിക വാസനകളെ വളർത്തൽ, കരിയർ

ഗൈഡൻസ് നൽകൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കൽ.

പ്രസ്തുത പ്രോജക്റ്റിനായി 15-16 -ൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തീയതി | ചെലവിനം | തുക |
|---|---|---|---|
| 1 | 21500986/07-01-16 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് 17-03-15 -ന് ഏകദിന പരിശീലനം നൽകിയതിന് വന്ന ചെലവ് | 1,40,531 |
| 2 | 21501567/31-03-16 | പ്രവേശനോൽസവം സംഘടിപ്പിക്കൽ, ആശംസകാർഡുകൾ അച്ചടിക്കൽ, സംഭാവന | 1,02,300 |

| | | | |
|---|---|---|---|
| | | കൂപ്പണുകൾ അച്ചടിക്കൽ | |
| 3 | 21501568/31-03-16 | പന്തല്ലൂർ എച്ച്.എസ്.എസിൽ വെച്ച് 27-11-15, 28-11-15, 29-11-15 എന്നീ തീയതികളിൽ നടന്ന സഹവാസ ക്യാമ്പിന്റെ ചെലവ് | 33,855 |
| 4 | 21501569/31-03-16 | വെജിറ്റബിൾ കൾട്ടിവേഷൻ അവയർനെസ്സ് ക്യാമ്പിന്റെ ചെലവ് | 17,960 |
| 5 | 21501570/31-03-16 | ലോക പരിസ്ഥിതി ദിനാചരണത്തോടനബന്ധിച്ച് സംഘടിപ്പിച്ച പരിപാടികൾ | 13350 |
| ആകെ | | | 3,07,996 |

പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 2016-17 അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നതിന് വേണ്ടി, ജില്ലാ പഞ്ചായത്ത് പ്രസ്സിന്റെ 07-09-15 -ലെ 549- ാം നമ്പർ ഇൻവോയ്സ് പ്രകാരം 20 രൂപയുടെ 1,00,000 കൂപ്പണുകൾ അച്ചടിച്ച് തണൽകൂട്ട് അനിമേറ്റർമാർക്ക് നൽകിയിട്ടുണ്ട്. ലഭ്യമായ രസീത് പ്രകാരം 34 അനിമേറ്റർമാരാണ് സംഭാവന കൂപ്പണുകൾ കൈപ്പറ്റിയിട്ടുള്ളത്. ഒരു തണൽക്കൂട്ട് യൂണിറ്റിന് 10 ലീഫുകളുള്ള 100 റസീറ്റ് ബുക്കുകളാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം ലഭിച്ച മുഴുവൻ കൂപ്പണുകളും ചെലവായിട്ടുണ്ടെങ്കിൽ 34 അനിമേറ്റർമാർക്ക് നൽകിയ 34000 ലീഫുകൾക്ക് ആകെ 6,80,000/- രൂപ ലഭിക്കേണ്ടതായിരുന്നു. എന്നാൽ കൂപ്പൺ നൽകിയ ഇനത്തിൽ എത്ര രൂപ സമാഹരിച്ചുവെന്നോ അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നോ, അച്ചടിച്ച കൂപ്പണുകൾ എത്രയെണ്ണം വിതരണം ചെയ്യാനവശേഷിക്കുന്നുവെന്നോ ഉള്ള യാതൊരു സ്ഥിതി വിവര കണക്കും ലഭ്യമല്ല. കൂപ്പൺ വിതരണത്തിൽ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

2) 17-03-15 -ന് ലഹരിക്കെതിരെ ജനകീയ മുന്നേറ്റം എന്ന പരിപാടിയുടെ ഭാഗമായി ജനപ്രതിനിധികൾക്കും മുനിസിപ്പൽ കൗൺസിലർമാർക്കും ഏകദിന പരിശീലനം നൽകിയ ഇനത്തിൽ, 07-01-16 -ലെ 21500986 നമ്പർ വൗച്ചർ പ്രകാരം 1,40,531 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പ്രോജക്ടിൽ പരാമർശിക്കാത്തതും 2014-15 വർഷത്തിൽ നടന്ന ചെലവുമാണ്. 2014-15 വർഷത്തിൽ വെച്ച തണൽക്കൂട്ട് പ്രോജക്ടിൽ നിന്നായിരുന്നു ഈ തുക മാറേണ്ടിയിരുന്നത്. പ്രോജക്ടിന് അംഗീകാരം ലഭിച്ചത് 05-06-15 -ന് മാത്രമായതിനാൽ അതിന് മുമ്പേയുള്ള ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈയിനത്തിൽ പിൻവലിച്ച തുക മുൻ വർഷത്തെ തണൽകൂട്ട് പ്രോജക്ടിൽ നിന്നും പിൻവലിച്ചിരുന്നോ എന്ന് പരിശോധിക്കേണ്ടതുണ്ട്. മാത്രമല്ല, വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ ഈ പ്രോജക്ടിന്റെ ഭാഗമായി നടത്തിയതെന്നവകാശപ്പെടുന്ന മേൽ പരിപാടിയിൽ ഒരൊറ്റ വിദ്യാർത്ഥിയെ പോലും പങ്കെടുപ്പിച്ചിട്ടില്ലെന്ന് കാണുന്നു.

3) പ്രോജക്ടിന്റെ പ്രവർത്തന മേഖല പരിശോധിച്ചാൽ സ്കൂളുകളിലെ എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി, പരിസ്ഥിതി ക്ലബ്ബ് തുടങ്ങിയവ ചെയ്തു വരുന്ന കാര്യങ്ങൾ തന്നെയാണ് തണൽക്കൂട്ടിലും വരുന്നതെന്ന് കാണാം. വിദ്യാഭ്യാസ മേഖലയിൽ ആവർത്തനം വരുന്ന പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതില്ലെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

4) ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവേശനോൽസവം നടത്തുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ അനുമതി നൽകിയിട്ടില്ല. മാത്രമല്ല, ഇത് മേൽ പ്രോജക്ടിൽ പരാമർശിക്കാത്ത ഒരിനവുമാണ്.

5) ഓരോ സ്കൂളുകളിലുമുള്ള തണൽക്കൂട്ട് അംഗങ്ങളെ കുറിച്ചുള്ള വിശദാംശങ്ങൾ ഫയലിലില്ല.

6) പ്രോജക്ടിനായി 15,00,000 രൂപ വകയിരുത്തിയിരുന്നെങ്കിലും അടങ്കൽ തുകയുടെ 11.16% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്(മുൻ വർഷത്തെ ചെലവ് ഉൾപ്പെടാതെ). നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരുന്നെങ്കിലും പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട രണ്ടിനങ്ങൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 26-04-2017 – ന് നൽകിയ 21- ാംനമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ക്രമ വിരുദ്ധമായി നൽകിയ 1,40,531 രൂപ നഷ്ടോത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകാത്തതിനാൽ അവശേഷിക്കുന്ന 167465 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്താൻ ശുപാർശ ചെയ്യുന്നു.

## 3-6 എച്ച്.ഐ.വി രോഗികൾക്കുള്ള പോഷകാഹാര പദ്ധതി-- അപാകതകൾ

പ്രൊജക്ട് നം.829/16

ബിൽ നം.1/15-16/28.01.16—395651

ബിൽ നം.2/15-16/17.03.16—239210

ബിൽ നം.4/15-16/26.03.16—235323

ബിൽ നം.5/15-16/31.03.16—281395

ബിൽ നം.6/15-16/31.03.16—283350

1434929

നിർവ്വഹണം--ജില്ലാ മെഡിക്കൽ ഓഫീസർ,ആരോഗ്യം

ജില്ലയിലെ എയ്ഡ്സ് രോഗികൾക്ക് പോഷകാഹാരം നൽകുന്ന ഈ പദ്ധതിയിൽ 225 ഗുണഭോക്താക്കളാണ് ഉള്ളത്. Malappuram Dist.Network of People Living with HIV/Aids-Manjeri എന്ന സംഘടന നൽകിയ പട്ടിക പ്രകാരമുള്ളവരാണ് ഗുണഭോക്താക്കൾ. സിവിൽ സപ്ലൈസ് വഴി ലഭ്യമാക്കുന്ന ഭക്ഷ്യ സാധനങ്ങൾ മേൽപ്പറഞ്ഞ സംഘടന മുഖേന വിതരണം ചെയ്യുന്നതാണ് പ്രൊജക്ട്. മഞ്ചേരിയിൽ പ്രവർത്തിക്കുന്ന പ്രത്യാശ കേന്ദ്രം വഴിയാണ് ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നത്. പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സർക്കുലർ നം.4466/ഡി.ബി2/09/തസ്വഭവ/ 02.02.09 പ്രകാരം എയ്ഡ്സ് കൺട്രോൾ സൊസൈറ്റി കണ്ടെത്തിയ എയ്ഡ്സ് രോഗികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള പ്രൊജക്ട് ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും നടപ്പാക്കാം എന്നു പറയുന്നുണ്ട്. എന്നാൽ പ്രൊജക്ടിനായി ഗുണഭോക്താക്കളെ കണ്ടെത്തിയത് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയല്ല മറിച്ച് Malappuram Dist.Network of People Living with HIV/Aids-Manjeri എന്ന സംഘടനയാണ്. ഈ സംഘടനക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമല്ല. മേൽപ്പറഞ്ഞ അപാകതകൾ നില നിൽക്കുന്നതിനാൽ ചെലവു തുക 1434929/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 ടി.ബി.രോഗികൾക്കുള്ള പോഷകാഹാര പദ്ധതി-അപാകതകൾ

പ്രൊജക്ട് നം. 830/16

ബിൽ നം.7/15-16/31.03.16—459505

നിർവ്വഹണം--ജില്ലാ മെഡിക്കൽ ഓഫീസർ,ആരോഗ്യം

ജില്ലയിൽ വിവിധ ആശുപത്രികളിൽ ചികിൽസയിൽ കഴിയുന്ന ടി.ബി.രോഗികൾക്ക് സിവിൽ സപ്ലൈസ് മുഖേന പോഷകാഹാരം ലഭ്യമാക്കുന്നതാണ് പ്രൊജക്ട്. വിവിധ ആശുപത്രികളിൽ ചികിൽസയിലുള്ള 114 രോഗികളാണ് ഗുണഭോക്താക്കൾ. ജില്ലാ ടി.ബി ഓഫീസറാണ് രോഗികളുടെ വിവരം ക്രോഡീകരിച്ചു നൽകിയിട്ടുള്ളത്.പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1— ജി ഒ.(എം.എസ് ) 362/13 തസ്വഭവ തീ.16.11.13 സബ്സിഡി മാർഗ്ഗരേഖ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയിലൊന്നും ടി.ബി.രോഗികൾക്ക് പോഷകാഹാരം നൽകുന്നതിന് അനുമതിയില്ല.പ്രൊജക്ടിന്റെ നിർവ്വഹണത്തിന് സർക്കാരിൽ നിന്നും പ്രത്യേകം അനുമതി വാങ്ങിയതായും കാണുന്നില്ല.സർക്കുലർ നം.71413/ഡി.ബി2/2008/തസ്വഭവ 10.11.08 പ്രകാരം ശിശു വികസന പരിപാടിയുടെ ഭാഗമായുള്ള പോഷകാഹാര പ്രൊജക്ടുകൾ,ആശ്രയ പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭക്ഷ്യ ധാന്യ വിതരണ പ്രൊജക്ടുകൾ എന്നിവയല്ലാതെ ഭക്ഷ്യധാന്യ വിതരണ പ്രൊജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കരുതെന്നും, നടപ്പാക്കിയാൽ അത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

2—മഞ്ചേരി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഷോറൂമിൽ നിന്നും,താഴെ പറയുന്ന ഭക്ഷണസാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇനം | കി.ഗ്രാം |
|---|---|
| ചെറുപയർ | 1000 |
| അരി | 3000 |
| തുവരപ്പരിപ്പ് | 1000 |
| നുറുക്ക് ഗോതമ്പ് | 1600 |
| വെളിച്ചെണ്ണ | 300 ലിറ്റർ |

മേൽപ്പറഞ്ഞ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ട്.ചെരണി ടി.ബി.സെന്ററിലെ 11 രോഗികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്.ബാക്കിയുള്ളവ അതാത് ആശുപത്രികളിലേക്ക് നൽകിയതായി കാണുന്നുണ്ടെങ്കിലും രോഗികൾക്ക് വിതരണം ചെയ്തതിന്റെ രേഖകളില്ല.

3–ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ വരാത്തതും, വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ളതുമായ പ്രൊജക്ട് നടപ്പിലാക്കിയതും ക്രമപ്രകാരമല്ല. ചെലവു തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 വിജയഭേരി--സിവിൽ സർവ്വീസ് പരിശീലനം നൽകിയത് ക്രമവിരുദ്ധം

നിർവ്വഹണം-ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

1-പ്രൊജക്ട് നം.804/16(വിജയഭേരി സ്റ്റെപ്പ്-15-16)

ബിൽ നം.1/15-16/20.07.15—86820(ഹയർ സെക്കന്ററി വിഭാഗത്തിലെ തെരഞ്ഞെടുത്ത കുട്ടികൾക്ക്)

ബിൽ നം.6/15-16/30.03.16—32000(ഹൈസ്കൂൾ വിഭാഗത്തിലെ തെരഞ്ഞെടുത്ത കുട്ടികൾക്ക്)

ആകെ-- 118820

2-പ്രൊജക്ട് നം.731/16(വിജയഭേരി സ്റ്റെപ്പ്-14-15 സ്പിൽ ഓവർ)

ബിൽ നം.4/15-16/15.01.16—81400(ഹൈസ്കൂൾ-72000, ഹയർസെക്കന്ററി-9400)

ബിൽ നം.3/15-16/15.01.16—134480(ഹൈസ്കൂൾ-120000, ഹയർസെക്കന്ററി-14480)

ആകെ-- 215880

വിജയഭേരി പദ്ധതിയുടെ ഭാഗമായി, മേൽപ്പറഞ്ഞ പ്രകാരം രണ്ട് പ്രൊജക്ടുകളിലായി 334700 രൂപ സിവിൽ സർവ്വീസ് പരിശീലനത്തിനായി ചെലവഴിച്ചിട്ടുണ്ട്. പഠനത്തിൽ മുന്നിൽ നിൽക്കുന്ന കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകിയതിന് ഹോണറേറിയമിനത്തിലും, ഭക്ഷണച്ചെലവിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. 12-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013 തസ്വഭവ 16.11.13-പ്രകാരം ഓണറേറിയമോ വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അധ്യാപകർ, യുവതീയുവാക്കൾ എന്നിവരെ സംഘടിപ്പിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാനാണ് അനുമതിയുള്ളത്.സന്നദ്ധ പ്രവർത്തനം സ്വരൂപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വർഷത്തിൽ ഒരു ട്യൂഷൻ സെന്ററിന് 3000 രൂപ എന്ന പരിധിക്ക് വിധേയമായി വികസന ഫണ്ട് ചെലവഴിക്കാവുന്നതാണ്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് ചെലവ് ചെയ്തിട്ടുള്ളത്. സിവിൽ സർവ്വീസ് പരിശീലനം വിജയഭേരിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി നേടിയതായും കാണുന്നില്ല. 2014-15 വർഷത്തിൽ പദ്ധതി നടത്തിപ്പിന് സർക്കാരിന്റെ പ്രത്യേക അനുമതി ലഭിച്ചിരുന്നുവെന്നും, അതിന്റെ തുടർച്ചയായാണ് 2015-16ലും പദ്ധതി നടപ്പിലാക്കിയത് എന്നാണ് അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 ആയുർ സ്പർശം-പരിരക്ഷാ പദ്ധതി--നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം.844/16

ബിൽ നം.1/15-16/12.10.15---1800000

ബിൽ നം.2/15-16/12.1.16---220486

ബിൽ നം.3/15-16/14.03.16---108759

ബിൽ നം.4/15-16/26.03.16---97564

നിർവ്വഹണം--ജില്ലാ മെഡിക്കൽ ഓഫീസർ,ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

ജില്ലയുടെ പരിധിയിലുള്ള ഗവ.ആയുർവ്വേദ ഡിസ്പൻസറികൾ കേന്ദ്രീകരിച്ച്, കിടപ്പിലായ രോഗികൾക്കുള്ള, പരിചരണവും, ആയുർവേദ മരുന്നുകളും ലഭ്യമാക്കുന്ന പരിരക്ഷാ പദ്ധതിയാണ് ആയുർസ്പർശം. ഗ്രാമ പഞ്ചായത്തുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിരക്ഷാ പാലിയേറ്റീവ് പരിചരണ പരിപാടിയുടെ മാതൃകയിൽ തന്നെയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ജില്ലയിലെ 20 ആയുർവ്വേദ ഡിസ്പൻസറികളിലേക്കാവശ്യമായ മരുന്നുകൾ വാങ്ങി നൽകുകയും, വീട് സന്ദർശനത്തിന്റെ ചെലവ് (വാഹന വാടക, ഭക്ഷണം) അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ, പദ്ധതിയുടെ നിർഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-കിടപ്പിലായ രോഗികൾക്കുള്ള ഹോം കെയർ സംവിധാനം, എല്ലാ ഗ്രാമ പഞ്ചായത്തുകളും നടപ്പിലാക്കി വരുന്നുണ്ട്. ജി.(എം.എസ്)228/12/തസ്വഭവ തീ.23.08.12, ജി.ഒ(ആർ.ടി)3217/15 തസ്വഭവ 29.10.15-പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖകൾ പ്രകാരം ഹോം കെയർ സംവിധാനം എല്ലാ ഗ്രാമ പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, മുനിസിപ്പൽ കേർപ്പറേഷനുകളും നിർബന്ധമായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഒരേ പദ്ധതിയുടെ ഇരട്ടിപ്പായി ജില്ലാ പഞ്ചായത്ത് ഈ പദ്ധതി ഏറ്റെടുത്തത് എന്തിനെന്ന് വ്യക്തമല്ല. മാത്രമല്ല, അതാത് ഗ്രാമ പഞ്ചായത്തുകളുടെ കീഴിലുള്ള ആയുർവേദ ഡിസ്പൻസറികൾ വഴി നടപ്പിലാക്കുന്ന പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ പഞ്ചായത്തിനേക്കാൾ സാധിക്കുക ഗ്രാമ പഞ്ചായത്തിനാണ് എന്നത് വ്യക്തമാണ്.

2-മേൽ കാണിച്ച ബിൽ നം.1 പ്രകാരം, ഓരോ ഡിസ്പൻസറിക്കും 90000 രൂപയുടെ മരുന്നുകൾ പ്രകാരം 20 ഡിസ്പൻസറികൾക്ക്, ഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങി നൽകിയിട്ടുണ്ട്.13.10.15 ന് (ഡി.ഡി.നം.51044/13.10.15) ഔഷധിക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടെങ്കിലും, 3 ഗഡുക്കളായി 31.10.15, 31.12.15, 31.01.16 എന്നീ തീയതികളിലാണ് ഔഷധി മരുന്നുകൾ ലഭ്യമാക്കി കാണുന്നത്. എന്നാൽ പരിചരണ സേവനങ്ങൾ 4/15 മുതൽക്ക് തന്നെ തുടങ്ങിയതായുള്ള വൌച്ചറുകൾ ഹാജരാക്കിയിട്ടുണ്ട്. വീടുകൾ സന്ദർശനം നടത്തിയതിന്റെ വാഹന വാടക, ഭക്ഷണച്ചെലവ് എന്നിവ 4/15 മുതൽക്കുള്ളത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 10/15 ൽ മരുന്ന ലഭ്യമാകുന്നതു വരെ രോഗികൾക്ക് മരുന്ന് ലഭിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. മരുന്നുകൾ ലഭിക്കാതെ ഹോം കെയർ പരിചരണ പരിപാടി എങ്ങനെയാണ് നടന്നതെന്ന് വ്യക്തമാക്കേണ്ടതാണ്.

3—വീടുകൾ സന്ദർശിച്ചതിന്റെ വിശദാംശങ്ങൾ, പങ്കെടുത്തവരുടെ വിവരം, ഇതൊന്നും കൃത്യമായി പരിശോധിക്കാതെ മെഡിക്കൽ ഓഫീസർമാർ സമർപ്പിക്കുന്ന ബില്ലുകളും,വൌച്ചറുകളും ഹാജരാക്കുന്ന മുറയ്ക്ക് തുക അനുവദിച്ച പോരുകയാണ് ചെയ്തിട്ടുള്ളത്. വാഹനവാടക, ഭക്ഷണച്ചെലവ് എന്നിവയ്ക്ക് ലിമിറ്റ് വയ്ക്കാതെ തുക നൽകിയതായി കാണുന്നു. ജി.ഒ. (ആർ.ടി) 3217/15 തസ്വഭവ തീ. 29.10.15 പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം ഭക്ഷണച്ചെലവ് ഒരാൾക്ക് പരമാവധി 60 രൂപ പ്രകാരം പരമാവധി 3 പേർക്ക് എന്നതിനു പകരം 500 രൂപ വരെ അനുവദിച്ചിട്ടുണ്ട്. വാഹന വാടക 15-24 കി.മീ വരെ 800 രൂപയും 45-54 കി.മീ. വരെ 1100 രൂപയും അനുവദിക്കാമെന്ന് മേൽ ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ ഒരു ട്രിപ്പിന് 2000 രൂപ വരെ അനുവദിച്ചതായി കാണുന്നു. ഉത്തരവിനു ശേഷവും മേൽപ്പറഞ്ഞ പരിധികളൊന്നും പാലിച്ചിട്ടില്ല. ട്രിപ്പ് ഷീറ്റുകളിൽ കിലോമീറ്റർ കാണിച്ചിട്ടില്ല.

4-- പദ്ധതിയുടെ സുഗമവും സുതാര്യവുമായ പ്രവർത്തനത്തിന് പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി(പി.എം.സി) രൂപീകരിക്കണമെന്നും ,തദ്ദേശഭരണസ്ഥാപനത്തിൽ അവലോകന യോഗം ചേർന്ന് പദ്ധതിയെ മോണിറ്റർ ചെയ്യണമെന്നും മാർഗ്ഗരേഖയിൽ പറയുന്നുണ്ടെങ്കിലും, ആയതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകി ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.ചെലവുതുക 2226809 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 ജില്ലാ കൃഷിത്തോട്ടം,ചുങ്കത്തറ—വരവു ചെലവു കണക്കുകളിലെ അപാകതകൾ/ഓഡിറ്റ് നിരീക്ഷണങ്ങൾ

ജില്ലാ പഞ്ചായത്തിന്റെ 2015-16 ഓഡിറ്റിന്റെ ഭാഗമായി ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിന്റെ വരവു ചെലവു കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാനപ്പെട്ട അപാകതകൾ/ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1-വരവു കണക്കുകൾ

പ്രിൻസിപ്പൽ കൃഷി ഓഫീസ് അയച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 2015-16 വർഷത്തിൽ 2532849 രൂപ വരവുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. തൈകൾ, വിത്തുകൾ എന്നിവയുടെ വിൽപ്പന, കാർഷിക ഉൽപന്നങ്ങളുടെ ലേലം എന്നിവയാണ് വരവിനങ്ങൾ. വരവ് തുകകൾ രശീതി എഴുതി നേരിട്ട് കാഷ് ബുക്കിൽ ചേർക്കുകയും, ഒരാഴ്ചയോ രണ്ടാഴ്ചയോ കൂടുമ്പോൾ ജില്ലാ പഞ്ചായത്തിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. ഓരോ ദിവസത്തെയും വരവ് കളക്ഷൻ രജിസ്റ്ററിലേക്ക് എടുത്തെഴുതുകയും, അടവു വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വർഷാന്ത സംഗ്രഹം തയ്യാറാക്കി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ലേലം സംബന്ധിച്ച ഫയലുകളും രജിസ്റ്ററും അപൂർണ്ണവും വ്യക്തതയില്ലാത്തതുമാണ്. അപാകതകൾ പരിഹരിച്ച് വരവു കണക്കുകളിലെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്. സ്ഥാപനത്തിൽ ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾക്കും ചെക്കുകൾക്കും രശീതി നൽകുന്നില്ല. എല്ലാ പണമിടപാടുകൾക്കും രശീതി നൽകേണ്ടതാണ്.

2—ചെലവു കണക്കുകൾ

2015-16 വർഷത്തിൽ 452670 രൂപ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. സമഗ്ര കാർഷിക വികസനം എന്ന പേരിൽ പ്രൊജക്ട് തയ്യാറാക്കിയാണ് ചെലവു ചെയ്തത്.കാർഷികേതര ചെലവുകളായ ടെലിഫോൺ, വൈദ്യുതി ചാർജ്ജുകൾ ഇന്റർനെറ്റ് ചാർജ്, വസ്തു നികുതി തുടങ്ങിയ ഇനങ്ങളുടെ ചെലവും ഈ പ്രൊജക്ടിലൂടെയാണ് നടന്നിട്ടുള്ളത്. ചെലവുകളുടെ സ്വഭാവത്തിനനുസൃതമായി പ്രൊജക്ടുകൾ രൂപീകരിക്കേണ്ടതാണ്.

## 3-11 സ്റ്റേറ്റ് സീഡ് ഫാം തവനൂർ - പ്രവർത്തന നേട്ടങ്ങളും

# അപാകതകളും

**<u>പൊതു വിവരങ്ങൾ</u>**

ആകെ വിസ്തീർണ്ണം - 9.07 ഹെക്ടർ

നിലം – 6.41 ഹെക്ടർ

തോട്ടം – 1.54 ഹെക്ടർ

റോഡുകളും കെട്ടിടങ്ങളും -1.12 ഹെക്ടർ

**<u>ജീവനക്കാരും തൊഴിലാളികളും</u>**

കൃഷി അസിസ്റ്റന്റ് ഡയറക്ടർ –1

കൃഷി അസിസ്റ്റന്റ് –1

ക്ലർക്ക് –1

ഓഫീസ് അറ്റന്റന്റ് –2

ട്രാക്ടർ ഡ്രൈവർ –1

ട്രാക്ടർ ക്ലീനർ –1

തൊഴിലാളികൾ –32

1962 ലാണ് തവനൂരിലെ സ്റ്റേറ്റ് സീഡ് ഫാം ആരംഭിച്ചത്. ജില്ലാ പഞ്ചായത്തിനു വിട്ടു കിട്ടിയ സ്ഥാപനമായ ഈ ഫാമിൽ പ്രധാനമായും നെൽവിത്താണ് ഉൽപാദിപ്പിക്കുന്നത്.പച്ചക്കറി ,മഞ്ഞൾ, കൂവ, തെങ്ങ് എന്നിവയാണ് ഫാമിലെ മറ്റു വിളകൾ.ഉൽപാദിപ്പിക്കുന്ന നെല്ല് കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിട്ടി, തൃശ്ശൂരിന് നൽകുകയും ബാക്കി ആവശ്യാനുസരണം കൃഷിഭവനുകൾക്കും കൃഷിക്കാർക്കും നൽകുകയും ചെയ്യുന്നു.അന്നപൂർണ്ണ , ചുവന്ന ത്രിവേണി എന്നീ നെല്ലിനങ്ങളാണ് ഫാമിൽ ഉൽപാദിപ്പിക്കുന്നത്.





**<u>ഫാം കൗൺസിൽ</u>**

ടി.എ(4) 7729/14 തിയ്യതി 2-12-14 നടപടി ക്രമത്തിലൂടെ ഫാം കൗൺസിൽ പുനസംഘടിപ്പിക്കുകയുണ്ടായി. പുനസംഘടിപ്പിക്കപ്പെട്ട കൗൺസിലിന്റെ ഘടന താഴെപറയും പ്രകാരമാണ്.

അദ്ധ്യക്ഷൻ - ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ

കൺവീനർ - ഫാം തലവൻ

അംഗങ്ങൾ - 1.ഫാം സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ ഗ്രാമ പഞ്ചായത്ത് അംഗം.

2. ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്

3.ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്

4. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട്.

5.കൃഷി അസിസ്റ്റന്റ്

6. ഫാം തൊഴിലാളികളുടെ അംഗീകൃത സംഘടനാ പ്രതിനിധികൾ 2 പേർ

7.ജില്ലാ ഫാം ചുമതലയുള്ള കൃഷി ഡെപ്യൂട്ടി ഡയറക്ടർ

8. ഫാം പ്രദേശത്തെ കൃഷി വകുപ്പ് അവാർഡ് ജേതാക്കൾ

9. അഞ്ച് കർഷക പ്രതിനിധികൾ.

29-4-15 നാണ് പുനസംഘടിപ്പിക്കപ്പെട്ട ഫാം കൗൺസിലിന്റെ ആദ്യ യോഗം ചേരുന്നത്. കർഷക പ്രതിനിധികളും അവാർഡ് ജേതാക്കളും യോഗത്തിൽ പങ്കെടുത്തതായി കാണുന്നില്ല.തുടർന്നുള്ള യോഗങ്ങളിലൊന്നും പൂർണ്ണമായ ഹാജർ ഉണ്ടായിട്ടുമില്ല.ഫാമിന്റെ പ്രവർത്തനം സംബന്ധിച്ച വിശദ ചർച്ചകളിൽ കൗൺസിലിന്റെ മുഴുവൻ അംഗങ്ങളുടെയും ഹാജർ ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

<u>അപാകതകൾ</u>

**1- രസീതികൾക്ക് കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല; ഡി.സി.ബി പത്രിക തയ്യാറാക്കുന്നില്ല.**

ഫാം ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെയും ലേലനടപടികളിലൂടെയും ലഭിക്കുന്ന തുകകൾക്ക് രസീതി നൽകുകയും ലഭിക്കുന്ന തുക കവറിംഗ് ലെറ്ററോടു കൂടി ജില്ലാ പഞ്ചായത്തിനു കൈമാറുകയും ചെയ്യുന്ന രീതിയാണ് ഫാം കൈക്കൊള്ളുന്നത്. പിരിവു തുകകൾക്ക് ഒരു കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ ലഭിക്കുന്നതും ഒടുക്കുന്നതുമായ തുകകളുടെ കൃത്യമായ കണക്കുകൾ ഏതവസരത്തിലും നീരീക്ഷിക്കുന്നതിന് പര്യാപ്തമായ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓരോ ഇനം ഫാം ഉൽപ്പന്നത്തിന്റെയും വിൽപ്പന, വിൽപ്പനയിലൂടെ ലഭിക്കുന്ന തുക എന്നിവ നിരീക്ഷിക്കുന്നതിന് കളക്ഷൻ രജിസ്റ്ററും വാർഷിക ഡി.സി.ബി പത്രികയും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.ചെക്കുകളും ഡി.ഡി കളുമായി ലഭിക്കുന്ന തുകകൾ സെക്യൂരിറ്റി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ജില്ലാ പഞ്ചായത്തിനു കൈമാറുകയും ചെയ്യുന്നു.ഇങ്ങനെ കൈമാറുമ്പോൾ വിവരം രജിസ്റ്ററിൽ ചേർക്കുന്നില്ല.

**2- കെ.എസ്.എസ്.ഡി.എ.യിൽ നിന്നും വിത്ത് വില 28.32 ലക്ഷം രൂപ ലഭിക്കാൻ അവശേഷിക്കുന്നു.**

2013-14 മുതൽ 2015-16 കൂടിയ സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെൻറ് അതോറിട്ടിക്ക് നൽകിയ വിത്തിന്റെ വിലയായ 28,32,394 രൂപ നാളിതു വരെ ലഭിച്ചിട്ടില്ല. ഇക്കാര്യം സൂചിപ്പിച്ച് കെ.എസ്.എസ്.ഡി.എ ക്ക് കത്തെഴുതുകയും മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറെ അറിയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ജില്ലാ പഞ്ചായത്തിനെ അറിയിക്കുകയോ തുക ലഭ്യമാക്കുന്നതിന് സാധ്യമാവുകയോ ചെയ്തിട്ടില്ല.

ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**2013-14**

1. പച്ചക്കറി വിത്തുകൾ -83,200 രൂപ

2. നെൽവിത്ത് -5,34,786 രൂപ

**2014-15**

1. പച്ചക്കറി വിത്തുകൾ -65,300 രൂപ

2. നെൽവിത്ത് -5,38,670 രൂപ

**2015-16**

1. പച്ചക്കറി വിത്തുകൾ -38,650 രൂപ

2. നെൽവിത്ത് -15,71,788 രൂപ

**ആകെ 28,32,394 രൂപ**

ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ജില്ലാ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

<u>ഫാം പ്രവർത്തനം- പരിമിതികളും പരിഹാരങ്ങളും</u>

# ലഭ്യമായ സ്ഥലം പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമങ്ങളുണ്ടായിട്ടുണ്ട്.പ്രധാനമായും നെൽവിത്താണ് ഉൽപാദിപ്പിക്കുന്നതെങ്കിലും ഒന്നര ഹെക്ടർ വരുന്ന തോട്ടത്തിൽ മഞ്ഞൾ, കൂവ, കുരുമുളക് വള്ളികൾ എന്നിവക്കും പ്രാമുഖ്യം നൽകുന്നുണ്ട്. കൃഷി ഭവനുകളിൽ നിന്നും ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് കുരുമുളക് വള്ളികളുടെ ഉൽപാദനത്തിന് കൂടിയ ശ്രദ്ധ നൽകുന്നതിനാൽ മറ്റു വിത്തിനങ്ങളുടെ ഉൽപാദനം മന്ദീഭവിക്കുന്ന അവസ്ഥയുണ്ട്. നിലവിൽ സംസ്ഥാനത്ത് സംജാതമായ ഉണർവ്വിനനുസൃതമായി പച്ചക്കറി ഉൾപ്പെടെയുള്ള പരമാവധി വിത്തിനങ്ങളുടെ ഉൽപാദനത്തിന് പരിശ്രമിക്കേണ്ടതുണ്ട്.

# കാർഷിക മേഖലയിൽ വൈദഗ്ദ്ധ്യം നേടിയ ഒരു അസിസ്റ്റന്റ് ഡയറക്ടറും അസിസ്റ്റന്റ് കൃഷി ഓഫീസറുമാണ് ഫാമിന്റെ ദൈനംദിന കാർഷിക കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഭരണപരമായ നിയന്ത്രണ ജോലികളും അസിസ്റ്റന്റ് ഡയറക്ടർ

നിർവ്വഹിക്കേണ്ടതുണ്ട്. ഇക്കാരണത്താൽ നവീനമായ ഉൽപാദന രീതികൾ അനുവർത്തിക്കാനും ക്ഷമത വർദ്ധിപ്പിക്കാനും പരിമിതികൾ നേരിടുന്നുണ്ട്.

# തവനൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയെ ആശ്രയിച്ചാണ് ഫാമിലെ വിരിപ്പ്, മുണ്ടകൻ വിളവെടുക്കുന്നത്. തുടരെയുണ്ടാവുന്ന മോട്ടോർ തകരാറുകളും അറ്റകുറ്റപ്പണി വൈകുന്നതും ഫാമിലെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.ഫാം അതിർത്തിയിലെ ഭാരതപ്പുഴയോട് ചേർന്ന ഭാഗത്ത് പമ്പ് ഹൗസും മോട്ടോറും സ്ഥാപിച്ച് ഈ അവസ്ഥ തരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാൻ ഫാം കൗൺസിൽ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.





# ലഭ്യമായ ഗ്രീൻ ഹൗസുകൾ നിലവിൽ കുരുമുളക് വള്ളികളുടെ ഉൽപാദനത്തിന് വിനിയോഗിക്കുന്നു. ഉൽപാദന പ്രവർത്തനത്തിന് കൂടുതൽ ഷെയ്ഡ് ഹൗസുകൾ ആവശ്യമാണ്.




# ഫാമിൽ ജൈവവളം ലഭിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 61,250 രൂപ ചെലവഴിച്ച് 4 പോത്തുകളെ വാങ്ങിയിട്ടുണ്ട്. അവയെ പാർപ്പിക്കുന്നതിനായി 6 ലക്ഷം രൂപ അടങ്കലിൽ തൊഴുത്തും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ തൊഴുത്തിന്റെ വശങ്ങൾ ആവശ്യമായ രീതിയിൽ മറച്ചിട്ടില്ലാത്തതിനാൽ ശക്തമായ കാറ്റും മഴയുമുള്ള അവസ്ഥയിൽ കാലികൾക്ക് പൂർണ്ണ സംരക്ഷണം നൽകാൻ പര്യാപ്തമല്ല.





## 3-12 ആതവനാട് പൗൾട്രി ഫാം - സ്ഥാപിത ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നില്ല – ആസ്തികൾ ഉപയോഗിക്കാതെ കിടക്കുന്നു.

തൃശ്ശൂർ - കോഴിക്കോട് ദേശീയ പാതയിൽ ജില്ലയിലെ ആതവനാട് ഗ്രാമ പഞ്ചായത്തിലെ കഞ്ഞിപ്പുര എന്ന സ്ഥലത്ത് ദേശീയ പാതയോട് ചേർന്ന് 7.86 ഏക്കർ സ്ഥലത്താണ് ആതവനാട് പൗൾട്രി ഫാം സ്ഥിതി ചെയ്യുന്നത്. നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഏക കോഴിവളർത്തു കേന്ദ്രമാണിത്. ജി.ഒ (എച്ച്.എസ്)349/76 എ.എച്ച് തി.15.10.1976 ഉത്തരവ് പ്രകാരം സ്ഥാപിതമായ ഈ സ്ഥാപനം 9.11.1977 ലാണ് പ്രവർത്തനമാരംഭിച്ചു. വിവിധ സർക്കാർ ഏജൻസികൾ വഴി നടപ്പാക്കുന്ന മുട്ടക്കോഴി വളർത്തൽ പ്രോൽസാഹന പദ്ധതികളുടെ ചുക്കാൻ പിടിക്കേണ്ടുന്ന സുപ്രധാന പങ്കാണ് സ്ഥാപനത്തിന് നിർവഹിക്കാനുള്ളത്. എന്നാൽ പല കാരണങ്ങളാൽ ആരംഭകാലം മുതൽ നാളിതുവരെ ശരാശരി എഗ്ഗർ നഴ്സറിയുടെ പ്രവർത്തനം മാത്രമാണ് സ്ഥാപനം കാഴ്ചവക്കുന്നത്. സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി മുട്ടയുൽപാദന,

വിതരണ, വിൽപന സംവിധാനമൊരുക്കുന്നതിന് സ്ഥാപനത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ മറ്റേതെങ്കിലും സർക്കാർ ഹാച്ചറികളിൽ നിന്നും കൊണ്ട് വന്ന് ശാസ്ത്രീയമായ പരിപാലന മുറകളിലൂടെ വളർത്തി വലുതാക്കി 45 ദിവസം പ്രായം മുതൽ സർക്കാർ നിരക്കിൽ വിവിധ പദ്ധതി ആവശ്യങ്ങൾക്കും പ്രാദേശിക കർഷകരുടെ ആവശ്യാർത്ഥവും നേരിട്ട് വിൽപന നടത്തി അതിൽ നിന്നുള്ള വരുമാനം സർക്കാരിലേക്ക് മുതൽ കൂട്ടുന്ന രീതിയാണ് നിലവിൽ ഫാം ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ സ്വന്തമായി ഹാച്ചറി സംവിധാനം പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാലും ഒരു ദിവസം പ്രായമായ മുട്ടകോഴികുഞ്ഞുങ്ങളെ ആവശ്യപ്പെടുന്ന സമയത്ത് ആവശ്യപ്പെടുന്ന എണ്ണം ലഭിക്കാത്ത സാഹചര്യത്തിലും ഒരു ഫാം സർക്കാർ ഉടമസ്ഥതയിൽ ആരംഭിക്കുമ്പോൾ വിഭാവനം ചെയ്തിരുന്ന ലക്ഷ്യ പൂർത്തീകരണത്തിന് വിലങ്ങു തടിയായി ഭവിച്ചു എന്ന് മാത്രമല്ല പലപ്പോഴും ആ ലക്ഷ്യങ്ങളുടെ അടുത്തുപോലും എത്തുന്നതിൽ പരാജയപ്പെടുന്നതിനും വർഷാവസാനം ഫാം നടത്തിപ്പിന് സർക്കാരിന് ചെലവഴിക്കേണ്ടിവരുന്ന തുകയും പ്രതിവർഷം ഫാമിൽ നിന്നും ലഭിക്കുന്ന വരുമാനവും കൂട്ടിക്കിഴിച്ച് നോക്കുമ്പോൾ നഷ്ടങ്ങളുടെ കണക്ക് മാത്രമാണ് ഫാമിന് പറയാനുള്ളത്. പ്രതിവർഷം ശരാശരി 10000-12000 കോഴികുഞ്ഞുങ്ങളെ വിൽപന നടത്തുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കഴിഞ്ഞ 5 വർഷമായി ഈ രീതിയിലാണ് ആതവനാട് പൗൾട്രി ഫാമിന്റെ പ്രവർത്തനം. തുടർന്നുള്ള വർഷങ്ങളിൽ 15000-20000 വരെ ഉൽപാദനം വർദ്ധിപ്പിക്കുക എന്നതാണ് സ്ഥാപനത്തിന്റെ ലക്ഷ്യം. ഒരുപാട് അടിസ്ഥാന സൗകര്യങ്ങൾ വർഷങ്ങൾക്ക് മുമ്പ് തന്നെ ഒരുക്കിയിട്ടും ആയത് ശരിയാംവിധം ശരിയായ സമയത്ത് ഉപയോഗയുക്തമാക്കുന്നതിനു കഴിയാഞ്ഞതും ജില്ലാ പഞ്ചായത്തിന്റെ ദീർഘ വീക്ഷണമില്ലായ്മയും കാരണം ഫാമിന്റെ പ്രവർത്തനം ഉദ്ദേശ ലക്ഷ്യത്തിലെത്തുന്നില്ല. മലപ്പുറം ജില്ലാ പഞ്ചായത്ത് മുൻ വർഷങ്ങളിൽ പൗൾട്രി ഫാമിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി നിർമ്മിച്ച ഇരുപതോളം കെട്ടിടങ്ങൾ ഈ സ്ഥലത്ത് ഉൾപ്പെടുന്നു. എന്നാൽ കെട്ടിടങ്ങളിൽ 25 % മാത്രമാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് തന്നെ പുതിയ കെട്ടിടങ്ങൾ തന്നെ നാശമായി കൊണ്ടിരിക്കുന്ന സ്ഥിതിയിലാണ്. 8 പുതിയ കെട്ടിടങ്ങൾ (പേരന്റിംഗ് സ്റ്റോക്ക് 3 എണ്ണം - കൊമേഴ്സ്യൽ സ്റ്റോക്ക 5എണ്ണം) നിർമ്മിച്ചുണ്ടെങ്കിലും അതിൽ ഒന്ന് മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഇത്രയും വിസ്തൃതമായതും വിലപിടിപ്പുള്ളതുമായ സ്ഥലത്ത് പൗൾട്രി ഫാമിന്റെ ഉന്നമനത്തിനും വികസനത്തിനും വേണ്ടി ഫണ്ട് ചെലവഴിക്കുക എന്നതിലുപരി ജില്ലാ പഞ്ചായത്ത് ഫണ്ട് ഏത് വിധേനെയെങ്കിലും ചെലവഴിക്കുക എന്ന പ്രവണതയാണ് കണ്ടു വരുന്നത്. അനാവശ്യമായ കെട്ടിട നിർമ്മാണത്തിലൂടെ ഫണ്ട് ചെലവഴിക്കുക മാത്രമാണ് ജില്ലാ പഞ്ചായത്ത് ചെയ്യുന്നത്. ഇതിൻമേൽ തുടർ മോണിറ്ററിങ്ങും ആസ്തികൾ ഉപയോഗയുക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു കാണുന്നില്ല.

<u>ഫാമിൽ നിലകൊള്ളുന്ന കെട്ടിടങ്ങൾ</u>

**1. സെമിനാർ ഹാളുകളടങ്ങുന്ന ഓഫീസ് സമുച്ചയം**

കെട്ടിടത്തിന് വേണ്ടി വകയിരുത്തിയ തുക 55 ലക്ഷമാണ്. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പണിത ഈ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഓഫീസ് സമുച്ചയത്തിൽ 3 വ്യത്യസ്ഥ ശേഷികളിലുള്ള സെമിനാർ, ട്രെയിനിംഗ് ഹാളുകളും ഒരു ഗസ്റ്റ് കം ഫാക്കൽറ്റി സൗകര്യവും ലൈബ്രറി റിക്രിയേഷൻ സൗകര്യവും ഉൾപ്പെടുന്നു. ഓഫീസ് പാർട്ടീഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിൽ സെയിൽസ് കൗണ്ടർ ഒരുക്കാനുണ്ട്. മലപ്പുറം നിർമ്മിതി കേന്ദ്രയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. കെട്ടിടത്തിലേക്കാവശ്യമായ കുറച്ച് ഫർണ്ണീച്ചറുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഫർണ്ണിഷിംഗ് ജോലികൾ പൂർത്തീകരിക്കാൻ ബാക്കിനിൽക്കുന്നു. കെട്ടിടത്തിലേക്ക് വൈദ്യുതി ലഭ്യമായിട്ടില്ല.




**2). ആധുനിക പൗൾട്രി ഷെഡ് (ഗ്രോവർ ഷെഡ്)- 3 എണ്ണം**

30 ലക്ഷം വകയിരുത്തി നിർമ്മിച്ച ഈ കെട്ടിടം മൂന്നു വർഷത്തിലധികമായി ഉപയോഗിക്കാതെ കിടക്കുകയാണ്. 1400 Sq.Ft. വരുന്ന ഈ ഷെഡുകൾ കൊമേഴ്സ്യൽ സ്റ്റോക്കിന് വേണ്ടി നിർമ്മിച്ചതാണ്. ഷെഡിന് മുകൾ ഭാഗത്ത് GI പൈപ്പ് ഫ്രൈം വർക്ക് ചെയ്തതിൽ (കോണാകൃതിയിൽ)ചുമരിൽ എത്തി നിൽക്കുന്ന ഭാഗത്ത് ഗ്യാപ്പ് വന്നതിനാൽ അതിലൂടെ മറ്റ് പക്ഷികൾക്ക് കടന്ന് വരാനും കോഴികുഞ്ഞുങ്ങളെ അക്രമിക്കാനും സാധ്യതയുണ്ട്. കൂടാതെ ചുമരിന് മുകൾ ഭാഗത്തുള്ള ഗ്രില്ലിന് വലുപ്പം

കൂടുതലായതിനാൽ മഴ പെയ്യുമ്പോൾ ഷെഡിനുള്ളിലേക്ക് വെള്ളം വീഴാനും സാധ്യത കാണുന്നു. അശാസ്ത്രീയമായ രീതിയിലാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. ഫാമിന് വേണ്ടി നിർമ്മിച്ച പ്രസ്തുത ഷെഡുകൾ ഗ്രില്ലുകളൊക്കെ നശിച്ച് നിലവിൽ നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്.









3). ലേയർ ഷെഡ് (പാരന്റ് സ്റ്റോക്ക്)- 2 എണ്ണം

21 ലക്ഷം വകയിരുത്തി നിർമ്മിച്ച ഈ കെട്ടിടം മൂന്ന വർഷത്തിലധികമായി ഉപയോഗിക്കാതെ കിടക്കുകയാണ്. ഷെഡുകൾ പാരന്റ് സ്റ്റോക്കിന് വേണ്ടി നിർമ്മിച്ചതാണ്. എന്നാൽ ഹാച്ചറി സംവിധാനം പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഷെഡ് ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ഷെഡിന് മുകൾ ഭാഗത്ത് പൈപ്പ് കുത്തി നിർത്തിയിരിക്കുന്ന ഭാഗത്ത് ഗ്യാപ്പ് വന്നതിനാൽ അതിലൂടെ മറ്റ് പക്ഷികൾക്ക് കടന്ന് വരാനും കോഴിക്കുഞ്ഞുങ്ങളെ അക്രമിക്കാനും സാധ്യതയുണ്ട്. കൂടാതെ ചുമരിന് മുകൾ ഭാഗത്തുള്ള ഗ്രില്ലിന് വലുപ്പം കൂടുതലായതിനാൽ മഴ പെയ്യുമ്പോൾ ഷെഡിനുള്ളിലേക്ക് വെള്ളം വീഴാനും സാധ്യത

കാണന്നു. അശാസ്ത്രീയമായ രീതിയിലാണ് നിർമ്മാണം നടത്തിയിട്ടുള്ളത്.





4). ഹാച്ചറി

18 ലക്ഷം വകയിരുത്തി നിർമ്മിച്ച ഈ കെട്ടിടം മൂന്ന വർഷത്തിലധികമായി ഉപയോഗിക്കാതെ കിടക്കുകയാണ്. പാരന്റ് സ്റ്റോക്കിനെ സംരക്ഷിക്കുന്നതിനും വിരിയിച്ചെടുക്കുന്നതിനും നൂതന മെഷിനറികളുപയോഗിച്ച് (Incubetor (Setter + Hatcher,Generator) കോഴികളുടെ മുട്ട വിരിയിക്കാൻ വേണ്ടിയും നിർമ്മിച്ചതാണ് ഈ കെട്ടിടം. എന്നാൽ വൈദ്യുതി കണക്ഷൻ, മെഷിനറി എന്നിവ ലഭ്യമായിട്ടില്ലാത്തതിനാൽ സംവിധാനം പ്രവർത്തിക്കുവാൻ തുടങ്ങിയിട്ടില്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും Scheme Report ലഭ്യമായിട്ടില്ലാത്തതിനാൽ KSEB യിൽ നിന്നും വൈദ്യുതി കണക്ഷൻ കൊടുത്തിട്ടില്ല. അതുകൊണ്ടുതന്നെ വർഷത്തിൽ പൂർത്തിയായ കെട്ടിടം ഉപയോഗമില്ലാതെ കിടക്കുകയാണ്.





5). പൗൾട്രി ഷെഡ് (ബ്രൂഡർ & ഗ്രോവർ ഷെഡ്)- 3 എണ്ണം

64 ലക്ഷം വകയിരുത്തി നിർമ്മിച്ച ഈ കെട്ടിടം മൂന്ന വർഷത്തിലധികമായി ഉപയോഗിക്കാതെ കിടക്കുകയാണ്. കെട്ടിടത്തിന്റെ ചുറ്റുഭാഗം കാടുപിടിച്ച് കിടക്കുന്ന അവസ്ഥയിലാണ്. 1400 Sq.Ft. വരുന്ന ഈ ഷെഡുകൾ കൊമേഴ്സ്യൽ സ്റ്റോക്കിന് വേണ്ടി

നിർമ്മിച്ചതാണ്. സി.എസ്.എസ് ഫണ്ട് (PWD) ഉപയോഗിച്ചാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്.



**6). ജനറേറ്റർ റൂം കം സെക്യൂരിറ്റി ക്യാബിൻ**

5.25 ലക്ഷം വകയിരുത്തി നിർമ്മിച്ച ഈ കെട്ടിടം മൂന്ന വർഷത്തിലധികമായി ഉപയോഗിക്കാതെ കിടക്കുകയാണ്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല.



**7). ലബോറട്ടറി കം സ്റ്റോർ റൂം**

6.55 ലക്ഷം വകയിരുത്തി നിർമ്മിച്ച ഈ കെട്ടിടത്തിലാണ് ഓഫീസ് സംവിധാനങ്ങൾ താൽക്കാലികമായി പ്രവർത്തിച്ച വരുന്നത്. പുതിയ ഓഫീസ് കെട്ടിടം മുഴുവൻ പൂർത്തിയാകുന്ന മുറക്ക് ഓഫീസ് സംവിധാനം ഷിഫ്റ്റ് ചെയ്യുന്നതാണെന്ന്

വെററിനറി സർജൻ അറിയിച്ചു.



**8). പൗൾട്രി ഷെഡ് (പഴയത് 5 എണ്ണം)**

നിലവിൽ പഴയ 4 പൗൾട്രി ഷെഡുകളിലാണ് കോഴികുഞ്ഞുങ്ങളെ പരിപാലിക്കുന്നത്. ഒരു ഷെഡ് ജീർണ്ണാവസ്ഥയിലാണ്. പുതിയ പൗൾട്രി ഷെഡുകളിൽ ഒന്നു മാത്രമാണ് ഉപയോഗിക്കുന്നത്. വ്യത്യസ്ത പ്രായത്തിലുള്ള കോഴിക്കുഞ്ഞുങ്ങളെ ഓരോ ഷെഡിലും പരിപാലിക്കുന്നു.



**9). റാബിറ്റ് ഷെൽറ്റർ**

1.800 ച.അടി ഫ്ളോർ സ്പേസ് നൽകുന്ന ഒരു ഷെഡിൽ 9 മുയലുകളെ വളർത്തുന്നുണ്ട്.

**10) സ്റ്റാഫ് ക്വാട്ടേഴസ്**

3 സ്റ്റാഫ് ക്വാട്ടേഴ്സുകളിൽ 2 എണ്ണം ഫാമിലെ ജീവനക്കാർ വിനിയോഗിക്കുമ്പോൾ മറ്റൊരെണ്ണത്തിൽ അടുത്തിടെ ആരംഭിച്ച ആതവനാട് ആർ.എ.ഐ.സി യുടെ ഓഫീസ് താൽക്കാലികമായി പ്രവർത്തിക്കുന്നു. ഈ ഓഫീസിനായി പുതിയ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**11)** പഴയ ഓഫീസ് കെട്ടിടം

കെട്ടിടത്തിന്റെ കാലപ്പഴക്കം കാരണം നിലവിൽ ഈ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തിക്കുന്നില്ല. പഴയ ഓഫീസ് കെട്ടിടം ജീർണ്ണാവസ്ഥയിൽ കിടക്കുന്നു.



ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജസ്രോതസ്സായ വൈദ്യുതി ലഭിക്കുന്നതിന് വേണ്ടി 2015-16 വർഷത്തിൽ 4,70,000 രൂപ ചെലവിൽ ഒരു ട്രാൻസ്ഫോർമർ കൂടി ഫാമിൽ സ്ഥാപിച്ചിട്ടുണ്ട്. ഫാമിനുള്ളിലുള്ള ജലദൗർലഭ്യം പരിഹരിക്കുന്നതിന് വേണ്ടി ഫാമിനുള്ളിൽ കുളം കുഴിക്കുകയും 2015-16 വർഷത്തിൽ മോട്ടോർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജല ക്ഷാമം കാരണം നിലവിൽ ഫാമിലേക്കാവശ്യമായ വെള്ളം വില കൊടുത്തു വാങ്ങുന്ന സ്ഥിതി വിശേഷമാണുള്ളത്.

വർഷങ്ങളായി പരാധീനതകളുടെയും പരിമിതികളുടെയും നടുവിൽപ്പെട്ട് നാമമാത്രമായ പ്രവർത്തനങ്ങൾ മാത്രം കാഴ്ചവച്ച് ഉൽപാദനമേഖലയിലേക്ക് ചെറിയ സംഭാവനകൾ മാത്രം നൽകാൻ വിധിക്കപ്പെട്ട് കഴിയുന്ന ഈ സ്ഥാപനത്തിന് ഇന്ന് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിലും ആയത് ഉപയോഗയുക്തമാക്കാതെ വർഷങ്ങൾ തള്ളി നീക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ഫാം ശാക്തീകരണത്തിന്റെ ഭാഗമായി ഒരു അസി.ഡയറക്ടറെ കൂടി ഫാമിൽ നിയമിച്ചിട്ടുണ്ട്. സ്വന്തമായി ഹാച്ചറി സംവിധാനം എത്രയും വേഗത്തിൽ പ്രവർത്തനക്ഷമമാക്കിയെങ്കിൽ മാത്രമേ ഫാമിൽ നിന്നും വരുമാനം സർക്കാരിലേക്ക് ലഭ്യമാവുകയുള്ളൂ. ആയതിനുള്ള നടപടി എത്രയും വേഗം പൂർത്തീകരിക്കുന്നതിനും അതോടൊപ്പം തന്നെ നശിച്ചു കൊണ്ടിരിക്കുന്ന ഷെഡുകൾ മെയിന്റനൻസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ എല്ലാ കെട്ടിടങ്ങളും ഫാമിന്റെ ആവശ്യത്തിന് ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. കോടികൾ വിലമതിക്കുന്ന സ്ഥലത്ത് ലക്ഷക്കണക്കിന് രൂപയുടെ ആസ്തികൾ കെട്ടിപ്പൊക്കിയിട്ടും എല്ലാ വർഷങ്ങളിലും നഷ്ടങ്ങളുടെ കണക്കുകൾ മാത്രം പറയുന്ന ഫാമിനെ ഇനിയുള്ള വർഷങ്ങളിൽ ഉയർത്തെഴുന്നേൽപ്പിക്കുന്നതിനും വരുമാനദായകമാക്കുന്നതിനുമുള്ള നടപടികൾ അധികാരികളിൽ നിന്നും ഉണ്ടാവേണ്ടതാണ്. പൗൾട്രി ഫാമിന്റെ നടത്തിപ്പിൻമേൽ ജില്ലാ പഞ്ചായത്തിന്റെയും സർക്കാരിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ GO(MS)225/12/LSGD Dt 18.08.2012, GO(MS)362/13/LSGD Dt 16.11.2013 നം സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ 2015-16 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പഞ്ചായത്ത് പ്ലാൻ തയ്യാറാക്കിയത് എന്ന് വ്യക്തമായി.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി, വാർഷിക പദ്ധതികൾ എന്നിവ താഴെ പറയുന്ന നടപടികൾ പാലിച്ചാണ് തയ്യാറാക്കേണ്ടത് എന്ന് GO(MS)225/12/LSGD തീയതി: 18.08.2012, GO(MS)362/13/LSGD തീയതി: 16.11.2013 നം സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

1)പ്ലാൻ കോ-ഓർഡിനേറ്ററെ നിശ്ചയിക്കൽ - ഭരണ സമിതി പ്ലാൻ കോ-ഓർഡിനേറ്ററെ നിശ്ചയിച്ച് തീരുമാനം എടുക്കണം.

2)എല്ലാ വർഷവും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഭരണ സമിതി ഗ്രൂപ്പ് അംഗങ്ങളെ അംഗീകരിക്കുകയും ചെയർ പേഴ്സണെയും , കൺവീനറെയും നിശ്ചയിക്കുകയും വേണം.

3) വർക്കിംഗ് ഗ്രൂപ്പ് : 7 മുതൽ 17 വരെ അംഗങ്ങൾ , അംഗ സംഖ്യയുടെ 1/3 ആണ് ക്വാറം. ഹാജർ രജിസ്റ്റർ, മിനട്സ് ബുക്ക്, തീരുമാനം രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ സൂക്ഷിക്കണം.

4)വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം : വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ ആദ്യ പൊതുയോഗത്തിൽ പ്രസിഡന്റ് മുൻ വർഷ പദ്ധതി വിലയിരുത്തുകയും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ നടപ്പുവർഷ മുൻഗണനകൾ വിശദീകരിക്കുകയും ചെയ്യണം.

5) വർക്കിംഗ് ഗ്രൂപ്പുകൾ യോഗങ്ങൾ ചേർന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് കരട് പ്രൊജക്റ്റ് നിർദേശങ്ങൾ തയ്യാറാക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക , മുൻവർഷ പ്രൊജക്റ്റ് നടത്തിപ്പ് സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക എന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്.

6)പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിയാലോചന നടത്തുക

7)ജനപ്രതിനിധികളുടെ യോഗം വിളിക്കുക

8)പ്രൊജക്റ്റ് അന്തിമമാക്കുക , വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ തയ്യാറാക്കുക

9)വികസന സെമിനാർ : വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്ത് ആവശ്യമായ നിർദേശങ്ങൾ നൽകുക

10)വികസന രേഖ ഭരണ സമിതി അംഗീകരിക്കുക , അടങ്കലും വകയിരുത്തലും തീരുമാനിക്കുക.

11) നിർവഹണോദ്യോഗസ്ഥൻ പ്രൊജക്റ്റ് തയ്യാറാക്കി അംഗീകാരം നേടുക.

എന്നാൽ ജില്ലാ പഞ്ചായത്തിന്റെ 2015-16 വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മേൽ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പദ്ധതി തയ്യാറാക്കി വിവിധ പ്രൊജക്റ്റുകൾക്ക് അംഗീകാരം നേടിയത് എന്ന് വ്യക്തമായി

- 10-11-14 -ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം.2922/2014/ത.സ്വ.ഭ.വ പ്രകാരം 15-11-14 -നകം 2015-16 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതും 22-11-14 – നകം പ്രഥമ വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി യോഗം ചേരേണ്ടതുമാണ്. എന്നാൽ ഭരണ സമിതിയുടെ 24-11-14 -ലെ 2(5) നമ്പർ തീരുമാന പ്രകാരം നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകളെ അതേ പടി നില നിർത്തുകയാണുണ്ടായത്. അത് പോലെ 05-12-14 -ന് മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത്.
- പ്രൊജക്റ്റ് തയ്യാറാക്കുന്നതിന് 19 വർക്കിംഗ് ഗ്രൂപ്പുകൾ ഉള്ളതിൽ 7 വർക്കിംഗ് ഗ്രൂപ്പുകളുടെ മിനട്സ് ബുക്ക് മാത്രമാണ് പരിശോധനക്കായി ഹാജരാക്കിയിട്ടുള്ളത്. 2015-16 വർഷത്തെ ഹാജർ, തീരുമാനം , പ്രൊജക്റ്റ് നിർദേശങ്ങൾ തുടങ്ങി യാതൊന്നും മിനട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് കൊണ്ട് തന്നെ പ്രോജക്റ്റ് രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ യാതൊരു പങ്കും വഹിച്ചതായി കാണുന്നില്ല.
- പ്രൊജക്റ്റ് സംബന്ധിച്ച് പഠനം നടത്തുകയോ ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുകയോ ചെയ്തിട്ടില്ല.
- വർക്കിംഗ് ഗ്രൂപ്പുകൾ മുൻ പഞ്ചവത്സര കാലയളവിലെ പ്രൊജക്റ്റുകൾ അവലോകനം ചെയ്ത് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
- സ്ഥാപനം നടപ്പാക്കുന്ന പ്രൊജക്റ്റുകളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണെങ്കിലും പ്രസ്തുത ചുമതലയും നിറവേറ്റിയതായി കാണുന്നില്ല.
- പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും 06-12-14- ന്കൂടിയാലോചന നടത്തിയതിന്റെ മിനട്സ് , തീരുമാനങ്ങൾ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- 22-01-2015- ന് 2015-16 വർഷത്തേക്കുള്ള വികസന സെമിനാർ നടത്തിയിട്ടുണ്ടെങ്കിലും പദ്ധതി സംബന്ധിച്ച് നടത്തിയ ചർച്ചയുടെ വിവരങ്ങൾ, നിർദേശങ്ങൾ എന്നിവ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വികസന സെമിനാർ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക മിനട്സ് ബുക്കും സൂക്ഷിച്ചിട്ടില്ല.

പ്രൊജക്റ്റ് തയ്യാറാക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ഉത്തരവാദിത്തം നിറവേറ്റിയിട്ടില്ല എന്ന് വ്യക്തമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ യാതൊരു പങ്കും നിറവേറ്റാതെ തയ്യാറാക്കപ്പെട്ട പ്രൊജക്റ്റ് , പ്ലാൻ എന്നിവ ഏതാനും

വ്യകതികൾ മാത്രം തയ്യാറാക്കിയതാണ് എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

## 3-14 ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതി--ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ ക്രമീകരണ വിവരമില്ല.

2015-16 വർഷത്തിൽ,ഐ.എ.വൈ ഭവനനിർമ്മാണപദ്ധതിയുടെ ജില്ലാ പഞ്ചായത്ത് വിഹിതമായി 15 ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

1-പ്രൊജക്ട് നം. 958/19(ജനറൽ)

ബിൽ നം.1/15-16/30.11.15---8134347

ബിൽ നം.2/15-16/30.11.15---64988

ബിൽ നം.5/15-16/08.01.16---125512196

നിർവ്വഹണം-പ്രൊജക്ട് ഡയറക്ടർ,ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്

2-പ്രൊജക്ട് നം. 959/19(എസ്.സി)

ബിൽ നം.3/15-16/30.11.15---17317456

ബിൽ നം.6/15-16/08.01.16---5152544

ബിൽ നം.8/15-16/27.02.16---36959323

നിർവ്വഹണം-പ്രൊജക്ട് ഡയറക്ടർ,ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്

3-പ്രൊജക്ട് നം. 960/19(എസ്.ടി)

ബിൽ നം.4/15-16/30.11.15---1500000

ബിൽ നം.7/15-16/31.01.16---81000

ബിൽ നം.10/15-16/29.02.16---5328000

ബിൽ നം.11/15-16/11.03.16--1569000

നിർവ്വഹണം-പ്രൊജക്ട് ഡയറക്ടർ,ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്

| ബ്ലോക്ക് പഞ്ചായത്ത് | അനുവദിച്ച തുക | | |
|---|---|---|---|
| | ജനറൽ | എസ്.സി | എസ്.ടി |
| അരീക്കോട് | 12730000 | 5052000 | 1143000 |
| കാളികാവ് | 10978531 | 3925500 | 3761000 |
| നിലമ്പൂർ | 9253000 | 5598200 | 2588000 |
| വണ്ടൂർ | 13758000 | 5837100 | 1715000 |
| കൊണ്ടോട്ടി | 11823000 | 5837100 | |
| കുറ്റിപ്പുറം | 8557000 | 3584200 | |
| മലപ്പുറം | 9070000 | 4403400 | |
| മങ്കട | 5110000 | 2116400 | |
| പെരിന്തൽമണ്ണ | 10433000 | 4540000 | |
| പെരുമ്പടപ്പ് | 8678000 | 3925500 | |
| പൊന്നാനി | 6863000 | 2867400 | |
| താനൂർ | 8526000 | 2662500 | |
| തിരൂർ | 6683000 | 4403523 | |
| തിരൂരങ്ങാടി | 5474000 | 2321200 | |
| വേങ്ങര | 5775000 | 2355300 | |

| | | | |
|---|---|---|---|
| ആകെ | 133711531 | 59429323 | 9207000 |

മേൽപ്പറഞ്ഞ പ്രകാരം ലഭിച്ച തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭ്യമായിട്ടില്ല. ജില്ലാ പഞ്ചായത്ത് നൽകിയ വിഹിതത്തിന് ആനുപാതികമായി ഗുണഭോക്താക്കൾ എല്ലാവരും എഗ്രിമെന്റ് വച്ചിട്ടുണ്ടോയെന്നുള്ള വിവരവും ഫയലിൽ ലഭ്യമല്ല. ഐ.എ.വൈ പദ്ധതി അവസാനിച്ച സാഹചര്യത്തിൽ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 ജില്ലാ പഞ്ചായത്ത് ഓഫീസ് പ്ളംബിംഗ്,വയറിംഗ് പുനരുദ്ധാരണം- അപാകതകൾ

2015-16 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ജില്ലാ പഞ്ചായത്ത് ഓഫീസ് പ്ളംബിംഗ്, വയറിംഗ് പുനരുദ്ധാരണം എന്നപദ്ധതി(പ്രൊജക്ട് 943/16) 2350000 രൂപ അടങ്കലുള്ള പ്രവർത്തി നിർമ്മിതികേന്ദ്രം മുഖേന നടപ്പിലാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന ഇനങ്ങൾ നടപ്പിലാക്കാനാണ് നിർമ്മിതികേന്ദ്രം മലപ്പുറവുമായി 1.1.2016-ൽ എഗ്രിമെൻറ് വെച്ചിട്ടുള്ളത്.

1. Room for Front veranda& Room for Suraksha,

2 Modification of Front Porch,

3. Additional Toilet Unit,

4 Spectic Tank

5 Repair Works Existing Plumbing and Sanitation,

6. Re-Electrification

ആയതിന് നാളിതുവരെയായി താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

അഡ്വാൻസ് - 470000 (ചെക്ക് നം.1626323/19.1.16)

II,III,IV ഗഡു- 1057000(ചെക്ക് നം.1626398/29.3.16)

ആകെ 1527000

പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.സർക്കാർ ഉത്തരവ് നം.(സാധാ)നം. 244/13 ത.സ്വ.ഭ.വ തി.30.1.2013 പ്രകാരം നിർമ്മിതി കേന്ദ്രത്തിന്റെ തനതായ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവർത്തികൾ മാത്രമേ നിർമ്മിതികേന്ദ്രത്തെ എൽപ്പിക്കാവൂ എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. കൂടാതെ സർക്കാർ ഉത്തരവ് നം.(സാധ)നം. 133/13 ത.സ്വ.ഭ.വ തി.30.3.2013 വ്യവസ്ഥ 7 (1) a)പ്രകാരം PWD ഡാറ്റയും ഷെഡ്യൂളും ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള സാധാരണ മരാമത്ത് പ്രവർത്തികൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതല്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. വ്യവസ്ഥ 7(ii) പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയുന്ന പ്രവർത്തികളെല്ലന്നും ഉറപ്പ് വരുത്തേണ്ടതാണെന്നും, നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകൾ പാലിക്കാതെ തദ്ദേശസ്ഥാപനം വഴി നടപ്പാക്കാമായിരുന്ന മേൽ പ്രവർത്തികൾ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2. പ്രവർത്തിക്ക് സാങ്കേതിക അനുമതി ലഭിച്ചതായി നം. (TS.NKM/BLDG/035/2015-16) എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

3.നിർമ്മിതി കേന്ദ്രം 22.3.16-ൽ ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ഒന്നും രണ്ടും ഇനങ്ങൾ 100% വും, മൂന്നാം ഇനം 95% വും, നാല്, അഞ്ച്, ആറ് ഇനങ്ങൾ 45%വുമാണ് പൂർത്തീകരിച്ചിട്ടുള്ളത്. എഗ്രിമെന്റ് വ്യവസ്ഥ 6 പ്രകാരം പ്രവർത്തികൾ 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും നാളിതുവരെയായിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ / വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. കൂടാതെ പ്രവർത്തി പൂർത്തീകരിച്ചത് അളവെടുത്ത് ചെക്ക് മെഷർ ചെയ്തതിന്റെ രേഖകളും ഫയലിൽ ഇല്ല.

4. 1527000 രൂപ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുള്ളതിൽ പ്രവർത്തിയുടെ മൂല്യനിർണ്ണയത്തിന് ആനുപാതികമായിട്ടുള്ള VAT, IT, KCWWF എന്നിവ ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് 02.05.17 ൽ നൽകിയ 28-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. അർഹമായ VAT, IT, KCWWF എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതുമാണ്. സർക്കാർ ഉത്തരവിനു വിരുദ്ധമായി പദ്ധതി നിർമ്മിതി കേന്ദ്രം വഴി നടപ്പാക്കിയതിനാൽ ചെലവുതുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-16 മങ്കട പള്ളിപ്പുറംGHSS -ൽ ലാബ് സെറ്റിംഗ്-അപാകത

2015-16 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ മങ്കട പള്ളിപ്പുറം GHSS -ൽ ലാബ് സെറ്റിംഗ് എന്ന പദ്ധതി (പ്രൊജക്ട് നം.SO 953/16) പ്രകാരം 8 ഇനം ഫർണ്ണീച്ചറുകൾ SIDCO -യിൽ നിന്നും വാങ്ങിയതിന് 711926 രൂപ നൽകിയിട്ടുണ്ട് . ആയതിൽ Item 8 Hard wood lab table with 6 legs 180x120x90 cm എന്ന ഇനം 6 എണ്ണം വാങ്ങിയതിന് ടാക്സുൾപ്പെടെ 177246 രൂപയാണ് നൽകിയിട്ടുള്ളത്. എന്നാൽ SIDCO Ref. MTG/mpm/004/2015-16 തി.21.8.15 കത്തിൽ മേൽ ഇനം സർക്കാർ നിശ്ചയിച്ചുതന്ന ലിസ്റ്റിൽ ഇല്ലാത്തതിനാൽ SIDCO ക്വട്ടേഷൻ വിളിച്ച് ലഭിച്ച കുറഞ്ഞ വിലയാണെന്ന് അറിയിച്ചിട്ടുണ്ട്. SIDCO-യിൽ ലഭ്യമല്ലാത്ത ഇനം ഓപ്പൺ ടെണ്ടർ മുഖേന ലഭ്യമാക്കേണ്ടതാണെന്നിരിക്കെ SIDCO നിശ്ചയിച്ച വിലക്ക് സാധനങ്ങൾ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കണമെന്ന് കാണിച്ച് 02.05.17 ന് 25-ാം നമ്പറായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ ചെലവ് ചെയ്ത 1,77,246/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 വാദ്യോപകരണങ്ങൾ നൽകൽ പ്രൊജക്ട് :അപാകതകൾ

പ്രൊജക്ട് : ശിങ്കാരിമേളം പരിശീലനം ലഭിച്ച ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ നൽകൽ

നം. : S0980/16

ബിൽ നം. 1/19-03-2016 : 10,00,000

ബിൽ നം. 7/30-03-2016 : 28,91,201

ട്രഷറി ചെക്ക് നം. 1626400/ 30-03-16 : 2,04,804 (ഗുണ. വിഹിതം)
നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ലാ പട്ടികജാതി വികസന ഓഫീസർ

മേൽ പ്രൊജക്ടിൻറെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു :

1. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010/ത.സ്വ.ഭ.വ. തിയ്യതി 08-11-2010 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറിംഗ് നടത്തേണ്ടതുണ്ട്. ഇതിനായി വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും മലയാളം ദിനപ്പത്രത്തിലും പരസ്യം ചെയ്യണം. എന്നാൽ ഇത്തരത്തിലുള്ള ഒരു നടപടിക്രമവും പാലിച്ചിട്ടില്ല. രണ്ട് സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ മാത്രമാണ് ഫയലിൽ ഉള്ളത്. എന്നാൽ ക്വട്ടേഷൻ നോട്ടീസും പരിശോധനക്ക് ലഭ്യമായില്ല.

2. വാദ്യോപകരണങ്ങൾ വാങ്ങിയിരിക്കുന്നത് KADCOയിൽ നിന്നാണ്. ടെണ്ടർ നടപടികൾ കൂടാതെ KADCOയിൽ നിന്നും വാങ്ങാൻ അനുമതി ഉള്ള ഉൽപ്പന്നങ്ങളിൽ വാദ്യോപകരണങ്ങൾ ഉൾപ്പെടുന്നില്ല.

3. മുൻകൂറായി തുക നൽകുവാൻ അനുമതി ഉള്ള സ്ഥാപനങ്ങളിൽ KADCO ഉൾപ്പെടുന്നില്ല. എന്നിട്ടും 25% തുക വർക്ക് ഓർഡറിനൊപ്പം നൽകാം എന്ന് 01-03-2016 ന് വെച്ച കരാറിൽ രേഖപ്പെടുത്തുകയും , സാധനങ്ങൾ സപ്ളെ ചെയ്യുന്നതിന് മുമ്പ് തന്നെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

01-03-2016 ന് വെച്ച കരാർ പ്രകാരം 30 ദിവസത്തിനുള്ളിൽ സാധനങ്ങൾ സപ്ളെ ചെയ്യണമെന്ന് നിബന്ധന വെച്ചിരുന്നെങ്കിലും, കരാർ പ്രകാരമുള്ള സമയത്തിനകം സാധനം സപ്ളെ ചെയ്തിട്ടില്ല എന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ KADCOക്ക് നൽകിയ കത്തിൽ നിന്നും വ്യക്തമാക്കുന്നുണ്ട്. പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലാണ് മാർച്ച് മാസത്തിൽ സാധനങ്ങൾ വിതരണം ചെയ്യാതിരുന്നത് എന്ന മറുപടിയാണ് ജില്ലാ പട്ടികജാതി വികസന ഓഫീസർ ഓഡിറ്റ് എൻക്വയറി നം. 15/11.04.17 ന് നൽകിയത്.

4. വിതരണം ചെയ്ത വാദ്യോപകരണങ്ങളുടെ ഗുണമേൻമ പരിശോധിച്ചതിന്റെ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങൽ നടത്തിയത് ക്രമപ്രാകാരമല്ല. ചെലവ് തുക 38,91,201രൂപ തടസ്സം ചെയ്യുന്നു.

## 3-18 പാൽ ഗുണമേൻമാ നിർണ്ണയ ലാബ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് : പാൽ ഗുണമേൻമാ നിർണ്ണയ മൊബൈൽ ലാബ്

നം. : S0189/16

ബിൽ നം. 1/30-07-2015 : 1,22,644

നിർവ്വഹണം - ഡെ.ഡയറക്ടർ , ഡയറി ഡെവലപ്പ്മെൻറ് ഡിപ്പാർട്ട്മെൻറ്

മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു :

1. 2014-15ൽ പാൽ ഗുണമേൻമാ നിർണ്ണയ മൊബൈൽ ലാബ് എന്ന പ്രൊജക്ടിൻ കീഴിൽ ജീപ്പ് വാങ്ങുന്നതിനായി, 05-08-14 മുതൽ 12-05-15 വരെ validity ഉള്ള DGS&D റേറ്റ് കോൺട്രാക്റ്റ് പ്രകാരമുള്ള തുക 6,97,164 രൂപ മഹീന്ദ്രാ കമ്പനിക്ക് 23-04-2015ൽ നൽകിയിട്ടുണ്ട്. എന്നാൽ എക്സൈസ് ഡ്യൂട്ടിയിൽ വർദ്ധനവ് ഉണ്ടായി എന്ന് അറിയിച്ചതിനാൽ 23,467 രൂപ കൂടി 20-05-15ൽ നൽകി.

നേരത്തേ, ഇൻവോയ്സ് പ്രകാരമുള്ള തുക റേറ്റ് കോൺട്രാക്റ്റ് കാലയളവിൽ തന്നെ മുൻകൂറായി അടവാക്കിയെങ്കിലും വാഹനം വിതരണം ചെയ്യാതിരുന്നത് മഹീന്ദ്ര കമ്പനിയുടെ വീഴ്ചയാണ്. തന്മൂലം വികസന ഫണ്ടിൽ നിന്നും അധികം തുക നൽകണമെന്ന ആവശ്യം അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

2.ജീപ്പിനകത്ത് ഒരു മേശ, കബോർഡ്, 20ലിറ്ററിന്റെ 2 വാട്ടർ ടാങ്കുകൾ എന്നിവ വാങ്ങി ഫിറ്റ് ചെയ്യുന്നതുൾപ്പടെയുള്ള പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ നോട്ടീസ് പതിക്കുക മാത്രമാണ് ചെയ്തത്. പത്രങ്ങളിൽ പരസ്യം ചെയ്തില്ലെങ്കിലും, മൂന്ന് ക്വട്ടേഷനുകളും ലഭിച്ചത് കോട്ടയം ജില്ലയിൽ നിന്നാണ്. കുറഞ്ഞ നിരക്ക് ആയ 93,000 രൂപ ക്വാട്ട് ചെയ്ത സുരേഷ് മെറ്റൽ വർക്സ്, കുമാരനെല്ലൂരിനെ തെരഞ്ഞെടുത്തു.

ക്വട്ടേഷൻ ക്ഷണിക്കുന്നത് 24-06-2015നാണ്, ക്വട്ടേഷൻ അംഗീകരിക്കുന്നത് 01-07-2015 നം. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട നിരക്കായ 93,000 രൂപ കണക്കാക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് അലോട്ട്മെൻറിന് അപേക്ഷ നൽകുന്നത്

04-06-2015നാണ്. സുതാര്യമായ നടപടി ക്രമങ്ങൾ പാലിച്ചില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

3. കാലിഗ്രാഫ് ബിസിനസ് സിസ്റ്റത്തിന് നൽകാനുള്ള ബാക്കി തുക എന്ന് രേഖപ്പെടുത്തി 6177രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ നേരത്തേ തുക നൽകിയതിൻറെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തുക തടസ്സം ചെയ്യുന്നു.

രേഖകൾ ഹാജരാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-19 GIFD -സെന്ററുകളിലേക്ക് ഉപകരണം വാങ്ങൽ- അപാകതകൾ

2015-16-ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ GIFD(Govt Institute of Fashion Designing) -സെന്റുകളിലേക്ക് ഉപകരണം വാങ്ങൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന സാധനങ്ങൾ SIDCO -യിൽ നിന്നും വാങ്ങിയിട്ടുണ്ട്.
വേങ്ങര, പൊന്നാനി, മങ്കട, കൊണ്ടോട്ടി എന്നീ സെന്ററുകൾക്ക് വേണ്ടിയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

കംപ്യൂട്ടർ- 10

ഡ്രസ്സ് ഫോം- 5

ഡമ്മി- 7

LCD - 4

വാട്ടർ കൂളർ - 4

വാട്ടർ ഫിൽട്ടർ- -4

ലോക്കിംഗ് മെഷീൻ-5

ഫാഷൻ മൈക്കർ-5

യു.പി.എസ് -1

ടൈലറിംഗ് മെഷീൻ-4

സീലിംഗ് ഫാൻ-3

കത്രിക-10

കാളിംഗ് ബെൽ -1

WINDOWS OS-10

Software PhotoShop-1

Softwrae Coral Draw-1

മേൽ സാധനങ്ങൾ വാങ്ങിയതിന് 1278280 രൂപ SIDCO ക്ക് നൽകിയിട്ടുണ്ട് (ബിൽ നം. 57/15-16 Dt.31.3.16)അംഗീകരിച്ച പദ്ധതി പ്രകാരം ടെണ്ടർ മുഖേന വാങ്ങേണ്ടതിന് പകരം, ഉപകരണങ്ങൾ SIDCO ൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. ജി.ഒ(പി)3/2013 SPD/21.6.13 പുറപ്പെടുവിച്ച സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9.24 പ്രകാരം വാങ്ങുന്ന സാധങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനം തന്നെ ഉൽപ്പാദിപ്പിച്ചതാണെന്ന് ഉറപ്പുവരുത്തണമെന്ന നിബന്ധന മേൽ സാധനങ്ങൾ വാങ്ങിയതിൽ പാലിച്ചില്ല. ഇത്തരം ഉപകരണങ്ങൾ/സോഫ്റ്റ് വെയറുകൾ വിതരണം ചെയ്യുന്നതിനായി SIDCO യെ സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല.

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 26./2.5.17 ന് ഇത്രയും ഉപകരണങ്ങൾ ഒറ്റ ടെണ്ടറിലൂടെ വാങ്ങാനുള്ള പ്രായോഗിക ബുദ്ധിമുട്ട് കാരണം കൊണ്ടാണ് SIDCO യിൽ നിന്നും വാങ്ങിയത് എന്ന മറുപടിയാണ് ലഭിച്ചത്. ടി മറുപടി അംഗീകരിക്കാവുന്നതല്ല. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-20 എസ്റ്റിമേറ്റ് തയ്യാറാക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്തുകയും വാല്യുവേഷൻ നടത്താതെ പണം നൽകുകയും ചെയ്തു.

നിർവഹണ ഉദ്യോഗസ്ഥൻ – സീ. കൃഷി ഓഫീസർ, ചോക്കാട് സീഡ് ഫാം

പ്രൊജക്ടിന്റെ പേര് – കൃഷി ഫാമിന്റെ ദൈനംദിന ചെലവ്

ചെക്ക് നമ്പർ 1626380/11-03-16 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ കൈപ്പറ്റിയ 5,30,000 രൂപയിൽ 2,52,956 രൂപ നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. കൃഷി ഓഫീസർ ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം 172956 രൂപ ഫാമിനകത്ത് ഇറിഗേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനും 80,000 രൂപ ഫാമിൽ റോഡ് നിർമ്മിക്കുന്നതിനുമാണ് ചെലവഴച്ചത്. ശ്രീ. വിജയൻ എന്നയാൾ 80,000 രൂപ കൈപ്പറ്റിയതിന്റെ രസീതി മാത്രമാണ് റോഡ് നിർമ്മാണ ചെലവ് രേഖയായി ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. പത്മ ഹാർഡ്‌വെയേഴ്സ്, എടക്കര എന്ന സ്ഥാപനത്തിൽ നിന്നും പ്ലംബിംഗ് സാധനങ്ങൾ വാങ്ങിയതിന്റെ ഇൻവോയ്സുകളും 88,290 രൂപ ശ്രീ.നിഷാദ് ലേബർ ചാർജിനത്തിൽ കൈപ്പറ്റിയതിന്റെ രശീതിയും മാത്രമാണ് ഇറിഗേഷൻ സിസ്റ്റം സ്ഥാപിച്ചതിന്റെ രേഖയായി പരിശോധനക്ക് ഹാജരാക്കിയത്.

നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന്റെ മുമ്പ് തയ്യാറാക്കേണ്ട എസ്റ്റിമേറ്റ്, ക്ഷമതയുള്ള എഞ്ചിനീയറുടെ വാല്യുവേഷൻ എന്നീ പ്രാഥമിക നടപടിക്രമങ്ങൾ പോലും പാലിച്ചിട്ടില്ല. ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട VAT, IT, ക്ഷേമനിധി വിഹിതം എന്നിവയും കുറവ് ചെയ്തിട്ടില്ല. ചെലവ് തുക 2,52,956 രൂപ തടസ്സം ചെയ്യുന്നു. 05-01-2016 ന് 3,75,000/- ADA വണ്ടൂരിൽ നിന്നും കാഷ്ബുക്ക് പ്രകാരം ചോക്കാട് കൃഷി ഫാമിൽ വരവുണ്ട്. Manager, SMGB for collection എന്ന് രേഖപ്പെടുത്തി അന്നേ ദിവസം തന്നെ കാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. വരവ് ചെലവ് സംബന്ധിച്ച് വിശദ വിവരങ്ങൾ ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് 11-05-17 ൽ 1-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 26-05-17 ന് നൽകിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതിന് 2 ആഴ്ച സമയം ആവശ്യപ്പെട്ടിരിക്കയാണ്. ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

# 3-21 ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2015-16-ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം. 961/16) എന്ന പദ്ധതിക്ക് വേണ്ടി 81,57,275 രൂപ വകയിരുത്തുകയും താഴെപ്പറയും പ്രകാരം തുക പിൻവലിച്ച് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

1. ബിൽ നം. 22/15-16 തി.11.1.16 തുക 650000

2. ബിൽ നം. 42/15-16 തി.16.3.16 തുക 3263775

3 ബിൽ നം. 43/15-16 തി.21.3.16 തുക 1860500

4 ബിൽ നം. 53/15-16 തി.30.3..16 <u>തുക 562500</u>

ആകെ 6336775

എന്നാൽ താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ചെലവുതുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

<u>ഗ്രാ.പ പേര് നൽകിയ തുക</u>

1.ചാലിയാർ 75000

2.തെന്നല 80250

3.ചെറിയമുണ്ടം 150000

4.വാഴക്കാട് 275000

5.തലക്കാട് 150000

ആകെ 730250

## 3-22 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2015-16-ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ജലനിധിക്ക് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| സ്ഥാപനം | തുക | ബിൽ നം.തിയ്യതി |
|---|---|---|
| തെന്നല ഗ്രാമപഞ്ചായത്ത് പ്രൊജക്ട്(6/16) | 2500000 | 2/15-16 തി.17.8.2015 |
| പറപ്പൂർ ഗ്രാമപഞ്ചായത്ത് പ്രൊജക്ട്(7/16) | 2000000 | 8/15-16 തി.16.9.15 |

മേൽ തുക ചെലവഴിച്ചത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല .ചെലവുതുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-23 മരാമത്ത് പ്രവൃത്തി വിഭജിച്ചു ടെണ്ടർ നടപടി പാലിക്കാതെ നടപ്പിലാക്കി.

ടെണ്ടർ നടപടി ഒഴിവാക്കി കൺവീനർ മുഖേന പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് വേണ്ടി മരാമത്ത് പ്രവൃത്തി വിഭജിച്ച് മൂന്ന് പ്രവൃത്തികളായി നടപ്പാക്കി.

2014-15, 2015-16 വർഷങ്ങളിലായി നടപ്പാക്കിയ തിരൂർ ജില്ലാ ആശുപത്രി മെയിൻ ബ്ലോക്ക് സിവിൽ വർക്ക് എന്ന പ്രവൃത്തിയാണ് ഇത്തരത്തിൽ വിഭജിച്ച് നടപ്പാക്കിയത്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ( GO(MS)248/12/LSGD Dt 29.09.2012 Para 7.10 (ii) , GO(MS)362/13/LSGD Dt 16.11.2013 Para 7.11 (ii) ) പ്രകാരം ഗുണഭോക്തൃ സമിതികളെയോ മറ്റ് ഏതെങ്കിലും ഏജൻസികളെയോ ഏൽപിക്കുന്നതിന് വേണ്ടിയോ മറ്റേതെങ്കിലും ഉദ്ദേശ്യത്താലോ പ്രവൃത്തികൾ വിഭജിക്കുന്നത് അനുവദനീയമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വ്യക്തമായ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും 2014-15, 2015-16 വർഷങ്ങളിലായി നടപ്പാക്കിയ തിരൂർ ജില്ലാ ആശുപത്രി മെയിൻ ബ്ലോക്ക് സിവിൽ വർക്ക് എന്ന പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്നതിന് വേണ്ടി മൂന്ന് വ്യത്യസ്ത പ്രവൃത്തികളായി വിഭജിച്ച് നടപ്പാക്കിയതായി വ്യക്തമായി

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | അടങ്കൽ | AS, TS | കൺവീനർ | ചെലവ് |
|---|---|---|---|---|
| തിരൂർ ജില്ലാ ആശുപത്രിയിലെ മെയിൻ ബിൽഡിംഗിലെ മൂന്നാം നിലയിലെ സിവിൽ വർക്ക് (145/16) | 1500000 | AS – 2(1) 05.02.2014<br>TS – EE/LSGD/MPM/ TS.No /600/2014-15<br>Dt. 27.09.2014 –<br>₹ 1500000 | ശ്രീ .എം സൈതലവി S/o കുട്ടി മൊയ്തു മുല്ലഞ്ചീരി (H) | 1419224 |
| തിരൂർ ജില്ലാ ആശുപത്രിയിലെ മെയിൻ ബിൽഡിംഗിലെ നാലാം നിലയിലെ സിവിൽ വർക്ക് (146/16) | 1500000 | AS – 2(1) 05.02.2014<br>TS – EE/LSGD/MPM/ | ശ്രീ .എം സൈതലവി S/o കുട്ടി മൊയ്തു മുല്ലഞ്ചീരി (H) | 1352671 |

| | | | | |
|---|---|---|---|---|
| | | TS.No /601/2014-15<br>Dt. 27.09.2014 -<br>₹ 1500000 | | |
| തിരൂർ ജില്ലാ ആശുപത്രിയിലെ മെയിൻ ബിൽഡിംഗിലെ അഞ്ചാം നിലയിലെ സിവിൽ വർക്ക് (148/16) | 1500000 | AS – 2(1) 05.02.2014<br>TS – EE/LSGD/MPM/ TS.No /602/2014-15<br>Dt. 27.09.2014 -<br>₹ 1500000 | ശ്രീ .എം സൈതലവി S/o കുട്ടി മൊയ്തു മുല്ലഞ്ചീരി (H) | 1389870 |

മൂന്ന് പ്രവൃത്തികളുടെയും ഭരണാനുമതി 05.02.2014 നും , സാങ്കേതികാനുമതി 27.09.2014 നും ആണ് നൽകിയത് എന്നതിൽ നിന്നും ടെണ്ടർ നടപടികൾ പാലിക്കാതെ പ്രവൃത്തി നടപ്പാക്കുന്നതിനും അതുവഴി തൽപര കക്ഷികൾക്ക് പ്രവൃത്തി ഏൽപ്പിച്ച് നൽകുന്നതിനും വേണ്ടി പ്രവൃത്തി വിഭജിച്ചതാണ് എന്ന് വ്യക്തമാണ്.

ലഭ്യമാക്കിയ രേഖകൾ പ്രകാരം ഒരേ ഗുണഭോക്തൃ സമിതിയും കൺവീനറുമാണ് മൂന്ന് പ്രവൃത്തികളും നടപ്പാക്കിയത് എന്നാൽ പ്രവൃത്തി നടത്തിപ്പിൽ ഗുണഭോക്തൃ കമ്മിറ്റി മുഖേന പ്രവൃത്തി നടപ്പാക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കുകയും ചെയ്തിട്ടില്ല

45 ലക്ഷം രൂപ അടങ്കൽ ഉള്ള പ്രവൃത്തി 7 അംഗങ്ങൾ മാത്രമുള്ള ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് കേവലം ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തീകരിച്ചതും, ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടികൾ പാലിക്കാതെ നടപ്പാക്കിയതിൽ നിന്നും പ്രവൃത്തി യഥാർത്ഥത്തിൽ നടപ്പാക്കിയത് ബിനാമി കരാറുകാരനാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മത്സരാധിഷ്ഠിത ടെണ്ടർ മുഖേന നടപ്പിലാക്കേണ്ട പ്രവൃത്തി വിഭജിച്ച് ടെണ്ടർ നടപടികൾ പാലിക്കാതെ നടപ്പാക്കിയത് സംബന്ധിച്ചും , പ്രവൃത്തി നടപ്പാക്കിയത് യഥാർത്ഥ ഗുണഭോക്തൃ സമിതി തന്നെയാണോ എന്നത് സംബന്ധിച്ചും വിശദമായ സർക്കാർ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-24 ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

2015-16 വർഷത്തിൽ ജില്ലാപഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ വളരെയധികം പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റികൾ മുഖേനയാണ് നിർവഹിക്കപ്പെട്ടത് എന്ന് വ്യക്തമായി. എന്നാൽ ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കമ്മിറ്റികൾ സർക്കാർ നിർദേശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പ്രവർത്തിക്കുന്നത്. അതിനാൽ തന്നെ ഗുണഭോക്തൃ പ്രവൃത്തികൾ മുഖേന സർക്കാർ ഉദ്ദേശിക്കുന്ന ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല.

ഗുണഭോക്തൃ കമ്മിറ്റികളുടെ പ്രവർത്തനത്തിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ പറയുന്നു.

1) ഗുണഭോക്തൃ സമിതി രൂപീകരണം സംബന്ധിച്ച സ്വീകരിച്ച നടപടികൾ വ്യക്തമാക്കുന്ന രേഖകൾ മിക്ക ഫയലുകളിലും ലഭ്യമല്ല. കമ്മിറ്റി രൂപീകരണ യോഗങ്ങളിലൊന്നും തന്നെ വിപുലമായ പങ്കാളിത്തം ഇല്ല. (ഉദാ: തിരൂർ ജില്ലാ ആശുപത്രി മെയിൻബ്ലോക്ക് സിവിൽ വർക്കുകൾ)

2) പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തിക ശേഷിയും സാങ്കേതിക – സംഘാടന മികവും ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രമെ പ്രവൃത്തികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാവൂ എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമായി നിർദേശിച്ചതാണ്. എന്നാൽ അത്തരത്തിൽ ഒരു പരിശോധന നടത്തിയതായി കാണുന്നില്ല.

3) അഞ്ച് ലക്ഷത്തിൽ കൂടുതൽ അടങ്കൽ വരുന്ന പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കുമ്പോൾ കമ്മിറ്റിയിൽ ഒരു സാങ്കേതിക വിദഗ്ദൻ ഉണ്ടായിരിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമായി നിർദേശിക്കുന്നുണ്ട്. മേൽനിർദേശം പാലിക്കാതെയാണ് കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നത്.

4) ഗുണഭോക്തൃ സമിതികൾ എല്ലാ ആഴ്ചയിലും യോഗം ചേർന്ന് പ്രവൃത്തി വിലയിരുത്തണമെങ്കിലും എല്ലാ സമിതികളും ആകെ രണ്ട് യോഗങ്ങൾ മാത്രമാണ് ചേർന്നിരിക്കുന്നത്.

5) ഗുണഭോക്തൃസമിതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും കമ്മിറ്റിയുടെ ബാങ്ക് അക്കൗണ്ടിലൂടെയാകണമെന്ന് സർക്കാർ നിർദേശിച്ചതാണെങ്കിലും ബാങ്ക് അക്കൗണ്ട് മുഖേന യാതൊരു ഇടപാടുകളും നടത്തിയിട്ടില്ല.

6) പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ,സേവനങ്ങൾ സംഭരിക്കുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നില്ല കൂടാതെ പ്രവൃത്തി പുരോഗതി, സാധന സേവന സംഭരണം ,വാങ്ങലുകൾ എന്നിവ കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നില്ല. ഇതുമൂലം പ്രവൃത്തി നടത്തിപ്പിൽ സുതാര്യതയില്ല.

7)ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ ചെലവുരേഖകൾ ശരിയായി സൂക്ഷിക്കുന്നില്ല.വിവിധ സാധനങ്ങൾക്ക് വാറ്റ് ബില്ല് അല്ല ഭൂരിപക്ഷം സമിതികളും സമർപ്പിച്ചിട്ടുള്ളത്. മെറ്റൽ , മണൽ എന്നിവ വാങ്ങുന്നതിന് യഥാർത്ഥബില്ല് ഒരു ഫയലിൽ പോലും കണ്ടെത്താൻ സാധിച്ചില്ല. സാധനങ്ങൾ ലഭ്യമാക്കിയതിന് വിവിധ വാഹന ഡ്രൈവർമാർക്ക് പണം നൽകിയതായ കൈപ്പറ്റ് രസീതി മാത്രമാണ് ലഭ്യമാക്കിയത് 8) പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടിട്ടില്ല.

9) ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. ചെലവ് രേഖകളുടെ ഇത്തരത്തിലുള്ള സൂക്ഷ്മ പരിശോധന ഒരു കൺവീനർപ്രവൃത്തിയിലും നടത്തിയിട്ടില്ല.

# 3-25 ഗുണഭോക്തൃ പ്രവൃത്തികൾ - വാറ്റ് അധികം അടവാക്കി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാർതുക 10 ലക്ഷം രൂപയിൽ അധികരിക്കുകയാണെങ്കിൽ ഇത്തരം പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കേണ്ട വാറ്റ് പ്രവൃത്തിയുടെ ലേബർ പോർഷൻ ഒഴികെയുള്ള ചെലവിന്റെ നിശ്ചിത ശതമാനം ആയിരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.01.2007 ലെ സർക്കുലറിൽ നിർദേശിച്ചതാണ്. ഇത്തരത്തിൽ നികുതി ഈടാക്കുന്നതിന് ഓരോ പ്രവൃത്തിയിലെയും ലേബർ പോർഷൻ, മെറ്റീരിയൽ പോർഷൻ എന്നിവ എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതും അതിനനുസരിച്ച് നിശ്ചിത നിരക്കിൽ നികുതി ഈടാക്കേണ്ടതുമായിരുന്നു. 2015-16 വർഷത്തിൽ മലപ്പുറം ജില്ലാപഞ്ചായത്ത് നടപ്പാക്കിയ ഗുണഭോക്തൃ പ്രവൃത്തികളിലൊന്നും തന്നെ ഇത്തരത്തിൽ ലേബർപോർഷൻ, മെറ്റീരിയൽ പോർഷൻ എന്നിവ എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിനുപകരമായി ആകെ മൂല്യ നിർണ്ണയതുകയുടെ 10.875 % ,10.125 % എന്നീ നിരക്കിൽ വാറ്റ് ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. ( 15-16 ൽ മെറ്റീരിയൽ പോർഷന്റെ 13.5% ആണ് ഈടാക്കേണ്ടിയിരുന്നത്.) ഇത്തരത്തിൽ നികുതി ഈടാക്കുമ്പോൾ ആകെ പ്രവൃത്തി മൂല്യത്തിന്റെ യഥാക്രമം 80.56 % , 75 % മെറ്റീരിയൽ പോർഷൻ ആയി കണക്കാക്കിയാണ് നികുതി ഈടാക്കിയിരിക്കുന്നത്.

ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ 55% മുതൽ 65% വരെ മാത്രമെ മെറ്റീരിയൽ പോർഷൻ ഉൾപ്പെടുന്നുള്ളൂ. ( തിരൂർ ജില്ലാ ആശുപത്രി മെയിൻ ബ്ലോക്ക് സിവിൽ വർക്കുകൾ )

നികുതി തുക ജില്ലാ പഞ്ചായത്തിൽ നിന്ന് അടവാക്കുന്ന ഗുണഭോക്തൃസമിതി പ്രവൃത്തികൾക്ക് യഥാർത്ഥ മെറ്റീരിയൽ പോർഷൻ ചെലവ് കണക്കാതെ നികുതി അടവാക്കിയത്മൂലം ജില്ലാപഞ്ചായത്തിന് വൻതുക അധികം ചെലവായിട്ടുണ്ട്.

മെറ്റീരിയൽ പോർഷൻ ചെലവിന് ആനുപാതികമായി നികുതി അടവാക്കാൻ നിർദേശിച്ചുകൊണ്ടുള്ള സർക്കാർ നിർദേശം ഉണ്ടായിരിക്കെ ആയത് പരിഗണിക്കാതെ ആകെ പ്രവൃത്തി മൂല്യത്തിന്റെ നിശ്ചിത നിരക്കിൽ ( 10.875%, 10.125%) നികുതി ഈടാക്കിയതിന് ആധാരമാക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-26 ഷീറ്റ് റൂഫിംഗ് അധിക നിരക്ക് നൽകി ₹61160 നഷ്ടം

പ്രവൃത്തി -GHSS എരഞ്ഞിമങ്ങാട് കഞ്ഞിപ്പുര നിർമാണം ( 601/16)

ടി.എസ് -EE/LSGD/MPM/RE/TS/513/14-15 Dt 25.09.2014

പുതുക്കിയ TS തിയ്യതി. 15.01.2016

ചെലവ് -₹ 1500000 ( ബിൽ നമ്പർ 537/15-16 Dt. 5.3.2016– 1500000

(മൂല്യനിർണ്ണയം - 1353969.88 limited to 1340782 + 159218 നികുതികൾ)

കൺവീനർ - ശ്രീ എം ഉമ്മർ ഹെഡ്മാസ്റ്റർ

കരാർ - EE/LSGD/MPM/543/14-15 തി. 09. .01.2015

എം ബുക്ക് - 514/14-15

എരഞ്ഞിമങ്ങാട് GHSS ന് കഞ്ഞിപ്പുര നിർമിക്കുന്നതിന് തയ്യാറാക്കിയ ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിന് 25.09.2014 ന് സാങ്കേതികാനുമതി ലഭിച്ചതാണ്.എസ്റ്റിമേറ്റ് ഇനം 13 ന് DSR പ്രകാരമുള്ള നിരക്ക് ലഭ്യമല്ലാത്തതിനാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുകയാണ് ചെയ്തത്. ഇത്തരത്തിൽ ഡാറ്റ തയ്യാറാക്കിയപ്പോൾ DSR നിരക്കുകൾക്ക് മാത്രം അനുവദനീയമായ കോസ്റ്റ് ഇൻഡക്സ് മാർക്കറ്റ് റേറ്റ് കണക്കാക്കിയ സാധനങ്ങളുടെ വിലയിലും അനുവദിച്ച് നൽകിയതുമൂലം മേൽ ഇനം പ്രവൃത്തിക്ക് അധികം നിരക്ക് നൽകാൻ ഇടയായിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു

**ഇനം**

Roofing with aluminium trafford profile sheet ,powder coated including cost conveyance of all materials and labour charge etc complete

| അനുവദിക്കാവുന്ന നിരക്ക് | | അനുവദിച്ച നിരക്ക് | |
|---|---|---|---|
| 11.5 m2 aluminium trafford sheet 0.5 mm /nearest size@ 646/ m2 | 7429 | 11.5 m2 aluminium trafford sheet 0.5 mm /nearest size@ 646/ m2 | 7429 |
| Conveyance | 10 | Conveyance | 10 |
| 1.76 Kg Gl hooks/ crank bolt @ 81/kg | 142.56 | 1.76 Kg Gl hooks/ crank bolt @ 81/kg | 142.56 |
| 1.35 carpenter@393/no | 530.55 | 1.35 carpenter@393/no | 530.55 |
| 1.35 man @ 297/no | 400.95 | 1.35 man @ 297/no | 400.95 |
| | | | |

| | | | |
|---|---|---|---|
| Cost index for Labour | 344.66 | Cost index | 3149.83 |
| | 8857.72 | | 11662.89 |
| for 10 m2 | 8857.72 | for 10 m2 | 11662.89 |
| for 1 m2 | 886 | for 1 m2 | 1166.28 |

| പ്രവൃത്തി | ചെയ്ത അളവ് | അനുവദിക്കാവുന്ന തുക @ 886/ച.മീ | അനുവദിച്ച തുക @ 1166.20/ ച.മീ |
|---|---|---|---|
| Roofing with aluminium trafford profile sheet ,powder coated including cost conveyance of all materials and labour charge etc complete | 242.17 ച.മീ | 214562.62 | 282418.65 |

ഉയർന്ന നിരക്ക് നൽകിയത്മൂലം പഞ്ചായത്തിന് നഷ്ടം വന്നതിന്റെ വിവരം താഴെ നൽകുന്നു.

പ്രവൃത്തിയുടെ യഥാർത്ഥ മൂല്യം - 1286114

(+ )നികുതികൾ @ 11.875 % - 152726

ആകെ 1438840

നികുതിയുൾപ്പെടെ മേൽപ്രവൃത്തിക്ക് യഥാർത്ഥത്തിൽ ചെലവഴിക്കേണ്ടത് ₹1438840 ആയിരുന്നു. എന്നാൽ ₹ 1500000 ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച ₹ 61160 എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-27 മരാമത്ത് പ്രവൃത്തി - അധികം തുക നൽകി ₹ 76603 നഷ്ടം

പ്രവൃത്തി -മേൽമുറി -മുട്ടിപ്പാലം റോഡ് പുനരുദ്ധാരണം. (240/16)

ടി.എസ് -EE/LSGD/MPM/TS/127/14-15 Dt 16.09.2014

ചെലവ് -₹ 1000000 (ബിൽ നമ്പർ 760/14-15 Dt. 24.03.2015- 500000,

ബിൽ നമ്പർ 09/15-16 Dt. 16.06.2015- 500000

കൺവീനർ - ശ്രീ അബ്ദുൽ ഹാഫീസ് , പൂവ്വല്ലൂർ ഹൗസ്

കരാർ - EE/LSGD/MPM/33/14-15 തി. 23.10.2014

എം ബുക്ക് - 414/14-15

പൊൻമള ഗ്രാമപഞ്ചായത്തിലെ മേൽമുറി - മുട്ടിപ്പാലം റോഡ് പുനരുദ്ധാരണത്തിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം റോഡിന് ഒരു വശത്ത് ഡ്രെയിനേജ് നിർമിക്കൽ, മറുവശത്ത് റോഡിന് ഭിത്തി നിർമിക്കൽ , കൾവർട്ട് നിർമിച്ച് റോഡ് കോൺക്രീറ്റ് എന്നിവ ഉൾപ്പെടുന്നുണ്ട്. ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് ഇനം 5 പ്രകാരം ഡ്രെയിനേജിന് സൈഡ് കോൺക്രീറ്റിന് സൈഡ് വാളിന്റെ രണ്ട്ഭാഗത്തും ഫോം വർക്ക് ചെയ്യുന്നതിന് പണം വകയിരുത്തുകയും അളവു പുസ്തകത്തിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി പണം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

എസ്റ്റിമേറ്റ് ഇനം 1 പ്രകാരം നിലവിലുള്ള റോഡിന്റെ ഒരു വശത്ത് മണ്ണ് കിളച്ച്മാറ്റിയാണ് ഡ്രെയിനേജ്, സൈഡ് പ്രൊട്ടക്ഷൻ വാൾ എന്നിവ നിർമിച്ചത് എന്നതിൽ നിന്നും നിലവിലുള്ള റോഡ് നിരപ്പിന് താഴേക്കാണ് ഡ്രെയിനേജ്, പ്രൊട്ടക്ഷൻ വാൾ എന്നിവ നിർമിച്ചത് എന്ന് വ്യക്തമാണ്. ഇക്കാര്യം പ്രാദേശിക പരിശോധനയിൽ ഓഡിറ്റിന് വ്യക്തമാകുകയും ചെയ്തിട്ടുണ്ട്.

ഭൂ നിരപ്പിന് താഴെയുള്ള ഡ്രെയിനേജ് സൈഡ് വാളിന് ഒരു വശത്ത് മാത്രമെ ഫോം വർക്ക് ആവശ്യമുള്ളൂ. എന്നാൽ പ്രവൃത്തിയിൽ ഡ്രെയിനേജ് സൈഡ് വാളിനും, റോഡ് പ്രൊട്ടക്ഷൻ വാളിനും രണ്ട് വശത്തും ഫോം വർക്കിന് പണം അനുവദിച്ച് നൽകിയിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| എസ്റ്റിമേറ്റ് ഇനം | പ്രവൃത്തി/ നിരക്ക് | അനുവദിച്ച അളവ്, തുക | അനുവദിക്കാവുന്നത്, തുക | കുറിപ്പ് |
|---|---|---|---|---|
| 5 എ | Centering and shuttering including strutting propping etc. and removal of form for walls (any thickness) including attached pilasters buttresses plinth and string course etc.<br>@ 398.50/ ച.മീ<br>5.9.2 | 327.60 ച.മീ<br>(drainage wall outer side - 163.8,<br>drainage wall inner sides - 163.8 ) | 163.8 ച.മീ<br>(drainage wall outer area കുറവ് ചെയ്തു)<br>₹ 65274.30 | ഭൂ നിരപ്പിന് താഴെയുള്ള ഡ്രൈനേജിന്റെ സൈഡ് കോൺക്രീറ്റ് ചെയ്യുമ്പോൾ ഉൾ ഭാഗം മാത്രം ഫോം വർക്ക് ചെയ്താൽ മതി എന്നിരിക്കെ മണ്ണിനോട് ചേർന്ന ഭാഗത്തും ഫോം വർക്ക് ചെയ്തതായി കാണിച്ച് പണം നൽകിയത് ശരിയല്ല.<br>ആയതിനാൽ തന്നെ റോഡിനോട് ചേർന്ന ഭാഗത്ത് ഡ്രൈനേജിന്റെ |

| | | | | |
|---|---|---|---|---|
| | | ₹ 130548.6 | | രണ്ട് ഭാഗത്തും ഫോം വർക്ക് ചെയ്തു എന്നത് അംഗീകരിക്കാനാവില്ല. |
| 5 b | Centering and shuttering including strutting propping etc. and removal of form for walls (any thickness) including attached pilasters buttresses plinth and string course etc.<br>@ 503.92/ ച.മീ<br>5.9.6 | 97.66 ച.മീ<br>(side wall outer side – 22.76,<br>side wall inner sides – 22.76, Abutment -52.14 )<br>₹ 49212.82 | 74.9 ച.മീ<br>side wall inner area കുറവ് ചെയ്തു)<br>₹ 37743.61 | ഭ്ര നിരപ്പിന് താഴെയുള്ള സൈഡ് വാൾ കോൺക്രീറ്റ് ചെയ്യുമ്പോൾ ഒരു ഭാഗം മാത്രം ഫോം വർക്ക് ചെയ്താൽ മതി എന്നിരിക്കെ മണ്ണിനോട് ചേർന്ന ഭാഗത്തും ഫോം വർക്ക് ചെയ്തതായി കാണിച്ച് പണം നൽകിയത് ശരിയല്ല.<br>ആയതിനാൽ തന്നെ റോഡിനോട് ചേർന്ന ഭാഗത്ത് ഫോം വർക്ക് ചെയ്തു എന്നത് അംഗീകരിക്കാനാവില്ല. |

ഫോം വർക്ക് ആവശ്യമില്ലാത്ത ഭാഗത്ത് ഫോം വർക്ക് ചെയ്തതായി കാണിച്ച് പണം അനുവദിച്ചതുമൂലം താഴെ പറയും പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| | | |
|---|---|---|
| പ്രവൃത്തിയുടെ യഥാർത്ഥ മൂല്യം | 871129 | അനുവദനീയമല്ലാത്ത ഫോം വർക്കിന് അനുവദിച്ച തുക കുറവ് ചെയ്തു.<br>എം ബുക്ക് പ്രകാരം ആകെ മൂല്യനിർണ്ണയം ₹947873 |
| (+) നികുതി @ 6% | 52268 | |
| ആകെ അർഹമായ ചെലവ് | 923397 | |
| ചെലവഴിച്ചത് | 1000000 | |
| അധികം | 76603 | |

അധികം ചെലവഴിച്ച ₹ 76603 അളവ് അംഗീകരിച്ച ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-28 സാങ്കേതികാനുമതിയിൽ പരിമിതപ്പെടുത്താതെ പണം നൽകി ₹ 7116 നഷ്ടം

പ്രവൃത്തി – ഓമാനൂർ ജി.വി.എച്ച്.എസ്.എസ് റിപ്പയർ ( 903/16)

ടി.എസ് – EE/LSGD/MPM/TS/189/15-16 Dt 23.11.2015 -₹ 589000

ചെലവ് – ₹ 502524 (ബിൽ നമ്പർ 534/15-16 Dt. 05.03.2016

കരാറുകാരൻ - ശ്രീ മുള്ളൻ മൂസ ഹാജി

കരാർ - EE/LSGD/MPM/193/15-16 തി. 08.02.2016 ,15.89 % കുറവ്

എം ബുക്ക് - 1081/15-16

2015-16 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രവൃത്തിയുടെ ബില്ല് തയ്യാറാക്കി കരാറുകാരന് പണം നൽകിയപ്പോൾ പ്രവൃത്തിയുടെ മൊത്തം മൂല്യനിർണയ തുക സാങ്കേതികാനുമതിയിൽ പരിമിതപ്പെടുത്താതെ പണം നൽകിയതുമൂലം ₹ 7116 അധികം ചെലവഴിച്ചു.

വിശദ വിവരം താഴെ നൽകുന്നു.

| നൽകിയത് | അർഹമായത് | അധികം |
|---|---|---|
| മൂല്യനിർണ്ണയം - 597460<br>(-) 15.89 %<br>ടെണ്ടർ കുറവ് - 94936<br>--------------<br>ചെലവ് 502524 | മൂല്യനിർണ്ണയം - 597460<br>TS ൽ limit ചെയ്തത് - 589000<br>(-) 15.89 %<br>ടെണ്ടർ കുറവ് - 93592<br>-------------<br>അർഹമായത് 495408 | 7116 |

അധികം ചെലവഴിച്ച ₹ 7116 പണം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-29 ഡ്രൈനേജ് പ്രവൃത്തി ഫോംവർക്ക് - അധികം തുക നൽകി ₹ 25281 നഷ്ടം

പ്രവൃത്തി -പരലുണ്ടപൊട്ടി കോളനി റോഡിന് ഡ്രൈനേജ് നിർമാണം

ടി.എസ് -EE/LSGD/MPM/RE/TS/301/14-15 Dt 25.02.2015

ചെലവ് -₹ 500000 (ബിൽ നമ്പർ 961/14-15 Dt. 30.03.2015- 200000,

ബിൽ നമ്പർ 379/15-16 Dt. 30.10.2015- 300000

കൺവീനർ - ശ്രീ മൊയ്തീൻ കുട്ടി s/o മമ്മി , കുന്നമ്മൽ ഹൗസ്

കരാർ - EE/LSGD/MPM/264/14-15 തി. 14.11.2014

എം ബുക്ക് - 493/14-15

പരലുണ്ടപ്പൊട്ടി കോളനി റോഡിന് ഒരു വശത്തുള്ള ഡ്രയിനേജ് കോൺക്രീറ്റ് ചെയ്യുന്നതിന് തയ്യാറാക്കിയ ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് ഇനം 4 പ്രകാരം ഡ്രയിനേജിന് സൈഡ് കോൺക്രീറ്റിന് സൈഡ് വാളിന്റെ മൂന്ന് ഭാഗത്തും ഫോം വർക്ക് ചെയ്യുന്നതിന് പണം വകയിരുത്തുകയും അളവു പുസ്തകത്തിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി പണം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

എസ്റ്റിമേറ്റ് ഇനം 1 പ്രകാരം നിലവിലുള്ള റോഡിന്റെ ഒരു വശത്ത് 1.5 മീറ്റർ വീതിയിലും, 1.1 മീറ്റർ ആഴത്തിലും മണ്ണ് കിളച്ച് മാറ്റിയാണ് ഡ്രയിനേജ് നിർമിച്ചത് എന്നതിൽ നിന്നും നിലവിലുള്ള റോഡ് നിരപ്പിന് താഴേക്കാണ് ഡ്രൈനേജ് നിർമ്മിച്ചത് എന്ന് വ്യക്തമാണ്. ഇക്കാര്യം പ്രൊജക്ടിന്റെ ഡ്രോയിംഗിൽ നിന്നും വ്യക്തവുമാണ്.

ഭൂ നിരപ്പിന് താഴെയുള്ള ഡ്രനേജ് സൈഡ് വാളിന് രണ്ട് വശങ്ങളിൽ മാത്രമെ ഫോം വർക്ക് ആവശ്യമുള്ളൂ. എന്നാൽ പ്രവൃത്തിയിൽ റോഡിന് എതിരെയുള്ള ഭാഗത്ത് 1.30 മീറ്റർ ഉയരത്തിൽ ഒരു വശത്തും റോഡ് സമീപത്തെ സൈഡിന് രണ്ട് വശത്തും 1.05 മീറ്റർ ഉയരത്തിലും ഫോം വർക്കിന് പണം അനുവദിച്ച് നൽകിയിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു

| എസ്റ്റിമേറ്റ് ഇനം | പ്രവൃത്തി/ നിരക്ക് | അനുവദിച്ച അളവ്/ നിരക്ക് | അനുവദി ക്കാവുന്ന നിരക്ക് | കുറിപ്പ് |
|---|---|---|---|---|
| 4 | Centering and shuttering including strutting propping etc. and removal of form for walls (any thickness) including attached pilasters buttresses plinth and string course etc.<br>@ 398.49/ ച.മീ | 193.8 ച.മീ<br>(side wall outer side – 59.85,<br>side wall inner sides – 133.95 )<br>77227.36 | 133.95 ച.മീ<br>(side wall outer area കുറവ് ചെയ്തു)<br>53377.74 | ഭൂ നിരപ്പിന് താഴെയുള്ള ഡ്രൈനേജിന്റെ സൈഡ് കോൺക്രീറ്റ് ചെയ്യുമ്പോൾ ഉൾഭാഗം മാത്രം ഫോം വർക്ക് ചെയ്താൽ മതി എന്നിരിക്കെ മണ്ണിനോട് ചേർന്ന ഭാഗത്തും ഫോം വർക്ക് ചെയ്തതായി കാണിച്ച് പണം നൽകിയത് ശരിയല്ല.<br>എം.ബുക്ക്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവയിലൊന്നും തന്നെ റോഡ് ഉയർത്തുന്ന പ്രവൃത്തി നടപ്പാക്കുന്നതായി രേഖപ്പെടുത്തിയിട്ടും ഇല്ല. ആയതിനാൽ തന്നെ റോഡിനോട് ചേർന്ന ഭാഗത്ത് ഡ്രയിനേജിന്റെ രണ്ട് ഭാഗത്തും ഫോം വർക്ക് ചെയ്തു എന്നത് അംഗീകരിക്കാനാവില്ല. |
| | | | | |

ഫോം വർക്ക് ആവശ്യമില്ലാത്ത ഭാഗത്ത് ഫോം വർക്ക് ചെയ്തതായി കാണിച്ച് പണം അനുവദിച്ചതുമൂലം അധികം ചെലവഴിച്ച ₹ 25281 (നികുതിയുൾപ്പെടെ, 59.85x398.49 + 6% നികുതി), അളവ് അംഗീകരിച്ച ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/15-03-17) മറുപടി ലഭ്യമാക്കിയില്ല.

## 3-30 സെപ്റ്റിക് ടാങ്ക് പ്രവൃത്തി - അധികം തുക നൽകി ₹ 82514 നഷ്ടം

പ്രവൃത്തി -ജില്ലാ ആശുപത്രി നിലമ്പൂർ സെപ്റ്റിക് ടാങ്ക് നിർമാണം ( 728/16)

ടി.എസ് -EE/LSGD/MPM/TS/739/14-15 Dt 19.11.2014 -₹ 1600000

ചെലവ് -₹ 1384494 (ബിൽ നമ്പർ 316/15-16 Dt. 16.10.2015

കരാറുകാരൻ - ശ്രീ കെ.എം അമീറുദ്ദീൻ

കരാർ - EE/LSGD/MPM/672/14-15 തി. 18.02.2015 , 5.2 % കുറവ്

എം ബുക്ക് - 874/14-15

നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സെപ്റ്റിക് ടാങ്ക് നിർമിക്കുന്നതിന് തയ്യാറാക്കിയ പ്രൊജക്ടിൽ എസ്റ്റിമേറ്റ് ഇനം 3 പ്രകാരം ഭൂ നിരപ്പിനടിയിൽ കുഴിച്ച സെപ്റ്റിക് ടാങ്കിന്റെ സൈഡ് വാൾ കോൺക്രീറ്റ് ചെയ്യുന്നതിന് സൈഡ് വാളിന്റെ രണ്ട് വശങ്ങളിലും ഫോം വർക്ക് ചെയ്യുന്നതിന് തുക വകയിരുത്തുകയും എം ബുക്കിൽ അളവ് രേഖപ്പെടുത്തി പണം നൽകുകയും ചെയ്തിട്ടുണ്ട്.

രേഖകൾ പരിശോധിച്ചതിൽ സെപ്റ്റിക് ടാങ്കിന്റെ വാൾ കോൺക്രീറ്റിന് പുറം ഭാഗം ഫോം വർക്കിന് പണം നൽകിയത് ക്രമപ്രകാരമല്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| എസ്റ്റിമേറ്റ് ഇനം | പ്രവൃത്തി/ നിരക്ക് | അനുവദിച്ച അളവ്/ നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | കുറിപ്പ് |
|---|---|---|---|---|
| 3 | Centering and shuttering including strutting propping etc. and removal of form for walls (any thickness) including attached pilasters buttresses plinth and string course etc.<br>@ 458.25/ ച.മീ | 406.34 ച.മീ<br>(side wall outer side – 189.94, side wall inner side and cross walls – 216.4 )<br>186205.30 രൂപ | 216.74 ച.മീ<br>(side wall outer area കുറവ് ചെയ്തു)<br>99321.10 | ഭൂ നിരപ്പിന് താഴെ കുഴിച്ച കുഴിയുടെ മണ്ണിനോട് ചേർന്ന ഭാഗത്ത് കോൺക്രീറ്റ് ചെയ്യുമ്പോൾ ഒരുഭാഗത്ത് മാത്രം ഫോം വർക്ക് ചെയ്താൽ മതി എന്നിരിക്കെ മണ്ണിനോട് ചേർന്ന ഭാഗത്തും ഫോം വർക്ക് ചെയ്തതായി കാണിച്ച് പണം നൽകിയത് ശരിയല്ല.<br>എം ബുക്ക് പ്രകാരം കുഴിയുടെ മൺ ഭിത്തിയിൽ നിന്നും 10 സെ.മീ മാത്രം അകലെ ഫോം വർക്ക് ചെയ്തതായാണ് കാണിച്ചത് ഇത് പ്രായോഗികമല്ല. കൂടാതെ എസ്റ്റിമേറ്റ് ഇനം 6 പ്രകാരം കുഴിക്ക് വേണ്ടി മണ്ണ് കുഴിച്ചെടുത്ത അതേ നീളത്തിലും വീതിയിലും സൈഡ് വാൾകോൺക്രീറ്റ് ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തുകയും പണം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും പുറം ഭാഗത്ത് ഫോം വർക്ക് ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. |

ഫോം വർക്ക് ആവശ്യമില്ലാത്ത ഭാഗത്ത് ഫോം വർക്ക് ചെയ്തതായി കാണിച്ച് പണം അനുവദിച്ചത്മൂലം അധികം ചെലവായ ₹ 82514 (189.94x458.25x 94.8/100) അളവ് രേഖപ്പെടുത്തുകയും ചെക്ക് മെഷർ ചെയ്യുകയും ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.33/4-5-17)ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 3-31 റോഡ് കട്ടിംഗിന് ഉയർന്ന നിരക്ക് അനുവദിച്ചത്

ജില്ലാ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ ചില മരാമത്ത് പ്രവർത്തികളിൽ റോഡ് പ്രതലം കട്ട് ചെയ്ത് ലെവൽ ചെയ്യുന്നതിന് DSR 2.2.1 പ്രകാരമുള്ള മേൻ ലേബർ പ്രകാരമുള്ള നിരക്കാണ് അംഗീകരിച്ച് നൽകിയിരിക്കുന്നത്. ഹൈഡ്രോളിക് എക്സ്ക്കർവേറ്റർ ഉപയോഗിച്ച് ഇതേ പ്രവർത്തിക്ക് ഇനം 2.6.1, 2.7.1 നിരക്ക് അനുവദിക്കാമെന്നിരിക്കെ ഉയർന്ന നിരക്ക് അനുവദിച്ചതുവഴി ഓഡിറ്റ് വർഷം ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള അധിക ചെലവ് ഉണ്ടായതായി കണക്കാക്കുന്നു. ഓഡിറ്റ് വർഷം മറ്റ് പ്രവർത്തികളിലെല്ലാം അനുവദനീയമായ നിരക്ക് അനുവദിച്ചിരിക്കെ മേൽ പ്രവർത്തികൾക്ക് മാത്രമാണ് ഉയർന്ന നിരക്ക് അനുവദിച്ചിട്ടുള്ളത്. പ്രൊജക്ട് 707/16, 612/16 എന്നിവയിൽ സാങ്കേതിക അനുമതി വേളയിൽ നിരക്ക് തിരുത്തൽ വരുത്തിയത് പ്രത്യകം കാണുക.

| പ്രവർത്തിയുടെ വിവരം | നിർവഹണ രീതി | ചെയ്ത അളവ് | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം |
|---|---|---|---|---|---|
| മലയിൽമുക്ക് കീഴ്മുറി റോഡ്<br>പ്രൊജക്ട്-350/16<br>ബിൽ നമ്പർ-544/9-3-16<br>എഗ്രിമെന്റ് -217/11-11-14<br>കൺവീനർ-കുട്ട്യാമു<br>എംബുക്ക് -1003/15-16 | കൺവീനർ പ്രവർത്തി | 1023.75 m3 | 412.15(300.85 +37 % cost index ) | 174.55 (127.41 +37 % cost index ) | 243243 |
| വടക്കേചാലിൽ കാക്കോവ് റോഡ്<br>പ്രൊജക്ട്-620/16 | കൺവീനർ പ്രവർത്തി | 283.15 | 412.15(300.85 +37 % cost index ) | 174.55 (127.41 +37 % cost index ) | 62276 |

| | | | | | |
|---|---|---|---|---|---|
| ബിൽ നമ്പർ-439/28-12-15<br>എഗ്രിമെന്റ് -91/28-10-14<br>കൺവീനർ-അബ്ദുൽ അലി<br>എംബുക്ക് -161/14-15 | | | | | |
| ചീടികുഴിപാലകുഴിറോഡ്<br>പ്രൊജക്റ്റ്-457/16<br>ബിൽ നമ്പർ-58/127-6-15<br>എഗ്രിമെന്റ് -92/28-10-14<br>കൺവീനർ-സനീഷ്കുമാർ<br>എംബുക്ക് -164/14-15 | കൺവീനർ പ്രവർത്തി | 292.15 | 412.15(300.85 +37 % cost index ) | 174.55 (127.41 +37 % cost index ) | 69415 |
| കുരിക്കന്ന് വട്ടമ്പാറിൽറോഡ്<br>പ്രൊജക്റ്റ്-700/16<br>ബിൽ നമ്പർ-482/16-1-16<br>എഗ്രിമെന്റ് -398/1-12-14<br>കൺവീനർ-അബ്ദുൽ അസീസ്<br>എംബുക്ക് -784/14-15 | കൺവീനർ പ്രവർത്തി | 1226.70m3 | 412.15(300.85 +37 % cost index ) | 174.55 (127.41 +37 % cost index ) | 291464 |
| കൈതപാറ റോഡ്<br>പ്രൊജക്റ്റ്-655/16<br>ബിൽ നമ്പർ-578/17-3-16<br>എഗ്രിമെന്റ് -551/20-1-15<br>കൺവീനർ-ഹസ്സൻ<br>എംബുക്ക് -641/14-15, 255/14-15 | കൺവീനർ പ്രവർത്തി | 99.22m3 | 412.15(300.85 +37 % cost index ) | 174.55 (127.41 +37 % cost index ) | 23570 |
| ആകെ | | | | | 689968 |

അധിക നിരക്ക് അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ഹാജരാക്കാത്തപക്ഷം 689968 രൂപ സാങ്കേതിക ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്. ടി വിവരം കാണിച്ച് നൽകിയ 36-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് യാതൊരു മറുപടിയും ഹാജരാക്കിയില്ല, ഖണ്ഡികയിൽ കാണിച്ച തുക വ്യക്തമായ നഷ്ടമായി കണക്കാക്കുന്നു.

## 3-32 ലാറ്ററൈറ്റ് മേസിനറി അനുവദനീയമായതിലും കൂടുതലായ നിരക്ക് അനുവദിച്ചത്

ജില്ലാ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ ലാറ്ററൈറ്റ് മേസിനറി ഇനത്തിന് വ്യത്യസ്ത നിരക്കാണ് അംഗീകരിച്ച് നൽകിയിരിക്കുന്നത്. DSR ൽ ടി ഇനത്തിന് നിരക്ക്, ഡാറ്റ ഇല്ലാത്തതിനാൽ ഒബ്സർവഡ് ഡാറ്റ അനുസരിച്ചാണ് നിരക്ക് കണക്കാക്കിയിട്ടുള്ളത്.

ലോക്കൽ മാർക്കറ്റ് നിരക്ക്, ഒബ്സർവഡ് ഡാറ്റ എന്നിവ ജില്ലാ തലത്തിൽ ഏകീകരിച്ച് നൽകേണ്ടതുണ്ടെങ്കിലും സാങ്കേതിക അനുമതി നൽകുന്ന വേളയിൽ പോലും അത്തരത്തിലുള്ള യാതൊരു പരിശോധനയും നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. ഫസ്റ്റ് ഫ്ളോറിന് അനുവദനീയമായ നിരക്ക് ഒന്നാം നിലക്ക് അനുവദിച്ചതും, DSR അനുസരിച്ചുള്ള RR മേസിനറിക്ക് ഉയർന്ന നിലകളിലേക്കുള്ള നിരക്ക് ലോക്കൽ മാർക്കറ്റ് നിരക്ക് കണക്കാക്കുന്നതിന് പരിഗണിച്ചതും, ലോക്കൽ മാർക്കറ്റ് നിരക്കിന് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതും നിരക്ക് അധികരിക്കാൻ കാരണമായി. ഓഡിറ്റ് വർഷം തന്നെ ജില്ലാ പഞ്ചായത്ത് അംഗീകരിച്ച് നൽകിയ ചുവടെ ചേർത്തിരിക്കുന്ന നിരക്ക് അംഗീകരിച്ച് 151708 രൂപ അധിക ചെലവായി കണക്കാക്കുന്നു.

| ഇനം | ആവശ്യമായത് | കോഡ് | നിരക്ക് | തുക | അംഗീകരിക്കാവുന്ന നിരക്ക് |
|---|---|---|---|---|---|
| ലാറ്ററൈറ്റ് | 63എണ്ണം | LMR | 28 | 1764 | For Ground floor-<br>1764(market rate)+ 1.37x 1325.13 (cost index except market rate) =3580(without C.P& OH) for convenor work.<br>4117/m3 (with C.P& O..H) for contract work. |
| കോഴ്സ് മണൽ | 0.160 m3 | 0982 | 1120/m3 | 179.2 | |
| പോർട്ട് ലാന്റ് സിമന്റ് | 38kg | 0367 | 5240 | 199.12 | |
| ക്യാര്യേജ് സിമന്റ് | 38Kg | 2209 | 94.80 | 3.60 | |
| ക്യാര്യേജ് കോഴ്സ് മണൽ | 0.160 | 2203 | 106.64 | 17.06 | |
| മേസൺ 1st class | 1.5 day | 0123 | 393 | 589.5 | |
| കൂലി | 0.85day | 0115 | 297 | 252.45 | |
| 10% labour for Super structure | | | | 84.20 | |
| ആകെ | | | | 3089.13 | |
| 10% labour for 1st floor | | | | 92.62 | For First floor-<br>1764(market rate)+ 1.37x 1417.75(cost index except market rate) + =3706 (without C.P& OH) for convenor work.<br>4262m3 (with C.P& O..H) for contract work. |
| ആകെ | | | | 3181.75 | |

അനുവദിച്ച നിരക്ക്, അധിക ചെലവ് എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

| പ്രവർത്തിയുടെ വിവരം | നിർവഹണ രീതി | ചെയ്ത അളവ് GF | ചെയ്ത അളവ് FF | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക്GF | അനുവദിക്കാവുന്ന നിരക്ക്FF | അധികം | മറ്റ് അപാകത |
|---|---|---|---|---|---|---|---|---|
| GHSS പാങ്ങ് കെട്ടിട പുനരുദ്ധാരണം<br>പ്രൊജക്ട്-585/16<br>ബിൽ നമ്പർ-458/16<br>എഗ്രിമെന്റ് -485/10-2-14 | കൺവീനർ പ്രവർത്തി | | 48.82m3 | 4065 | | 3706 | 17526 | ഡാറ്റാ പ്രകാരം3732 കണക്കാക്കി4065 രൂപ അനുവദിച്ചു. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| കൺവീനർ-ലത. കെ. വി<br>എംബുക്ക് -117/14-15 | | | | | | | | |
| പറവണ്ണ സ്റ്റേഡിയം പാർക്കിംഗ്<br>പ്രൊജക്ട്-105/16<br>ബിൽ നമ്പർ-753/16<br>എഗ്രിമെന്റ് -146/11-1-16<br>കരാറുക്കാരൻ-മുഹമ്മദ് കുട്ടി(15.5%കുറവ്)<br>എംബുക്ക് -1150/16 | കരാർ പ്രവർത്തി | 24.66m3 | | 4945.04 | 4117 | | 20419 | നിരക്ക് കണക്കാക്കിയ വിവരം ഫയലിൽ ലഭ്യമല്ല. |
| ബഡ്സ് സ്കൂൾ<br>പ്രൊജക്ട് -223/16<br>ബിൽ നമ്പർ-480/16<br>എഗ്രിമെന്റ് -524/15-1-15<br>കൺവീനർ-കെ.പി.മുഹമ്മദ്<br>എംബുക്ക് -476/14-15, 122/1415,118/14-15 | കൺവീനർ പ്രവർത്തി | 41.18m3 | 9.42m3 | 4065 | 3580 | 3706 | 23354 | ഡാറ്റാ പ്രകാരം3732 കണക്കാക്കി4065 രൂപ അനുവദിച്ചു. |
| കുടുംബശ്രീ ഡ്രസ് മേക്കിംഗ് സെന്റർ<br>പ്രൊജക്ട് -232/16<br>ബിൽ നമ്പർ-455/16<br>എഗ്രിമെന്റ് -609/2-2-15<br>കൺവീനർ-അബ്ദുൽ ഗഫൂർ<br>എംബുക്ക് -487/14-15 | കൺവീനർ പ്രവർത്തി | 14.955 | | 4042.96 | 3580 | | 6924 | ലാറ്ററൈറ്റിന്റെ മാർക്കറ്റ് വില 1291.80രൂപ അടക്കം നിരക്ക് 2951രൂപയായി കണക്കാക്കി മുഴുവൻതുകക്കും 0.37 % കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു |
| GHSS Areacode കെട്ടിട പുനരുദ്ധാരണം<br>പ്രൊജക്ട് -902/16<br>ബിൽ നമ്പർ-622/16<br>എഗ്രിമെന്റ് -125/31-12-15<br>കരാറുക്കാരൻ-അബ്ദുൽഹമീദ് (7.11% കുറവ്)<br>എംബുക്ക് -1071/15-16 | കരാർ പ്രവർത്തി | 5.74m3 | | 4945 | 4117 | | 4753 | 3790 രൂപ നിരക്ക് കണക്കാക്കി ലാറ്ററൈറ്റിന്റെ മാർക്കറ്റ് വിലക്കും കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു |
| GHSS Anamangadകെട്ടിട<br>പ്രൊജക്ട്-896/16 | കരാർ പ്രവർത്തി | 31.627 | | 4954. | 4117 | | 26472 | നിരക്ക് കണക്കാക്കിയ വിവരം ഫയലിൽ ലഭ്യമല്ല. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ബിൽ നമ്പർ-705/16<br>എഗ്രിമെന്റ് -77/3-10-15<br>കരാറുക്കാരൻ -ശുഹൈബ്.ഇ.വി<br>(2%കുറവ്)<br>എംബുക്ക് -1268/15, 228/14-15 | | | | | | | | |
| മാതൃ ശിശു വികസന കേന്ദ്രം<br>പ്രൊജക്ട്-171/16<br>ബിൽ നമ്പർ-750/16<br>എഗ്രിമെന്റ് -716/26-2-15<br>കൺവീനർ-ഹംസ. എൻ<br>എംബുക്ക് -104/14-15, | കൺവീനർ പ്രവർത്തി | 41m3 | 6.54m3 | 4056 | 3580 | 3706 | 21805 | ഫയലിൽ3999.09 രൂപ കണക്കാക്കി 4056 രൂപ അനുവദിച്ചു. |
| പ്രതീക്ഷാലയം ഇരുമ്പിളിയം<br>പ്രൊജക്ട്-225/16<br>ബിൽ നമ്പർ-644/16<br>എഗ്രിമെന്റ് -733/2-3-15<br>കൺവീനർ-അംബിക<br>എംബുക്ക് -814/14-15 | കൺവീനർ പ്രവർത്തി | 27.26m3 | | 4156 | 3580 | | 15702 | നിരക്ക് കണക്കാക്കിയ വിവരം ഫയലിൽ ലഭ്യമല്ല. |
| എടപറ്റGHS ന് അടുക്കള & കോമ്പൗണ്ട് വാൾ<br>പ്രൊജക്ട്-336/16<br>ബിൽ നമ്പർ-535/16<br>എഗ്രിമെന്റ് -697/21-2-15<br>കൺവീനർ-ബെന്നി ഡൊമിനിക്ക്<br>എംബുക്ക് -361/14-15,362/14-15 | കൺവീനർ പ്രവർത്തി | 19.2m3 | | 3580 | | | 0 | |
| GLPS മാമ്പുഴ IEO ബിൽഡിംങ്ങ്<br>പ്രൊജക്ട്-226/16<br>ബിൽ നമ്പർ-523/16<br>എഗ്രിമെന്റ് -527/5-1-15<br>കൺവീനർ-സൂസമ്മ<br>എംബുക്ക് -93/14-15, 91/14-15 | കൺവീനർ പ്രവർത്തി | 20.62 | | 4065 | 3580 | | 10001 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| GGVHSS വേങ്ങര<br>പ്രൊജക്റ്റ്-216/16<br>ബിൽ നമ്പർ-296/16<br>എഗ്രിമെന്റ് - 776/30-3-15<br>കൺവീനർ-സുരേഷ്<br>എംബുക്ക് -969/15 | കൺവീനർ പ്രവർത്തി | 40.71 | | 3580 | | | 0 | 4010 രൂപ കണക്കാക്കി സാങ്കേതിക അനുമതി വേളയിൽ3580 രൂപ അനുവദിച്ചു. |
| തിരൂർ ജില്ലാ ആശുപത്രി റൂഫ് കവറിംഗ്<br>പ്രൊജക്റ്റ്-529/16<br>ബിൽ നമ്പർ-500/27-1-16<br>എഗ്രിമെന്റ് - 677/20-2-15<br>കൺവീനർ-അഹമ്മദ് മുസ്തഫ<br>എംബുക്ക് -580/13-14,978/15-16 | കൺവീനർ പ്രവർത്തി | 4.35m3 | | 4672.39 | 3580 | | 4752 | |
| ആകെ അധികം | | | | | | | 151708 | |

ടി വിവരം കാണിച്ച് നൽകിയ 30-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് യാതൊരു മറുപടിയും ഹാജരാക്കിയില്ല, ഖണ്ഡികയിൽ കാണിച്ച തുക വ്യക്തമായ നഷ്ടമായി കണക്കാക്കുന്നു.

## 3-33 ഫോം വർക്ക് - അധികം നിരക്ക് നൽകി.₹ 400467 നഷ്ടം

മരാമത്ത് പ്രവൃത്തികളിൽ ഫോം വർക്കിന് ഉയർന്ന നിരക്ക് അനുവദിച്ച് നൽകിയത്മൂലം ₹ 400467അധികം ചെലവഴിച്ചു.

2014-15, 2015-16 വർഷത്തിൽ ജില്ലാപഞ്ചായത്തിൽ നടപ്പാക്കിയ വിവിധ പ്രവൃത്തികളിലാണ് ഉയർന്ന നിരക്ക് നൽകിയത്.

2014-15, 2015-16 വർഷത്തിൽ ജില്ലാപഞ്ചായത്തിൽ നടപ്പാക്കിയ മിക്ക പ്രവൃത്തികളിലും ഡ്രയിനേജ് സൈഡ് കോൺക്രീറ്റ്, റിടെയ്നിംഗ് വാൾ ടോപ്പ് ബെൽറ്റ് കോൺക്രീറ്റ് എന്നിവയുടെ ഫോം വർക്കിന് DSR Code 4.3.1 പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. (ഉദാ: മാത്തിൽ കോളനി റോഡ് വർക്ക് ( 884/16), കണക്കഞ്ചേരി SC കോളനി സമഗ്ര വികസനം (887/16)) എന്നാൽ ഏതാനും പ്രവൃത്തികളിൽ ഇതേ ഇനത്തിന് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്കും നൽകി കാണുന്നു.

വിശദ വിവരം താഴെ നൽകുന്നു

**1) പരലുണ്ടപ്പൊട്ടി എസ്.സി കോളനി റോഡ് ഡ്രൈനേജ് ( 474/16 )**

ടി.എസ് -EE/LSGD/MPM/RE/TS/301/14-15 Dt 25.02.2015

ചെലവ് -₹ 500000 (ബിൽ നമ്പർ 961/14-15 Dt. 30.03.2015– 200000,

ബിൽ നമ്പർ 379/15-16 Dt. 30.10.2015– 300000

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ മൊയ്തീൻ കുട്ടി )

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക്<br>(എസ്റ്റിമേറ്റ് ഇനം 4) | 133.95 | 29736.90<br>@ 222/ ച.മീ | 53377.73<br>@ 398.49 | 25059<br>(23641* 106%) |

**2) ചട്ടിപ്പറമ്പ് ആയുർവേദ ഹോസ്പിറ്റൽ റോഡ് പുനരുദ്ധാരണം (668/16)**

ടി.എസ് -EE/LSGD/MPM/TS/594/14-15 Dt 25.09.2014

ചെലവ് -₹ 995398 (ബിൽ നമ്പർ 107/15-16 Dt. 14.07.2015– 995398

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ അർഷദ് )

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 8) | 26.74 | 5936.28 @ 222/ ച.മീ | 10655.62 @ 398.49 | 5002 (4719*106%) |

**3) കരിക്കുന്ന് എസ്.സി കോളനി ഭവന സുരക്ഷ ( 491/16)**

ടി.എസ് -EE/LSGD/MPM/TS/306/14-15 Dt 17.09.2014

ചെലവ് -₹ 1000000 (ബിൽ നമ്പർ 57/15-16 Dt. 27.06.2015- 500000

ബിൽ നമ്പർ 698/14-15 Dt. 19.03.2015- 500000

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ ഗോപാലൻ )

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം 11) | 53.78 | 11939.16 @ 222/ ച.മീ | 21431.33 @ 398.50 | 10062 (9492* 106%) |

**4) പാങ്ങാട്ടുകുണ്ട് ഡ്രയിനേജ്**

ടി.എസ് -EE/LSGD/MPM/TS/208/14-15 Dt 16.09.2014

ചെലവ് -₹ 1494701 (ബിൽ നമ്പർ 615/15-16 Dt. 26.03.2016- 1494701

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ അബ്ദുൽ അസീസ് എ.കെ )

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 7) | 208.13 | 46204.86 @ 222/ ച.മീ | 82939.81 @ 398.50 | 41030 (36735 * 111.875) |

**5) ഐങ്കൂർ എസ്.സി കോളനി സംരക്ഷണം (547/16)**

ടി.എസ് -EE/LSGD/MPM/TS/82/14-15 Dt 05.09.2014

ചെലവ് -₹ 1350000 (ബിൽ നമ്പർ 68/15-16 Dt. 29.06.2015- 850000

ബിൽ നമ്പർ 694/14-15 Dt. 19.03.2015- 500000

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ അപ്പുണ്ണി )

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 9) | 244.12 | 54194.64 @ 222/ ച.മീ | 97281.82 @ 398.50 | 47880 (43087* 111.125) |

**6) പെടയന്താൾ പൊട്ടി റോഡ് ( 213/16 )**

ടി.എസ് -EE/LSGD/MPM/TS/644/14-15 Dt 27.09.2014

ചെലവ് -₹ 987530 (ബിൽ നമ്പർ 640/15-16 Dt. 30.03.2016- 487530

14-15 – 500000

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ സലീം. കെ )

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 4) | 32.75 | 7270.50 @ 222/ ച.മീ | 13050.87 @ 398.50 | 6127 (5780* 106% ) |

**7) മുത്തേൻ കുന്ന് തെയ്യോട്ട് ഹരിജൻ കോളനി അഴുക്ക്ചാൽ നിർമാണം (456/16)**

ടി.എസ് -EE/LSGD/MPM/TS/387 /14-15 Dt 18.09.2014

ചെലവ് -₹ 500000 (ബിൽ നമ്പർ 1078/14-15 Dt. 31.03.2015- 300000

ബിൽ നമ്പർ 31/15-16 Dt. 22.06.2015- 200000

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ ടി.കെ അബ്ദുല്ല.)

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 5) | 205.62 | 45647.64 @ 222/ ച.മീ | 81939.57 @ 398.50 | 38470 (36292* 106% ) |

**8) പൂർണ്ണകുന്ന് പന്തക്കൽ റോഡ് പുനരുദ്ധാരണം ( 374/16 )**

ടി.എസ് -EE/LSGD/MPM/RE/TS/ 519 /14-15 Dt 25.09.2014

ചെലവ് -₹ 1500000 (ബിൽ നമ്പർ 487/15-16 Dt. 20.01.2016- 1500000

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ ഉണ്ണീൻകുട്ടിഹാജി)

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 3) | 56 | 12432 @ 222/ ച.മീ | 22316 @ 398.50 | 11058 (9884* 111.875) |

**9) കുട്ടിക്കുന്ന് റോഡ് പുനരുദ്ധാരണം (472/16 )**

ടി.എസ് -EE/LSGD/MPM/TS/254 /14-15 Dt 16.09.2014

ചെലവ് -₹ 1000000 (ബിൽ നമ്പർ 504/15-16 Dt. 12.02.2016- 1000000

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ എ.വി ബിജു)

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 5) | 82.4 | 18292.80 @ 222/ ച.മീ | 32835.58 @ 398.49 | 15416 (14543* 106% ) |

**10) തച്ചടിപ്പറമ്പിൽ എസ്.സി കോളനി റോഡ് (546/16)**

ടി.എസ് -EE/LSGD/MPM/TS/172 /14-15 Dt 16.09.2014

ചെലവ് -₹ 997786 (ബിൽ നമ്പർ 655/14-15 Dt. 17.03.2015- 200000

ബിൽ നമ്പർ 41/15-16 Dt. 22.06.2015- 797786

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ ടി പി. ശ്രീശൻ)

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 6) | 50.5 | 11211 @ 222/ ച.മീ | 20099 @ 398 | 9421 (8888* 106%) |

**11) വിശ്വാസ് കട്ടച്ചിറ റോഡ് പുനരുദ്ധാരണം ( 163/16)**

ടി.എസ് -EE/LSGD/MPM/TS/169 /14-15 Dt 16.09.2014

ചെലവ് -₹ 967679 (ബിൽ നമ്പർ 326/15-16 Dt. 19.10.2015– 967679

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ മൻസൂർ)

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 5) | 189.4 | 42046.80 @ 222/ ച.മീ | 75475.90 @ 398.50 | 35435 (33429* 106%) |

**12) നൃകട്ട് -നായർകുളം ഡ്രൈനേജ് നിർമാണം ( 256/16)**

ടി.എസ് -EE/LSGD/MPM/TS/158 /14-15 Dt 16.09.2014

ചെലവ് -₹ 800000 (ബിൽ നമ്പർ 589/15-16 Dt. 23.03.2016– 800000

നടത്തിപ്പ് - ഗുണഭോക്തൃ കമ്മിറ്റി (കൺ. ശ്രീ ഷാജി സമീർ )

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് ച.മീ | അനുവദിക്കാവുന്നത് DSR 4.3.1 | അനുവദിച്ചത് | അധികം (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ് വാൾ കോൺക്രീറ്റിന് ഫോം വർക്ക് ( എസ്റ്റിമേറ്റ് ഇനം 4) | 254.68 | 56538.96 @ 222/ ച.മീ | 74078.77 @ 290.87 | 18592 (17540* 106% ) |

**13) വട്ടപ്പറമ്പ- വലിയകുളം റോഡ് പുനരുദ്ധാരണം ( 133/16)**

ടി.എസ് -EE/LSGD/MPM/TS/575 /14-15 Dt 25.09.2014

ചെലവ് -₹ 958565 (ബിൽ നമ്പർ 675/14-15 Dt. 19.03.2015– 500000

